Aikyadeepam
ഫെബ്രുവരി 2016

# ഐക്യദീപം

Since 1976 വില ₹ 10






## സന്ധ്യാനേരം നിന്നോടൊത്ത്

## ത്രിസന്ധ്യ പ്രാർത്ഥനയും വി.ഗ്രന്ഥവായനയും

## നോമ്പ് ഉപേക്ഷിക്കാൻ പഠിപ്പിക്കുന്നു

## പ്രാർത്ഥനയിൽ നിലനില്ക്കുന്ന കുടുംബം–വേദപുസ്തകത്തിൽ

Caritas INDIA
*The Joy of Service...*

# ആശാകിരണം

## ക്യാൻസർ സുരക്ഷാ യജ്ഞം

തിരിച്ചറിഞ്ഞ്
തിരിച്ചുവരാം

# കാൻസർ സുരക്ഷാ സമ്മാനകൂപ്പൺ പദ്ധതി

വിതരണോദ്ഘാടനം
2016
ഫെബ്രുവരി 4
ലോകകാൻസർ ദിനം



നറുക്കെടുപ്പ്
2017
ഫെബ്രുവരി 4
ലോകകാൻസർ ദിനം



**ഒന്നാം സമ്മാനം - ലാപ്ടോപ്പ്**



**രണ്ടാം സമ്മാനം - വാഷിംഗ് മെഷിൻ**



**മൂന്നാം സമ്മാനം - സ്വർണ്ണനാണയം**

കാൻസർരഹിത ലോകത്തിനായ് ബോധനയ്ക്കൊപ്പം അണിചേരാം


## ബോധന

തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി
പുഷ്പഗിരി റോഡ്, തുകലശ്ശേരി, തിരുവല്ല – 1
Ph: 0469 2730561, 2606063
e-mail : bodhanatiruvalla@gmail.com, web: www.bodhanatiruvalla.org



# എഡിറ്റോറിയൽ editorial

സായംസന്ധ്യ ഒരു രാത്രിയാകും മുമ്പെ കാറ്റ് അതിന്റെ അവസാന ശീൽക്കാരവും ഭൂമിയ്ക്ക് നല്കിക്കഴിഞ്ഞിരുന്നു. എന്നിട്ടും ഒരില മാത്രം പൊഴിയാതെ കാത്തുനിന്നു! അകലെ ഒരു പ്രഭാതം വിരിയുന്നതും കാത്ത്. അതേ, പ്രാർത്ഥന എന്നത് ജീവിതത്തിന്റെ പൊഴിയാത്ത ഇലയാണ്. കാത്തിരുന്നാൽ ആ ഇലയിൽ നിന്നും ഒരു വസന്തം വിരിയും. പ്രാർത്ഥനയുടെ ജപമണികൾ പൊഴിക്കുന്ന ഭവനവും ഒരു വസന്തംകണക്കേ സൗരഭ്യം പരത്തും.

ഒരുമിച്ച് പ്രാർത്ഥിക്കുക, ഒരുമിച്ചു ഭക്ഷിക്കുക, ഒരുമിച്ച് ഉറങ്ങുക എന്നത് ഒരു നല്ല കുടുംബത്തിന്റെ ലക്ഷണമാണ്. എന്നാൽ ഇന്ന് ഈ സംസ്ക്കാരം നമ്മുടെ ഭവനങ്ങളെ വിട്ടുപിരിഞ്ഞിരിക്കുന്നു എന്ന് നാം വേദയോടെ തന്നെ തിരിച്ചറിയേണ്ട യാഥാർത്ഥ്യമാണ്. നാമം ജപിച്ചും കുരിശുവരച്ചും കടന്നുപോയ സന്ധ്യകൾ ഓർമ്മകളിൽ മാത്രം ബാക്കിനില്ക്കുന്നത്ര ഭീകരമായ ഒരു വേദന. അലച്ചിലുകളും ആകുലതകളും തകർത്ത മൺകൂടാരങ്ങൾ പ്രാർത്ഥനയുടെ ആകാശഗോപുരങ്ങൾ സൃഷ്ടിച്ചിരുന്ന കാലത്ത് സമാധാനവും സ്നേഹവും നന്മയും ഇവിടെ പുഴപോലെ ഒഴുകിയിരുന്നു. നമ്മുടെ കുടുംബ പ്രാർത്ഥനകൾ ആരൊക്കെയോ മോഷ്ടിച്ചിരിക്കുന്നു. ചെറുതാക്കുവാനും വേണ്ടായെന്നുവയ്ക്കുവാനും നമുക്കിന്ന് പ്രാർത്ഥനയേ ഉള്ളൂ എന്നത് പുറത്തുപറയാനാവാത്ത സത്യമാണ്. അഹംഭാവംവെടിഞ്ഞ് കൈകൾ കൂപ്പുവാനും മനസ്സറിഞ്ഞ് അന്നംവിളമ്പുവാനും സ്നേഹവും ചൂടും പകർന്ന് ഒന്നിച്ചുറങ്ങുവാനും നമ്മുടെ കുടുംബങ്ങൾക്കു സാധിക്കട്ടെ.

കാലങ്ങൾ മാഞ്ഞു മറഞ്ഞു തീരുമ്പോഴും ഇവിടെ ഒരിലമാത്രം കാത്തുനിൽക്കും. പിന്നെ, ഋതുഭേദങ്ങൾക്ക് വഴിമാറി കാലചക്രം തിരിഞ്ഞുതീരുമ്പോഴേയ്ക്കും ഒരു വല്മീകമായി ഞാൻ തീർന്നിട്ടുണ്ടാകും...... നിന്നെ മാത്രം ധ്യാനിച്ച് പ്രാർത്ഥിച്ച്. നോമ്പ് ക്ഷണിക്കുന്നത് ഒരു വല്മീകമായി മാറുവാനാണ്. ദൈവം എന്ന നന്മയിൽ മൂടപ്പെടുന്ന ഒരു പുണ്യകാലം ഏവർക്കും ആശംസിക്കുന്നു.



# ഐക്യദീപം
Aikyadeepam

2016 ഫെബ്രുവരി പുസ്തകം 46 ലക്കം 12



രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ
കൂറിലോസ് മെത്രാപ്പോലീത്താ

സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

ചീഫ് എഡിറ്റർ
ഫാ. വർഗ്ഗീസ് ചാമക്കാലായിൽ

പ്രസാധകൻ
തോമസ് കൊടിനാട്ടുകുന്നേൽ
കോർ എപ്പിസ്ക്കോപ്പാ

ഓഫീസ് സ്റ്റാഫ്
എബിൻ തോമസ്

ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. എബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ


## ഉള്ളടക്കം


06 സന്ധ്യാനേരം നിന്നോടൊത്ത്
സി. എലൈസ് മേരി ചോറ്റാനിയിൽ FCC

11 പ്രാർത്ഥനയിൽ നിലനിൽക്കുന്ന കുടുംബം വേദപുസ്തകത്തിൽ
ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി

14 ത്രിസന്ധ്യാ പ്രാർത്ഥനയും വി. ഗ്രന്ഥവായനയും

21 നോമ്പ് : ഉപേക്ഷിക്കുവാൻ പഠിപ്പിക്കുന്നു
ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

സ്ഥിരം പംക്തികൾ
എഡിറ്റോറിയൽ
ഇടയശബ്ദം
പ്രബോധനം
അമ്മ മനസ്സ്
ഉള്ളതുപറഞ്ഞാൽ
കുടുംബവേദി
SHAPE YOUR GOALS
ആരോഗ്യം





Printing at: Dona Offset, Kottayam

Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750


Bank Details :
Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by :
Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex , Kacheripady, Tiruvalla-1. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

## ഇടയശബ്ദം

**മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്**
**മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്**





# നോമ്പ്: മൗന മനനങ്ങളുടെ തപസ്സ് കാലം – നല്ല കുമ്പസാരത്തിന്റെയും

കരുണയുടെ വർഷത്തിലെ നോമ്പുകാലത്തേക്ക് നാം പ്രവേശിക്കുന്നു. പ്രതീക്ഷയും ആനന്ദവും പ്രദാനം ചെയ്യുന്ന ഈ മനോഹര ദിനങ്ങൾ നമുക്ക് ഉത്സാഹത്തോടെ ആചരിക്കാം. "നിങ്ങളറിയാത്ത ഭക്ഷണം എനിക്കുണ്ട്" എന്നു പറഞ്ഞ നാഥൻ നമുക്കു കാട്ടിത്തന്ന ദിവ്യഭക്ഷണമാണ് ഈ നോമ്പുകാലത്തു നമുക്കു കരുത്തു നൽകുന്ന പോഷണം. നമ്മുക്കറിയാം അതു അടുക്കളയിൽ പാകം ചെയ്തതോ ഫാസ്റ്റ് ഫുഡ് കടയിൽ നിന്നും വാങ്ങുന്നതോ അല്ല. അതു നമ്മുടെ ജീവന്റെ ജീവനാണ്. ആ ഭക്ഷണമാണ് നമ്മുടെ കർത്താവിനോടടുത്തുള്ള സഹവാസം. ഉപവാസം - അടുത്തു വസിക്കുക എന്നർത്ഥം; അതാണ് നാം ആചരിക്കുന്നത്. അന്യസ്ഥലത്ത് ആയിരം ദിനങ്ങളേക്കാൾ യഹോവയുടെ പ്രാകാരത്തിൽ ഒരു ദിവസം ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു എന്ന സങ്കീർത്തന വചനം സൂചിപ്പിക്കുന്നത് ഉപവാസത്തെത്തന്നെ.

മറിയം നല്ല പങ്ക് തെരഞ്ഞെടുത്തു എന്ന് ഗുരു മറിയത്തോടു പറഞ്ഞപ്പോൾ നമുക്കു മനസിലായോ അതിന്റെ പൊരുൾ? കൊടുക്കുന്നതിലോ വാങ്ങുന്നതിലോ ഉപരി സാന്നിദ്ധ്യത്തിൽ ആണ് എന്ന് നമുക്ക് ആരും പറഞ്ഞു തരേണ്ടതില്ലല്ലോ. ദൈവപിതാവിന്റെ മുഖമാണ് തന്റേതെന്നു യേശുകർത്താവ് ശിഷ്യരെ പഠിപ്പിച്ചു. എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു. യേശു കർത്താവ് ആ മുഖം നമുക്ക് പരിചയപ്പെടുത്തിത്തന്നു. നമുക്ക് ആ മുഖം ധ്യാനിക്കാം. ഏതൊരു പ്രതിസന്ധിയിലും ആ മുഖം നമുക്ക് ആവേശമാണ്. പിതാവിന്റെ കരുണയുടെ മുഖമാണ് യേശുനാഥൻ എന്ന് നമ്മെ പരി. പിതാവ് ഫ്രാൻസിസ് പാപ്പാ പഠിപ്പിച്ചു. ആ മുഖത്തു നോക്കിയാൽ നമ്മുടെ ക്ഷീണം മാറും. ആ മുഖത്ത് എഴുതപ്പെടുന്ന സ്നേഹചിത്രം നമുക്ക് പ്രത്യാശ തരും. കോമളത്തമുള്ള മുഖം നാം വിരൂപമാക്കി. എങ്കിലും അവിടുന്ന് പരിഭവമില്ലാതെ നമ്മെ നോക്കുന്നു. പത്രോസിനെ മാനസാന്തരപ്പെടുത്തുവാൻ ആ നോട്ടത്തിനു കഴിഞ്ഞു; സമരിയാക്കാരി സ്ത്രീക്കു തന്റെ ജീവിതം ചുരുളഴിക്കുവാൻ ആ കണ്ണുകളിലെ സ്നേഹം മതിയായിരുന്നു.

നോമ്പിൽ നാം ചെയ്യേണ്ടത് മൗനം പാലിക്കുക എന്നതാണ്. മൗനം വേണമെങ്കിൽ ഉള്ളിലെ പെരുമ്പറക്കൊട്ടുകൾ ബോധപൂർവ്വം ശമിപ്പിക്കണം. ബാഹ്യമായ സ്വാധീനങ്ങൾ പരമാവധി നിയന്ത്രണത്തിൽ കൊണ്ടുവരണം. സർവ്വോപരി ദൈവത്തിലുള്ള ശക്തമായ ആശ്രയബോധം ഭരിക്കണം. നമ്മുടെ നാട് മുനി

(ശേഷം 27-ാം പേജിൽ)

cover story



# സന്ധ്യാനേരം നിന്നോടൊത്ത്...



**സി. എലൈസ് മേരി ചോറ്റാനിയിൽ FCC**

(അരികെ, നമ്മൾ തുടങ്ങിയ പുസ്തകങ്ങളുടെ രചയിതാവ്, അദ്ധ്യാപിക)

ഒരു ട്രെയിൻ യാത്രയിലായിരുന്നു പ്രശസ്ത ശാസ്ത്രജ്ഞൻ ലൂയി പാസ്റ്റർ. മറ്റൊന്നും ശ്രദ്ധിക്കാതെ അദ്ദേഹം പ്രാർഥനയിൽ മുഴുകിയിരിക്കയായിരുന്നു. ഹൃദയത്തെ ദൈവത്തിലേക്കുയർത്താൻ സ്ഥലവും സമയവുമൊന്നും നോക്കേണ്ട കാര്യമില്ലല്ലൊ. എന്നാൽ സഹയാത്രികരായ കുറെ ചെറുപ്പക്കാർക്ക് ഇതു കണ്ടപ്പോൾ പുച്ഛമാണ് തോന്നിയത്. പ്രാർഥനയുടെ മൂല്യമോ ആവശ്യകതയോ മനസ്സിലാക്കാത്ത അവർ അദ്ദേഹത്തെ കളിയാക്കി സംസാരിക്കാൻ തുടങ്ങി.

‘ആധുനിക യുഗത്തിലും താങ്കൾ ഈശ്വരനിൽ വിശ്വസിക്കുന്നോ? ശാസ്ത്രീയമായ അറിവുണ്ടായിരുന്നെങ്കിൽ താങ്കൾ ഒരിക്കലും ഇങ്ങനെയുള്ള വിശ്വാസങ്ങൾ പുലർത്തില്ലായിരുന്നു. അഡ്രസ് തരികയാണെങ്കിൽ ശാസ്ത്രം പഠിക്കാൻ പറ്റിയ കുറച്ചു പുസ്തകങ്ങൾ അയച്ചുതരാം...’ ഇങ്ങനെ പോയി ആ യുവാക്കളുടെ പരിഹാസം. എന്തായാലും അവരുടെ സംസാരം ഒട്ടൊന്നടങ്ങിയപ്പോൾ അദ്ദേഹം ഒരു ചെറുപുഞ്ചിരിയോടെ തന്റെ അഡ്രസ് കാർഡ് അവർക്കു നേരെ നീട്ടി. കാർഡിലെ പേരും അഡ്രസ്സും വായിച്ചപ്പോഴാണ് തങ്ങൾക്കു പറ്റിയ അബദ്ധം അവർ തിരിച്ചറിഞ്ഞത്. മുമ്പ് കണ്ടിട്ടില്ലെങ്കിലും ലൂയിപാസ്റ്റർ ആരെന്ന് ആ ചെറുപ്പക്കാർക്ക് കേട്ടറിവുണ്ടായിരുന്നു.

യുവജനങ്ങളോടും അഭ്യസ്തവിദ്യരോടുമൊക്കെ സംസാരിക്കുമ്പോൾ പരിമിതികൾക്കതീതമായി ദൃഢ കാന്തി പ്രസരിപ്പിക്കുന്ന മനുഷ്യരുണ്ടാകുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാൻ പലപ്പോഴും ഈ സംഭവം പങ്കുവെക്കാറുണ്ട്. പൊതുവേ നമ്മുടെ മനോഭാവവും ആ യുവാക്കളുടേതിൽനിന്നു വ്യത്യസ്തമാണെന്നു പറയാനാവില്ല. പ്രാർഥനയും ദൈവവിശ്വാസവുമൊക്കെ എന്തോ വില കുറഞ്ഞ ഏർപ്പാടായിട്ടാണ് നമ്മൾ ധരിച്ചുവെച്ചിരിക്കുന്നത്. വ്യക്തിപരമായ ജീവിതത്തിലും നമ്മൾ ജീവിക്കുന്ന പരിസരങ്ങളിലുമൊക്കെ പ്രാർഥനയ്ക്ക് എന്തു സ്ഥാനം നൽകുന്നുണ്ടെന്ന് ശ്രദ്ധിച്ചാൽ ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ.

വാസ്തവത്തിൽ ജീവിതം കരുതിവെച്ചിട്ടുള്ള ജനങ്ങളിൽ ഹൃദയമർപ്പിച്ച് മുന്നേറാൻ മനുഷ്യർക്ക് കരുത്തു പകരുന്നത് ഉത്തമമായ ദൈവവിശ്വാസവും പ്രാർഥനയുമാണ്. കാരണം നമ്മൾ കരുതുന്നതുപോലെ ജീവിതം ഒരു 'റെഡി ടു കുക്ക്' മിശ്രിതമൊന്നുമല്ല. ചെറുതും വലുതുമായ എത്രയോ അനുഭവങ്ങളിലൂടെ രൂപപ്പെട്ടു വരുന്നയൊന്നാണത്. അവിടെയാണ് പ്രാർഥനാജീവിതത്തിന്റെ പ്രാധാന്യം തിരിച്ചറിയേണ്ടത്. ഒന്നോർത്താൽ ജീവിതാനുഭവങ്ങളുടെ നിഗൂഢത ഉചിതമായ രീതിയിൽ വായിച്ചെടുക്കാൻ പ്രാർഥനപോലെ ഇത്രയും ഫലപ്രദമായ വേറൊരു മാർഗമുണ്ടെന്നു തോന്നുന്നില്ല. ഏറ്റവും നല്ല മാതൃക ക്രിസ്തുതന്നെയാണ്. നാല്പതുനാൾ മരുഭൂമിയുടെ ഏകാന്തതയിൽ ഉപവാസവും പ്രാർഥനയുമായി കഴിഞ്ഞതിനു ശേഷമാണ് അവൻ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിയത്. പുലർച്ചയിലും സായംസന്ധ്യയിലും കടലോരത്തും മലമുകളിലും പ്രാർഥിച്ചിരുന്ന അവൻ തന്റെ സഹനരാവിലും രക്തം വിയർക്കുവോളം പ്രാർഥിച്ചു. അതുകൊണ്ടാണല്ലോ കുരിശിൽ അത്ര ശാന്തമായി തന്റെ നിയോഗം പൂർത്തിയാക്കാൻ അവനു സാധിച്ചത്. ഇടർച്ചയോ പ്രയാസമോ നേരിടുമ്പോൾപോലും ആകുലതയോ ഉത്കണ്ഠയോ ഒന്നുമില്ലാതെ ഒരു ചെറുപുഞ്ചിരിയോടെ ജീവിക്കുന്നവരെ കണ്ടിട്ടില്ലേ. ജീവിതത്തെ പ്രത്യാശയോടെ നേരിടാനുള്ള ബലം അവർക്ക് ഉണ്ടാകുന്നതെങ്ങനെയെന്ന് ചിന്തിച്ചിട്ടുണ്ടോ. ഏതെല്ലാം അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വന്നാലും ദൈവത്തെ തങ്ങളുടെ കൂടെയുള്ള ഒരാളായി കണ്ടെത്തിയെന്നതാണ് അവരുടെ വിജയം.

കുറച്ചുനാൾ മുമ്പ് ഒരു വീഡിയോ കണ്ടതോർമിക്കുന്നു. "Jesus is always with us' ചിത്രത്തിന്റെ പേരതാണ്. നമ്മുടെ ജീവിതത്തിന്റെ തികച്ചും സാധാരണമായ അനുഭവങ്ങളിൽപോലും ക്രിസ്തു കൂടെയുണ്ട് എന്നൊരു സന്ദേശമാണ് ആ ചിത്രം കൈമാറുന്നത്.

നഗരത്തിലെ മാലിന്യം നീക്കുന്നവരോടൊത്ത്, രാവിലെ നടക്കാനിറങ്ങുന്ന സ്ത്രീയോടും പുരുഷനോടുമൊപ്പം, വിവാഹിതരായി പുറത്തിറങ്ങിയ നവവധൂവരന്മാർക്കിടയിൽ, ഓഫീസിലെ നിലം തുടച്ച് ക്ഷീണിച്ചു നിൽക്കുന്ന സ്ത്രീയുടെ ചാരത്ത്, അടുക്കളയിൽ ജോലി ചെയ്ത് തളർന്ന വീട്ടമ്മയ്ക്ക് ആശ്വാസമായി, ആത്മഹത്യ ചെയ്യാൻ നദീതീരത്തേക്ക് പോയ പെൺകുട്ടിയെ അതിൽനിന്നു പിന്തിരിപ്പിക്കാൻ... അങ്ങനെയങ്ങനെ മനഷ്യന്റെ എല്ലാ ജീവിതാനുഭവങ്ങളിലും സാന്ത്വനമായി കൂടെവരുന്ന ക്രിസ്തു. ചിത്രം കണ്ടു കഴിഞ്ഞപ്പോൾ തോന്നിയതിതാണ്. ഇത്തരത്തിലുള്ള ലളിതമായ വിശ്വാസം നഷ്ടപ്പെട്ടതാണ് ഇന്നത്തെ പ്രശ്നങ്ങൾക്കു കാരണം.

നമ്മുടെ രോഗത്തിൽ, ശാരീരികവും മാനസികവുമായ അലച്ചിലുകളിൽ, നിശ്ശബ്ദ സഹനങ്ങളിൽ, സന്തോഷങ്ങളിൽ, വിജയങ്ങളിൽ ഒക്കെ അവൻ കൂടെയുണ്ട് എന്നൊരു ബോധവും ബോധ്യവും

**നാല്പതുനാൾ മരുഭൂമിയുടെ ഏകാന്തതയിൽ ഉപവാസവും പ്രാർഥനയുമായി കഴിഞ്ഞതിനു ശേഷമാണ് അവൻ ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിയത്. പുലർച്ചയിലും സായംസന്ധ്യയിലും കടലോരത്തും മലമുകളിലും പ്രാർഥിച്ചിരുന്ന അവൻ തന്റെ സഹനരാവിലും രക്തം വിയർക്കുവോളം പ്രാർഥിച്ചു.**



ഉണ്ടായാൽ എത്ര മനോഹരമായിരിക്കും നമ്മുടെ ജീവിതം. പിന്നെ ഒന്നും നമ്മളെ തളർത്തുകയോ ഭയപ്പെടുത്തുകയോ ചെയ്യില്ല. എന്തായാലും ശരിയായ ജീവിതവീക്ഷണം ഒരു വ്യക്തിയിൽ രൂപപ്പെടുത്തുന്നത് ദൈവവുമായുള്ള ദൃഢബന്ധമാണെന്ന് പറയാം.

ജീവിതയാത്രയിൽ നാം മനസ്സിലാക്കേണ്ടതും എന്നാൽ പലപ്പോഴും വേണ്ടത്ര ഗൗരവത്തിൽ എടുക്കാത്തതുമായ ഒരു കാര്യവും ഇതുതന്നെയാണെന്നു തോന്നുന്നു. ഇതിലൊരു മനഃശാസ്ത്രവശം കൂടിയുണ്ടെന്നത് നിഷേധിക്കാനാവില്ല. ചാരി നിൽക്കാൻ ശക്തമായൊരു താങ്ങ് എല്ലാവർക്കും ആവശ്യമുണ്ട്. കാരണം 'സുഖമൊരു ദുഃഖം കൂടാതെ കണ്ടൊരുവനുമുണ്ടോ' എന്ന് ഭാഗവത കീർത്തനത്തിൽ ചോദിക്കുന്നതുതന്നെയാണ് പലപ്പോഴും ജീവിതം. ഏതു മേഖലയിലായാലും ഉയരങ്ങളിലെത്തിയവരോടു ചോദിക്കൂ. എങ്ങനെയാണ് അവരോരോരുത്തരും ഉന്നതങ്ങളിലെത്തിയതെന്ന്. കഠിനാനുഭവങ്ങളുടെ ഓരോരോ ഇടർച്ചക്കല്ലുകളിൽ തട്ടി നൂറുനൂറായിരം കഷണങ്ങളായി ചിതറേണ്ടിയിരുന്ന ജീവിതം അങ്ങനെയാകാതിരുന്നതിന് ഒരൊറ്റ കാരണമേയുള്ളൂവെന്ന് അവരൊക്കെയും മറുപടി പറയും. സങ്കടനിമിഷങ്ങളിൽ സാന്ത്വനമായി മാറിയ ദൈവത്തിന്റെ സാന്നിധ്യത്തെക്കുറിച്ചുള്ള അവബോധമാണത്.

ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ, അവൻ ധാരാളം ഫലം പുറപ്പെടുവിക്കും എന്ന് ക്രിസ്തു പറഞ്ഞതിന്റെ പ്രാക്ടിക്കൽ വശം ഇതാണെന്നു തോന്നുന്നു. എന്നുവെച്ചാൽ ഒരു വ്യക്തിയെ വിജയത്തിലേക്കും പരമമായ ശാന്തിയിലേക്കും നയിക്കുന്നത് ക്രിസ്തുവെന്ന തായ്ത്തടിയോടുള്ള ബന്ധമാണ്. ശരിക്കും ഒരാൾ മനുഷ്യനാകുന്നതുപോലും അങ്ങനെയാണ്. ശാഖകൾ വാടുകയോ കായ്ഫലം കുറയുകയോ ചെയ്യുന്നുണ്ടെങ്കിൽ ഓർമിച്ചോളൂ, തായ്ത്തടിയിലെ ജീവരസം ശാഖകളിലേക്കെത്തുന്നില്ല. ചുവടു കിളച്ച് വളമിടുകയോ കൂടുതൽ കായ്ക്കാൻ വെട്ടിയൊരുക്കുകയോ ചെയ്യേണ്ടതുണ്ട്. ഈ പ്രക്രിയയാണ് പ്രാർഥന.

ഉറക്കം കെടുത്തിയിരുന്ന ചില അനുഭവങ്ങളെ കരഞ്ഞും വിലപിച്ചും നേരിട്ടിരുന്ന ഒരു ചങ്ങാതിയുണ്ടായിരുന്നു. മറ്റുള്ളവരാണ് തന്റെ പരാജയത്തിന് ഹേതുവെന്ന് അയാൾ വിശ്വസിച്ചിരുന്നു. എന്നാൽ സങ്കടങ്ങൾക്കിടയിലും ക്രിസ്തുവിലേക്ക് നോക്കാൻ ശ്രമിച്ചിരുന്ന അയാൾ ദീർഘമായ കാലയളവിനു ശേഷമാണെങ്കിലും ഒരുനാൾ സ്വസ്ഥനായി. കുറെയധികം കാലമായി തന്റേതായ രീതിയിൽ പ്രതിരോധങ്ങൾ തീർത്തിരുന്ന അയാൾ തികച്ചും മറ്റൊരാളായി മാറി. പ്രാർഥന ജീവിതഗന്ധിയാകണം എന്നു പറയുന്നതുതന്നെ കാര്യം. "ഞാൻ കർത്താവിനെ തേടി, അവിടുന്ന് എനിക്കുത്തരമരുളി; സർവഭയങ്ങളിലുംനിന്ന് അവിടുന്ന് എന്നെ മോചിപ്പിച്ചു" (സങ്കീ 34:4) എന്നുള്ള വിശ്വാസവും അതു നൽകുന്ന ശക്തിയും അതുല്യമെന്നുതന്നെ പറയണം. നമ്മുടെ കുറവുകളെ നിറവുകളാക്കാനും ധൈര്യവും ശാന്തിയും നിറഞ്ഞ ജീവിതമുണ്ടാകാനും ഇതാവശ്യം തന്നെ. മുങ്ങിത്താഴുന്നവന് കച്ചിത്തുരുമ്പ് എന്നതുപോലെ തങ്ങളുടെ അതിജീവനസാധ്യതയെ വർധിപ്പിച്ചുകൊണ്ട് എത്തിപ്പിടിക്കുന്ന ദൈവത്തിന്റെ കൈത്തലം ആരുടെ ജീവിതത്തിലാണില്ലാത്തത്.

ഒരു കാര്യം ശരിയാണ്. ജീവിതത്തിന്റെ സജീവത അനുഭവിക്കാൻ ഒരാൾക്ക് അഗാധമായ പ്രാർഥ



## സന്തോഷത്തിന് 10 വഴികൾ

**ഫ്രാൻസിസ് മാർപാപ്പാ**

1. ജീവിക്കുക, ജീവിക്കുവാൻ അനുവദിക്കുക.
2. മറ്റുള്ളവർക്ക് നിങ്ങളെത്തന്നെ കൊടുക്കുക.
3. ജീവിതം ശാന്തമായി മുന്നോട്ട് കൊണ്ടുപോകുക.
4. ആരോഗ്യകരമായ വിശ്രമബോധം ഉണ്ടാവുക.
5. ഞായറാഴ്ചകൾ ഒഴിവുദിനങ്ങളാകുക.
6. യുവജനങ്ങൾ, മഹത്വമുള്ള ജോലികൾക്കായി – കുടുംബത്തോടൊപ്പം ചെലവഴിക്കുക.
7. പ്രകൃതിയെ ആദരിക്കുകയും അതിനെ സംരക്ഷിക്കുകയും ചെയ്യുക.
8. നിഷേധാത്മകത അവസാനിപ്പിക്കുക.
9. ഒന്നും അടിച്ചേൽപ്പിക്കരുത് – മറ്റുള്ളവരുടെ ബോദ്ധ്യങ്ങൾ, വിശ്വാസങ്ങൾ ആദരിക്കുക.
10. സമാധാനമായി പ്രവർത്തിക്കുക.

നാജീവിതം കൂടിയേ കഴിയൂ. നിസ്സാരമെന്ന് നമ്മൾ കരുതിയാൽപോലും (അതങ്ങനെയല്ലെങ്കിലും) അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾക്കും പ്രശ്നങ്ങൾക്കുമപ്പുറം അവനവന്റെ സാധ്യതകളുടെ ജാലകങ്ങൾ ഒന്നൊന്നായി തുറന്നു തരാൻ ഇത്രമാത്രം സഹായിക്കുന്ന മറ്റൊന്നും ലോകത്തിലുണ്ടെന്നു തോന്നുന്നില്ല. ദൈവസാന്നിധ്യത്തിലേക്കും ദൈവികവ്യാപാരത്തിലേക്കും നമ്മുടെ മനസ്സിനെ ഉയർത്തുമ്പോഴാണ് ജീവിതത്തെ പ്രസാദാത്മകമാക്കുന്ന സർഗാത്മക കർമങ്ങളിൽ കൂടുതൽ കൂടുതൽ ആത്മവിശ്വാസത്തോടെ ഏർപ്പെടാനാവുകയെന്ന് ആർക്കാണറിയാത്തത്. ജീവിതത്തിന്റെതന്നെ ഭാഗമായ പരാജയങ്ങളുടെയും വേദനയുടെയും ദുരിതമുഖങ്ങളെല്ലാം പ്രത്യാശയുടെ നറുനിലാവുകൊണ്ട് പ്രകാശമാനമാകുന്നത് അപ്പോഴാണ്.

ലോകപ്രശസ്ത ചിത്രകാരൻ ക്ലേറ്റനെക്കുറിച്ച് വായിച്ചതോർക്കുന്നു. ഒരപകടത്തിൽ കഴുത്തിനു താഴെയുള്ള ഭാഗം ചലനരഹിതമായി കിടക്കയിൽ കിടന്ന ക്ലേറ്റനോട്, 'എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും' എന്നു പറഞ്ഞുകൊണ്ട് പതുക്കെ പതുക്കെ ചിത്രം വരയ്ക്കാൻ തുടങ്ങണമെന്ന് അദ്ദേഹത്തിന്റെ സുഹൃത്ത് ഉപദേശിച്ചു. ആ വരികൾ ആവർത്തിച്ച് ഉരുവിടുന്നതിനൊപ്പം ബ്രഷ് കടിച്ചുപിടിച്ച് കണ്ണീരോടെ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങിയ അദ്ദേഹമാണ് പില്ക്കാലത്ത് ലോകത്തെ അത്ഭുതപ്പെടുത്തിയ ചിത്രകാരനായി മാറിയത്.

ചുരുക്കമിത്രയേയുള്ളൂ. ദൈവവിശ്വാസവും പ്രാർഥനയുമൊക്കെ അനുദിന ജീവിതത്തിൽ ജീവശ്വാസംപോലെ മനുഷ്യന് ആവശ്യമുള്ള കാര്യങ്ങളാണ്. കാരണം നമ്മുടെ ശക്തിയും പ്രത്യാശയും ചോർത്തിക്കളയുന്ന നിരവധി അനുഭവങ്ങളെ നേരിടേണ്ടി വരുമ്പോഴും തളരാതെ മനസ്സിനെ ഉജ്ജ്വലിപ്പിക്കുന്ന കുറുക്കുവഴിയാണത്. ഞാൻ പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ എന്ന് ക്രിസ്തു പറയുന്ന തരത്തിലേക്ക് വളർന്നുയരാൻ സഹായിക്കുന്ന കുറുക്കുവഴി. പാഴ്ജന്മങ്ങളെന്നു കരുതുന്ന പലരെയും പവിഴങ്ങളാക്കുന്ന വിജയമന്ത്രമാണത്. ദുർബലർക്ക് ബലവും നിശ്ശബ്ദർക്കു ശബ്ദവും ഉണ്ടാകുന്നതങ്ങനെയാണ്. ദുരിതങ്ങളും ഇല്ലായ്മകളും മായാത്തവിധം അടയാളമിട്ട ജീവിതങ്ങളും തോൽവിയിലൂടെ കടന്നുപോകുന്നവരുമൊക്കെ ഒടുവിൽ വിജയിക്കുന്നത് ഇത്തരം ചില നിയോഗങ്ങൾ തിരിച്ചറിയുന്നതുകൊണ്ടാണ്.

എന്നാൽ ഒന്നോർമിക്കുക. പ്രാർഥനയെന്നു പറയുമ്പോൾ ഉയരങ്ങളിലിരിക്കുന്ന ദൈവത്തോട് നമ്മുടെ ആവശ്യങ്ങൾ പറയുകയാണെന്ന് ആരും കരുതേണ്ട. അതിലുപരി ഏറ്റവും അടുപ്പമുള്ള ഒരു കൂട്ടുകാരനോടോ കൂട്ടുകാരിയോടോ എന്ന വിധം ദൈവത്തോട് സ്വന്തം സന്തോഷങ്ങളും വേദനകളും വിജയങ്ങളും പരാജയങ്ങളുമൊക്കെ നിഷ്കളങ്കമായി പങ്കുവയ്ക്കുന്ന അനർഘനിമിഷങ്ങളാണത്. ഒപ്പം ഒരാൾ തന്നെത്തന്നെ കണ്ടെത്തുന്ന ശുഭമുഹൂർത്തം കൂടിയാണതെന്ന് പറയാം. നമ്മുടെ മനസ്സിലൂടെ, അനുഭവങ്ങളിലൂടെ ദൈവത്തോടൊത്ത് സഞ്ചരിക്കുമ്പോൾ അതാണ് സംഭവിക്കുന്നത്. അതുകൊണ്ടുതന്നെ ദൈവചൈതന്യവും ആത്മചൈതന്യവും ഒന്നാകുന്ന ആ മനോഹരനിമിഷങ്ങളിൽ നമ്മുടെ നിസ്സഹായതകളും നിസ്സാരതകളുമൊക്കെ പോസിറ്റീവ് എനർജിയായി പരിണമിക്കുന്നുണ്ട്. അങ്ങനെയാണ് ഒരാളുടെ ജീവിതത്തിൽ ക്രിയാത്മകമായ മാറ്റങ്ങൾ കൊണ്ടുവരുന്ന ഒന്നായി പ്രാർഥന മാറുന്നത്. ഒന്നോർക്കണം. സത്യസന്ധമായ ഒരു നെടുവീർപ്പുപോലും പ്രാർഥനയായി മാറാം.

ആധ്യാത്മികതയെന്നു പറയുന്നതും ഇതുതന്നെയാണ്. ജീവിതവഴികളിൽ കൂടെയുള്ള ദൈവത്തെ തിരിച്ചറിയുക. ആ ദൈവത്തിന്റെ കൂട്ട് അനുഭവിച്ചറിഞ്ഞ് കരുത്തോടെ ജീവിക്കുക. തീക്കട്ടയോടു ചേർന്നിരിക്കുന്ന കരിക്കട്ട തീക്കട്ടയായി മാറുന്നതുപോലൊരു മാറ്റമാണ് അപ്പോൾ വ്യക്തിയിൽ സംഭവിക്കുക. ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ എന്ന ഗുരുമൊഴികൾക്കിണങ്ങിയ വിധം ജീവിതത്തെ രൂപാന്തരപ്പെടുത്തുമ്പോഴാണ് നൂറും അറുപതുംമേനി വിളവു നൽകുന്ന ഒന്നായി ജീവിതം പരുവപ്പെടുന്നത്.

**പ്രാർഥിക്കുന്നയാളിൽ എന്തെങ്കിലും മാറ്റം സംഭവിക്കണമെങ്കിൽ നാവുകൊണ്ടു മാത്രമല്ല ഹൃദയം കൊണ്ടുകൂടിയാകണമത്. എങ്കിലേ നമ്മുടെ ഉള്ളിലെ നന്മയുടെ വെളിച്ചത്തെ കണ്ടെത്താനും ശരിയായ രീതിയിൽ അത് പ്രകാശിപ്പിക്കാനും തക്കവിധം മനസ്സ് ശുദ്ധമാവുകയുള്ളൂ.**



എന്നാൽ ഒന്നുണ്ട്. ഓരോ നിമിഷവും കൂടെയുള്ള ദൈവത്തെ അറിയാനും അനുഭവിക്കാനും ദൈവത്തോടുള്ള ഒരു കീഴടങ്ങൽ സ്വന്തം മനസ്സിൽ സംഭവിക്കണം. കാരണം ഭദ്രമായ മനസ്സിൽനിന്നേ ഐശ്വര്യം വരൂ. ഈശ്വരസ്വഭാവം ഐശ്വര്യം.

പ്രാർഥിക്കുന്നയാളിൽ എന്തെങ്കിലും മാറ്റം സംഭവിക്കണമെങ്കിൽ നാവുകൊണ്ടു മാത്രമല്ല ഹൃദയംകൊണ്ടുകൂടിയാകണമത്. എങ്കിലേ നമ്മുടെ ഉള്ളിലെ നന്മയുടെ വെളിച്ചത്തെ കണ്ടെത്താനും ശരിയായ രീതിയിൽ അത് പ്രകാശിപ്പിക്കാനും തക്കവിധം മനസ്സ് ശുദ്ധമാവുകയുള്ളൂ. "ഈ ജനം അധരംകൊണ്ട് എന്നെ ആരാധിക്കുന്നു; എന്നാൽ അവരുടെ ഹൃദയം എന്നിൽനിന്ന് അകലെയാണ്" എന്ന് ദൈവം വിലപിക്കുന്നതിന് കാരണവും മറ്റൊന്നല്ല.

ചെറുപ്പത്തിൽ വല്യപ്പച്ചൻ പറഞ്ഞുതന്നിട്ടുള്ള ഒരു കഥ ഇന്നും ഓർമയിലുണ്ട്. സ്നേഹത്തോടെ ജീവിക്കുകയും താൽപര്യത്തോടെ പ്രാർഥിക്കുകയും ചെയ്യണമെന്ന് നിരന്തരം ഓർമിപ്പിച്ചിരുന്നയാളാണ് അദ്ദേഹം. കഥയിതാണ്. ഒരു പള്ളിയിലെ ഗായകസംഘം വാദ്യോപകരണങ്ങൾ ഉപയോഗിച്ച് അതിമനോഹരമായി പാടുകയാണ്. എന്നാൽ സ്വർഗത്തിൽ അതു കണ്ടുകൊണ്ടിരുന്ന മാലാഖമാർക്ക് ശബ്ദമൊന്നും കേൾക്കാനാകുന്നില്ല. അവർ അതേക്കുറിച്ച് ദൈവത്തോട് പരാതിപ്പെട്ടപ്പോൾ ദൈവം പറഞ്ഞുവത്രേ, ഗായകരുടെ അധരം മാത്രമേ പാടുന്നുള്ളൂ, ഹൃദയം അവിടെയില്ലാത്തതുകൊണ്ടാണ് ശബ്ദം കേൾക്കാനാവാത്തതെന്ന്. ആത്മാർഥമായ സ്നേഹത്തോടെ ചെയ്തില്ലെങ്കിൽ ഒന്നിനും വിലയില്ലെന്ന കാര്യം സാധാരണ ജീവിതത്തിൽപോലും പ്രസക്തമായ കാര്യമാണ്. പ്രചോദനാത്മക ക്ലാസ്സുകളിലൊക്കെ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്.

എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലത്തിന്റെ അരുവികൾ ഒഴുകും എന്ന് ക്രിസ്തു പറയുന്നതുതന്നെ കാര്യം. നമ്മിൽനിന്ന് ഒഴുകുന്നത് എന്താണ്? ആ കണ്ടെത്തൽതന്നെ പ്രാർഥനയാണ്. ഉന്നതമായ അനുഭവം. സ്നേഹത്തിന്റെ ഉറവയിൽനിന്ന് 'ജീവ'ജലത്തിന്റെ അരുവികൾ ഒഴുകട്ടെ! ദയ നിറഞ്ഞ വാക്കായി, സൗമ്യമായ പുഞ്ചിരിയായി...

■

# നിനക്കുവേണ്ടി

**സ്വരാജ് പോൾ**



കുറുകി ഞരങ്ങി കാത്തിരിക്കും
കുറും പ്രാവേ നിൻ ഇണവരാറായ് (2)

ആരും മരുവിൽ ഒരു തുണയില്ലെന്ന്
ഒരു ഉരുവും നീ നിനയരുതേ
ഒരുക്കാൻ പോയി വരുമെന്നുരച്ചോൻ
കരുതിയതെല്ലാം നിനക്കല്ലയോ (2)
കുറുകി ഞരങ്ങി........

വീടും നാടും കൂടുള്ളോർ വെടിയും
ഇടുക്കമിപ്പാത കടന്നിടേണം
മടുത്തിടാതെ സ്ഥിരത വിടാതെ
ഒടുക്കം വരെ നീ സഹിച്ചിടേണം (2)
കുറുകി ഞരങ്ങി........

കറ വാട്ടം കളങ്കം മാലിന്യമെന്യേ
നിറ തേജസോടെ മുൻ നിർത്തീടാൻ
പാറയാം പ്രിയൻ നിനക്കായ് പിളർന്ന
മറവിൽ നീ ഇരുന്ന് പൂർണ്ണയാക (2)
കുറുകി ഞരങ്ങി........

ഇഹപരമഹിമ അഖിലവുമൻപാൽ
സഹജേ നിനക്കായ് കരുതിയവൻ
കാഹളനാദം ശ്രവിക്കവേ നീ പറക്കും
മോഹന നിമിഷം ആസന്നമായ് (2)
കുറുകി ഞരങ്ങി........



# പ്രാർത്ഥനയിൽ നിലനിൽക്കുന്ന കുടുംബം വേദപുസ്തകത്തിൽ



ഫാ. ഫിലിപ്പ് ചെമ്പകശ്ശേരി



ബൈബിൾ ഒരു കുടുംബ കഥയാണ്, വിശേഷിച്ചും പഴയനിയമ പകുതിയിൽ. സൃഷ്ടിവർണ്ണനയിൽ കുടുംബകഥയാണുള്ളത് – ആദവും ഹവ്വയുമെന്ന കുടുംബസ്ഥരെയാണ് ദൈവം സൃഷ്ടിച്ചത്; അവർ ഒരുമിച്ചു ജീവിക്കണമെന്നത് ദൈവനിയോഗമായിരുന്നു. “അതിനാൽ പുരുഷൻ, മാതാപിതാക്കളെ വിട്ടു ഭാര്യയോടു ചേരും; അവർ ഒറ്റ ശരീരമായിത്തീരും” (ഉത്പ. 2:24). പതന കഥയിൽ അവർ ഒരു കുടുംബമാണ്. “തിന്നരുതെന്നു ഞാൻ പറഞ്ഞ പഴം സ്ത്രീയുടെ വാക്കുകേട്ടു നീ തിന്നതുകൊണ്ട് നീ മൂലം മണ്ണ് ശപിക്കപ്പെട്ടതായിരിക്കും” (ഉത്പ. 3:17). പാപത്തിന്റെ വളർച്ചയുടെ കഥയിൽ അത് കുടുംബവിശേഷമാണ്. സഹോദരഹത്യയാണ് പതനശേഷമുള്ള ആദ്യ പാപം. രക്ഷാചരിത്രത്തിന്റെ ആരംഭത്തിൽ അത് കുടുംബചരിത്രമാണ്. അബ്രഹാമിനെയും കുടുംബത്തെയുമാണ് കനാൻദേശത്തേക്ക് ദൈവം വിളിച്ചത്. “അബ്രാം ഭാര്യ സാറായിയെയും സഹോദരപുത്രൻ ലോത്തിനെയും കൂടെ കൊണ്ടുപോയി” (ഉത്പ.12:5). വിളിക്കപ്പെട്ടവരുമായി ദൈവം സ്ഥാപിച്ച ഉടമ്പടിക്കും കുടുംബത്തിന്റെ സ്വഭാവമാണുള്ളത്. “ഞാനും നീയും നിനക്കുശേഷം നിന്റെ സന്തതികളും തമ്മിൽ... ഞാൻ എന്റെ ഉടമ്പടി സ്ഥാപിക്കും. ഞാൻ എന്നേക്കും നിനക്കും നിന്റെ സന്തതികൾക്കും ദൈവമായിരിക്കും” (ഉത്പ. 17:7). ഉടമ്പടിയുടെ അനന്തരഫലമായ പേരുമാറ്റത്തിലുമുണ്ട്

കുടുംബത്തിന്റെ സ്വഭാവം. "ഇനി മേൽ നീ അബ്രാം എന്നു വിളിക്കപ്പെടുകയില്ല. നിന്റെ പേര് അബ്രഹാം എന്നായിരിക്കും. നിന്റെ ഭാര്യ സാറായിയെ ഇനി മേൽ സാറായി എന്നല്ല വിളിക്കേണ്ടത്; അവളുടെ പേര് സാറാ എന്നായിരിക്കും" (ഉത്പ. 17:5,15).

ഇങ്ങനെ കുടുംബകഥയായി പുരോഗമിക്കുന്ന പഴയനിയമ ചരിത്രം വിശാലഭാവങ്ങൾ ഉൾക്കൊള്ളുമ്പോൾ ഇസ്രായേൽജനം മുഴുവനും ഒരു കുടുംബവും ദൈവം അതിന്റെ കുടുംബനാഥനുമായി വളർച്ച പ്രാപിക്കുന്നു. ഈ വളർച്ചയാണ് അബ്രഹാമുമായി ദൈവം ചെയ്ത ഉടമ്പടിയിൽ വാഗ്ദാനം ചെയ്യപ്പെട്ടത്. "നിനക്കും നിന്റെ സന്തതികൾക്കും ദൈവമായിരിക്കും" (ഉത്പ. 17:7). ഈ വളർച്ചയുടെ ഫലമായി ഇസ്രായേൽജനത്തെ മുഴുവൻ തന്റെ ആദ്യജാതനായി ദൈവം കണക്കാക്കുന്നു. കർത്താവു പറയുന്നു, "ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ" (പുറ. 4:22). ദൈവത്തിന്റെ പിതൃത്വത്തിൽ ഒരു വ്യക്തിയായി (ആദ്യജാതനായി) ചുരുങ്ങുകയും ദൈവത്തിന്റെ സംരക്ഷണയിൽ ഒരു പ്രബല ജനതയായി വികസിക്കുകയും ചെയ്യുന്ന ഇസ്രായേൽ. ഇതാണ് വേദപുസ്തകത്തിന്റെ പേജുകളിലൂടെ പ്രത്യക്ഷപ്പെടുന്ന രക്ഷയുടെ ചിത്രം. ഇങ്ങനെ ജനതയായി വികാസം പ്രാപിക്കുമ്പോഴും മാതാപിതാക്കളും മക്കളും ചേർന്ന കൊച്ചുകുടുംബങ്ങൾ വിസ്മരിക്കപ്പെടുകയോ അവയുടെ പ്രസക്തി നഷ്ടപ്പെടുകയോ ചെയ്യുന്നില്ല. കുടുംബജീവിതത്തിന്റെ സ്വരലയവും (അവൻ അവളെ സ്നേഹിച്ചു. അങ്ങനെ അമ്മയുടെ വേർപാടിൽ ദുഃഖിച്ചിരുന്ന അവന് - ഇസഹാക്കിന് - ആശ്വാസം ലഭിച്ചു"(ഉത്പ. 24:67). സ്വരചേർച്ചയില്ലായ്മയും (വന്ധ്യത നിമിത്തം അവളുടെ സപത്നി അവളെ (ഹന്നായെ) വേദനിപ്പിച്ചിരുന്നു 1 സാമു. 1:6). കുടുംബജീവിതത്തിന്റെ വിവിധ വശങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് വാങ്മയരൂപം നൽകാൻ ബൈബിൾ എപ്പോഴും ശ്രമിക്കുന്നുണ്ട്.

ഇങ്ങനെ കൊച്ചുകുടുംബങ്ങളുടെ ചിത്രീകരണമാണ് ഉത്തമഗീതം, റൂത്ത്, തോബിത്ത് എന്നീ പുസ്തകങ്ങളുടെ സവിശേഷ പ്രമേയം. കുടുംബത്തിന്റെ അടിസ്ഥാന യാഥാർത്ഥ്യം ഭാര്യാ-ഭർത്തൃസ്നേഹമാണ്. ഈ സ്നേഹത്തിന്റെ ഊഷ്മളത കുടുംബജീവിതത്തെ ആക്മാനം ഊഷ്മളതയിൽ നിലനിർത്തും. അതാണ് ഉത്തമഗീതത്തിനു പറയാനുള്ളത്. കുടുംബത്തിന്റെ തുടർച്ച മക്കളിലൂടെയാണ്. ഈ സത്യമാണ് റൂത്ത് എന്ന പുസ്തകത്തിന്റെ പ്രധാന പ്രമേയം. കുടുംബത്തെ കുടുംബമാക്കുന്ന നാലു തൂണുകൾ - ഇവയുടെ നാടകീകരണമാണ് തോബിത്തിന്റെ കഥയിലുള്ളത്. ഏതൊക്കെയാണ് ആ തൂണുകൾ? ദൈവവിശ്വാസം, പാരമ്പര്യങ്ങളോടുള്ള വിശ്വസ്തത, കുടുംബാംഗങ്ങൾ തമ്മിലുള്ള ഗാഢബന്ധം, തുടർച്ചയായ പ്രാർത്ഥന. ഇവയിൽ നാലാമത്തേത് മറ്റു മൂന്നു യാഥാർത്ഥ്യങ്ങളെയും സജീവമാക്കി നിലനിർത്തുന്നു. പ്രാർത്ഥിക്കുന്നില്ലെങ്കിൽ വിശ്വാസത്തിന് ചലനാത്മകത നഷ്ടപ്പെടും. പതുക്കെ പ്രസക്തി തന്നെയും. വിശ്വസ്തതയുടെ പ്രകാശനമാണ് പ്രാർത്ഥന. പ്രകാശനം കൂടാതെ അധികനാൾ അതിന് നിലനിൽക്കാനാകില്ല. കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധത്തിന് ഭൗതികതയുടെ പരിമിതിയെ ലംഘിക്കാൻ കഴിയുന്നത് പ്രാർത്ഥന വഴിയാണ്. അതില്ലെങ്കിൽ മൃഗങ്ങളുടെ ബന്ധംപോലെ അത് താൽക്കാലികവും ശാരീരികവും സ്വാർത്ഥവും വെറും വൈകാരികവും ആയി തരംതാഴും.

തോബിത്തിന്റെ കഥ പ്രാർത്ഥിക്കുന്ന കുടുംബത്തിന്റെ കഥയാണ്. പുസ്തകം മുഴുവൻ ഒരു പ്രാർത്ഥനയാണെന്ന് ചിന്തിക്കാനും ന്യായമുണ്ട്. പ്രാചീനവും ആധികാരികവുമായ അനേകം കൈയെഴുത്തുപ്രതികളിൽ തോബിത്തിന്റെ പുസ്തകം അവസാനിക്കുന്നത് "ആമേൻ" എന്ന പദത്തോടെയാണ്. "ആമേൻ" പ്രാർത്ഥനയുടെ ഒടുവിൽ ചൊല്ലുന്ന പ്രത്യുത്തരമാണല്ലോ. തോബിത്തിന്റെ കഥ ദൈവത്തിന് അർപ്പിക്കുന്ന ഒരു പ്രാർത്ഥനയായി ഗ്രന്ഥകാരൻ വിഭാവനം ചെയ്തിരിക്കുന്നുവെന്ന് വ്യക്തം.

## അനേകം പ്രാർത്ഥനകൾ

പുസ്തകം മുഴുവൻ പ്രാർത്ഥനയായിരിക്കുന്നതുപോലെ, അനേകം പ്രാർത്ഥനകൾ കൊടുത്തിട്ടുമുണ്ട്, ഈ പുസ്തകത്തിൽ. ആകെ ആറു പ്രാർത്ഥനകൾ ആണുള്ളത് ഈ ചെറുഗ്രന്ഥത്തിൽ.

തോബിത്ത് കുടുംബനാഥനാണ്. വിഷമതകളുടെ നടുവിൽ അദ്ദേഹം ദൈവത്തെ വിളിച്ചപേക്ഷിച്ച പ്രാർത്ഥനയാണ് 3:1-6 ൽ കൊടുത്തിരിക്കുന്നത്. തോബിത്തിന്റെ പ്രാർത്ഥനയോടൊപ്പം ദൈവസന്നിധിയിലെത്തുന്ന മറ്റൊരു പ്രാർത്ഥനയാണ് സാറായുടേത് (3:11-15). ഇവളാണ് പിന്നീട് തോബിത്തിന്റെ മരുമകളായിത്തീരുന്നത്. അന്യംനിന്നുപൊയ്ക്കൊണ്ടിരുന്ന തോബിത്തിന്റെയും റെഗുവേലിന്റെയും കുടുംബങ്ങളെ നിലനിർത്തുന്നത് ഇവളുടെ സന്താനങ്ങളാണ്.

മൂന്നാമത്തെ പ്രാർത്ഥന ഒരു കൂട്ടപ്രാർത്ഥനയാണ്. നവദമ്പതികളായ തോബിയാസും സാറായും ഒരുമിച്ചു പ്രാർത്ഥിക്കുന്നു. വളരെ ശക്തമാണീ പ്രാർത്ഥന. അനേക വർഷങ്ങളായി റെഗുവേലിന്റെ കുടുംബത്തെ പൊതുവായും സാറായെ വ്യക്തിപരമായും പീഡിപ്പിച്ചുകൊണ്ടിരുന്ന ദുഷ്ടപിശാചിനെ ഓടിക്കുവാൻ ഈ പ്രാർത്ഥനയ്ക്കു കഴിഞ്ഞു. ഈ പ്രാർത്ഥന 8:5-8 ൽ കൊടുത്തിരിക്കുന്നു. നാലാമത്തേതു റെഗുവേലിന്റെ പ്രാർത്ഥനയാണ്. തന്റെ മകൾ സാറാ എട്ടാമത് വിവാഹം കഴിച്ചിരിക്കുന്ന തോബിയാസ് പിശാചിന്റെ പിടിയിൽപ്പെട്ടു മരിച്ചിട്ടില്ല എന്നറിഞ്ഞു ദൈവത്തിനു സമർപ്പിക്കുന്ന കൃതജ്ഞതാ ബലിയാണ് ഈ പ്രാർത്ഥന (8:15-18). വളരെ താമസിച്ചെങ്കിലും പുത്രനെ തിരിച്ചുകിട്ടിയ തോബിത്തിന്റെ പ്രാർത്ഥനയാണ് ആറാമത്തേത് (13:1-17). ദൈവത്തിനു കൃതജ്ഞതയും സ്തുതിയും പുത്രന് ഉപദേശവും ഭാവിയെപ്പറ്റി പ്രത്യാശയും ഉൾക്കൊള്ളുന്നതാണ് സുദീർഘമായ ഈ പ്രാർത്ഥന.

## ഒരുമിച്ചുള്ള പ്രാർത്ഥന

ഒരുമിച്ചുള്ള രണ്ടു പ്രാർത്ഥനകൾ ഈ പുസ്ത



കത്തിൽ കൊടുത്തിട്ടുണ്ട്. (3:1–15; 8:5–8). തോബിയാസും സാറായും വിവാഹത്തിന്റെ ആദ്യരാത്രിയിൽ ദൈവസന്നിധിയിൽ തങ്ങളെ സമർപ്പിക്കുന്ന പ്രാർത്ഥനയാണ് 8:5–8 ൽ ഉള്ളത്. ഒരു വിശ്വാസിയുടെ വിവാഹം എന്തെന്ന് വ്യക്തമാക്കുന്നതാണ് ഈ പ്രാർത്ഥന. വിവാഹത്തെപ്പറ്റി അനേകം ഉത്കൃഷ്ടപാഠങ്ങളാണ് ഈ പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്നത്. ശാരീകബന്ധത്തെ അത് കല്പനാനുസരണമായി ഉദാത്തീകരിക്കുന്നു. മാനുഷികതത്വത്തിൽനിന്ന് ദൈവികതലത്തിലേക്ക് അതിനെ ഉയർത്തുന്നു. താത്ക്കാലികത്തയുടെ പരിമിതിയിൽനിന്ന് ആയുഷ്ക്കാലം മുഴുവൻ നിലനിൽക്കുന്ന ബന്ധമായി വിവാഹത്തെ ഉയർത്തുന്നു. ഒരുമിച്ചുള്ള പ്രാർത്ഥന ഒരുമിച്ചുള്ള ജീവിതത്തിനും ഒരുമിച്ചുള്ള നിലനില്പിനും അടിത്തറ പാകുന്നു.

ഈ പ്രാർത്ഥന ഒരേ സ്ഥലത്ത് ഒരുമിച്ചു നടത്തിയ പ്രാർത്ഥനയാണ്.

എപ്പോഴും ഒരേ സ്ഥലത്ത് കുടുംബാംഗങ്ങൾക്ക് എല്ലാവർക്കും സമ്മേളിക്കാൻ കഴിഞ്ഞെന്നു വരില്ല. എങ്കിലും അവർക്ക് ഒരുമിച്ച് പ്രാർത്ഥിക്കാൻ കഴിയും. ഒരേ സമയം പ്രാർത്ഥിക്കുന്നതുവഴി, ഒരു കൃത്യസമയത്ത് പ്രാർത്ഥിക്കുന്ന പാരമ്പര്യമുള്ള കുടുംബത്തിൽപ്പെട്ടവർക്ക് പല സ്ഥലങ്ങളിലായാലും ഒരേ സമയം പ്രാർത്ഥിക്കുക വഴി അവരുടെ പ്രാർത്ഥനയെ ഒരുമിച്ചുള്ള പ്രാർത്ഥനയാക്കാൻ കഴിയും. തോബിത്ത് പ്രാർത്ഥിച്ചത് നിനവെയിലാണ്(3:1–6). സാറാ പ്രാർത്ഥിച്ചത് എക്ബത്താനയിലാണ് (3:7; 11–15). എന്നാൽ "ഇരുവരുടെയും പ്രാർത്ഥന ദൈവത്തിന്റെ മഹനീയ സന്നിധിയിൽ എത്തി. അവർ ഇരുവർക്കും ഉപശാന്തി നൽകാൻ... റഫായേൽ നിയുക്തനായി" (3:16–17).

പ്രാർത്ഥനയെപ്പറ്റിയുള്ള ആഴമാർന്ന ദർശനമാണ് ഇവിടെയുള്ളത്. പ്രാർത്ഥന ദൈവത്തിന്റെ ദാനങ്ങളെ സ്വീകരിക്കുവാൻ നമ്മെ ഒരുക്കുന്നു, ശക്തരാക്കുന്നു. എല്ലാം യഥാർത്ഥത്തിൽ നടക്കുന്നത് സ്വർഗ്ഗത്തിലാണ്. അവിടെയാണ് പദ്ധതികൾ തയ്യാറാക്കുന്നത്. എല്ലാ പ്രവൃത്തികളും ആരംഭിക്കുന്നതും സ്വർഗ്ഗത്തിലാണ്. അവിടെ നടക്കുന്നവയുടെ പ്രത്യക്ഷപ്പെടലാണ് ഭൂമിയിൽ സംഭവിക്കുന്നത്. പ്രാർത്ഥനകൊണ്ട് ഭൂമിയിലേക്ക് ദൈവത്തിന്റെ പദ്ധതികളെ ഇറക്കിക്കൊണ്ടുവരുകയാണ് പ്രാർത്ഥനയുടെ പങ്ക്. അവ വിവിധ അനുഭവങ്ങളായി മനുഷ്യനിൽ എത്തിച്ചേരുന്നു.

ദൈവം അനേകരെ ഉൾപ്പെടുത്തി ചെയ്യുന്ന പദ്ധതികൾ ഭൂമിയിൽ അനുഭവപ്പെടാൻ ഭൂമിയിലുള്ളവർ കൂട്ടായി ഒരുങ്ങേണ്ടതുണ്ട്. കൂട്ടായ ഒരുക്കമാണ് ഒരുമിച്ചുള്ള പ്രാർത്ഥനയിൽ സംഭവിക്കുന്നത്. തോബിത്തിനും സാറായ്ക്കും വേണ്ടി ദൈവം പ്ലാൻ ചെയ്തവ അവർക്ക് അനുഭവവേദ്യമാകാൻ അവരുടെ പ്രാർത്ഥന ഒരുമിച്ച് ദൈവസന്നിധിയിൽ എത്തേണ്ടതുണ്ടായിരുന്നു. ഇന്നും അതുതന്നെ സ്ഥിതി. കുടുംബങ്ങൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങൾ കുടുംബാംഗങ്ങൾക്കിടയിലുള്ള അനൈക്യം, ഒരുമിച്ചുള്ള പ്രാർത്ഥനയില്ലായ്മ, വിഫലമാക്കിക്കളയുന്നു. ■



# ത്രിസന്ധ്യാ പ്രാർത്ഥനയും വി. ഗ്രന്ഥവായനയും

പകലവസാനിച്ച് രാത്രി ആരംഭിക്കുന്ന ത്രിസന്ധ്യാസമയം വളരെ പ്രധാനപ്പെട്ടതാണ്. എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ പറയുന്നത് ശ്രദ്ധിക്കുക: “നാഥാ പകൽ അസ്തമിക്കാറായി; രാത്രി വരുന്നു; ഞങ്ങളോടൊത്ത് വസിച്ചാലും” (ലൂക്കാ 24:29). അതിനാൽ സന്ധ്യാസമയവും പ്രഭാതവും വളരെ പ്രധാനപ്പെട്ടതാണ്. ദൈവം നമ്മളോടൊത്തുണ്ട് എന്ന് ഉറപ്പാക്കേണ്ട സമയമാണ്. ത്രിസന്ധ്യയ്ക്ക് തിരി കത്തിച്ചുവച്ച് ദൈവത്തെ സ്തുതിക്കുന്നതും ആരാധിക്കുന്നതും മതഗ്രന്ഥങ്ങൾ വായിക്കുന്നതും എല്ലാ മതങ്ങളുടെയും പൊതു ആചാരമാണ്. ക്രിസ്ത്യാനികളായ നാം പരമ്പരാഗതമായിട്ട് സന്ധ്യാസമയത്ത് വിളക്ക് കത്തിക്കുകയും വി. ഗ്രന്ഥം വായിക്കുകയും പ്രാർത്ഥന നടത്തുകയും ചെയ്യുന്നുണ്ട്. ഈ പ്രാർത്ഥനാ ആചരണത്തിന്റെ അർത്ഥം ഗ്രഹിക്കുമ്പോഴാണ് നാം ചെയ്യുന്ന പ്രവൃത്തി എത്ര അർത്ഥപൂർണ്ണമാണെന്ന് നാം തിരിച്ചറിയുക.

കത്തുന്ന തിരി ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമാണ്. തിരികത്തിക്കുന്നതു വഴിയായി ദൈവസാന്നിദ്ധ്യം നാം ഉറപ്പുവരുത്തുന്നു. വി. ബൈബിൾ തുറന്ന് ഉറക്കെ വായിക്കുന്നതു വഴിയായി ദൈവത്തെ നാം ഭവനത്തിൽ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ എഴുതപ്പെട്ട വചനം അത് അടച്ചുവയ്ക്കുമ്പോൾ അത് ജീവനില്ലാത്ത, ചലിക്കാത്ത വചനമായിരിക്കും. എന്നാൽ ദൈവത്തിന്റെ വചനം വാക്കായിത്തീരണമെങ്കിൽ അഥവാ വചനമായി തീരണമെങ്കിൽ അത് ഉറക്കെ വായിക്കണം. എഴുതപ്പെട്ട വചനം ഉറക്കെ വായിക്കുമ്പോൾ അത് ദൈവത്തിന്റെ ജീവനുള്ള ശബ്ദമായിട്ട്, വചനമായിട്ട് തീരും. അപ്രകാരം ദൈവത്തിന്റെ വചനം വായിക്കുന്നിടത്ത്, പ്രതിദ്ധ്വനിക്കുന്നിടത്ത് ദൈവത്തിന്റെ സാന്നിദ്ധ്യം ഉണ്ട്. വി. ഗ്രന്ഥം വായിക്കുന്നതു വഴിയായി നാം നമ്മുടെ ഭവന

ത്തിൽ ദൈവത്തെ പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. പരിശുദ്ധ കുർബാനയിലുള്ള കർത്താവിന്റെ സാന്നിദ്ധ്യം തന്നെയാണ് വി. ഗ്രന്ഥത്തിലുള്ളത്. എ.ഡി. 431-ലെ എഫേസൂസ് സുനഹദോസിൽ ആദ്യന്തം വി. ബൈബിൾ സുനഹദോസ് ഹാളിൽ തുറന്നുവെച്ച് ദൈവസാന്നിദ്ധ്യം ഉറപ്പുവരുത്തിയിരുന്നു എന്ന് നാം അറിയണം.

പുരോഹിതൻ വി. കുർബാന അൾത്താരയിൽ പ്രതിഷ്ഠിക്കുമ്പോൾ ദൈവസാന്നിദ്ധ്യം നാം അനുഭവിക്കുന്നതുപോലെ, വി. ഗ്രന്ഥം വായിക്കുമ്പോൾ, അത് കേൾക്കുമ്പോൾ, ദൈവസാന്നിദ്ധ്യം നാം അനുഭവിക്കുന്നു. അതിനാൽ കുടുംബത്തിൽ മാതാവും പിതാവും സന്ധ്യാസമയത്ത് തിരി കത്തിച്ച് വി. ഗ്രന്ഥം തുറന്ന് വായിക്കുമ്പോൾ കുടുംബത്തിൽ അവർ ദൈവസാന്നിദ്ധ്യം പ്രതിഷ്ഠിക്കുകയാണ് ചെയ്യുന്നത്. ദൈവത്തിന്റെ വചനം നമ്മുടെ ഭവനത്തിനുള്ളിൽ മുഴങ്ങി കേൾക്കുമ്പോൾ നമ്മുടെ

**ഓർമ്മതിരുന്നാൾ**

**(ഫെബ്രുവരി 22)**



**അഭി. തോമസ് മാർ ദിയസ്കോറസ്**

ഭവനം മുഴുവനും ദൈവസാന്നിദ്ധ്യം കൊണ്ട് നിറയുകയാണ് ചെയ്യുന്നത്. അപ്രകാരം സന്ധ്യാസമയത്ത് നമ്മുടെ ഭവനം ദൈവസാന്നിദ്ധ്യം കൊണ്ട് നിറയുമ്പോൾ തിന്മയുടെ ശക്തി നമ്മുടെ ഭവനത്തിനുള്ളിൽ പ്രവേശിക്കുകയില്ല. പിശാചിനും തിന്മയ്ക്കും കടക്കാനാവാത്തവിധം യേശു സാന്നിദ്ധ്യം നമ്മുടെ ഭവനത്തിനു ചുറ്റും ശക്തമായ കോട്ട കെട്ടും. തിന്മയുടെ ശക്തി കടന്നുവന്നാലും യേശു സാന്നിദ്ധ്യം അതിനെ തകർക്കും. അങ്ങനെ ഭവനത്തിനുള്ളിലുള്ളവർ സുരക്ഷിതരായിരിക്കും. അപ്രകാരം ദൈവസാന്നിദ്ധ്യമുള്ള ഭവനത്തിൽ ഭർത്താവ് പറയുന്നത് ഭാര്യയ്ക്കും, ഭാര്യ പറയുന്നത് ഭർത്താവിനും, മാതാപിതാക്കൾ പറയുന്നത് മക്കൾക്കും, മക്കൾ പറയുന്നത് മാതാപിതാക്കൾക്കും മനസ്സിലാകും. അവിടെ സന്തോഷവും സമാധാനവും ഉണ്ടാകും. കാരണം ദൈവസാന്നിദ്ധ്യമുള്ള ഭവനമാണ് അത്. ഒരു കുടുംബത്തിൽ ജനിക്കുകയും വളരുകയും ചെയ്തവനാണ് യേശുക്രിസ്തു. കുടുംബം എന്നത് ദൈവത്തിന്റെ തന്നെ പ്രതീകമാണ്. മറ്റേതൊരു സമയത്തേക്കാൾ കുടുംബം ഒന്നാകുന്നത് പ്രാർത്ഥിക്കുമ്പോഴാണ്. കുടുംബപ്രാർത്ഥനയിലാണ് കുടുംബത്തിന്റെ അസ്തിത്വം തന്നെ ഉണ്ടാകുന്നത്. ഇല്ലെങ്കിൽ ഉണ്ണാനും ഉറങ്ങാനുമുള്ള സത്രമായി അത് തീരും.


അതുപോലെ സന്ധ്യാസമയത്ത് പ്രാർത്ഥനയ്ക്കായി ഒന്നിച്ചുകൂടുമ്പോൾ അവിടെയും പ്രത്യേക യേശു സാന്നിദ്ധ്യമുണ്ട്. യേശു പറഞ്ഞു: "എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചുകൂടിയാൽ അവരുടെ മദ്ധ്യേ ഞാനും ഉണ്ടായിരിക്കും" (മത്താ.18:20). നാം ചൊല്ലുന്ന കുടുംബ പ്രാർത്ഥന സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ്. നൂറ്റാണ്ടുകളായി ഈ പ്രാർത്ഥന ലക്ഷക്കണക്കിന് ഭക്തർ ഉരുവിട്ട് അത് ഒരു ശക്തി പ്രവഹിക്കുന്ന പ്രാർത്ഥനയായിത്തീർന്നിരിക്കുന്നു. അതിനാൽ ഓരോ പ്രാർത്ഥനയും ദൈവികശക്തി പ്രദാനം ചെയ്യുന്നു. അതായത് നാം പ്രാർത്ഥന ചൊല്ലുമ്പോൾ അവിടെ യേശുവിന്റെ സാന്നിദ്ധ്യം ഔദ്യോഗികമായി ഉണ്ട് എന്ന് സഭ പഠിപ്പിക്കുന്നു. കാരണം അത് സഭയുടെ ഔദ്യോഗിക പ്രാർത്ഥനയാണ്. അതിനാൽ സന്ധ്യാപ്രാർത്ഥന, പ്രഭാത പ്രാർത്ഥന, വി. ഗ്രന്ഥവായന, ആത്മീയ ഗീതങ്ങൾ മുതലായവയിലൂടെ ദൈവത്തിന്റെ സാന്നിദ്ധ്യം നമ്മുടെ കുടുംബത്തിൽ പ്രതിഷ്ഠിക്കാം.

"നിന്റെ വചനം എന്റെ കാലുകൾക്ക് വിളക്കും, എന്റെ ഊടുവഴികൾക്ക് പ്രകാശവുമാകുന്നു." (സങ്കീ. 119:105).

"അങ്ങയുടെ വചനം എനിക്ക് എത്ര മധുരമാണ്. അവ എന്റെ നാവിന് തേനിനേക്കാൾ മധുരമാണ്." (സങ്കീ. 119:103).

"കർത്താവേ നിന്നെ സ്തോത്രം ചെയ്യുന്നതും നിന്റെ ഉന്നതമായ തിരുനാമത്തെ കീർത്തിക്കുന്നതും പ്രഭാതകാലത്ത് നിന്റെ കൃപയും രാത്രികാലങ്ങളിൽ നിന്നിലുള്ള വിശ്വാസം അറിയിക്കുന്നതും എത്ര നല്ലതാകുന്നു." (മലങ്കര ആരാധനക്രമം). ■

അനുസ്മരണം



# ദൈവശാസ്ത്രജ്ഞൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ്

**റവ. ഡോ. ജെയിംസ് മാമ്മൂട്ടിൽ ഒ.ഐ.സി.**
ബഥനി ആശ്രമം ജീവാരാം, മാവേലിക്കര

## ദൈവശാസ്ത്രജ്ഞൻ

ഏറ്റംകൂടുതൽ പ്രാർത്ഥിക്കുന്നയാളാണ് ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞൻ അഥവാ തിയോളജിയൻ. പുണ്യശ്ലോകനും ഭാഗ്യസ്മരണാർഹനുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ എപ്പോഴും പറയുമായിരുന്ന വാക്കുകളാണിത്. അദ്ദേഹത്തിന്റെ ജീവിതവും പ്രബോധനങ്ങളും ഈ യാഥാർത്ഥ്യം ശരിവയ്ക്കുന്നതായിരുന്നു. അരമനപ്പള്ളിയിലും വാഹനങ്ങളിലും ദൈവാലയങ്ങളിലും മണിക്കൂറുകൾ പ്രാർത്ഥനയിൽ മുഴുകിയിരുന്നിരുന്ന പിതാവ് ഏവർക്കും ആ വിധത്തിൽ സുപരിചിതനാണ്. സാധാരണക്കാർക്കുപോലും മനസ്സിലാകുന്ന ഭാഷയിൽ ദൈവികസത്യങ്ങൾ അദ്ദേഹം ഏവരെയും പഠിപ്പിച്ചു.

## ദൈവസാമീപ്യം, പുണ്യപിതാവ്

അദ്ദേഹം പറഞ്ഞു, ദൈവത്തിന്റെ പക്കലേക്ക് നാം ഒരു ചുവട് വയ്ക്കുമ്പോൾ അവിടുന്ന് നമ്മുടെ പക്കലേക്ക് രണ്ടു ചുവടുകൾ വയ്ക്കും. അത് സഹോദരങ്ങളുടെ പക്കലേക്കുള്ള മൂന്നു ചുവടുകളായി പരിണമിക്കും. സക്കായി യേശുവിനെ കാണാനാഗ്രഹിച്ചു. യേശു അവന്റെ ഭവനത്തിലേക്ക് ചെന്നു. സക്കായി തന്റെ സ്വത്ത് സാധുക്കൾക്കായി നൽകി; നാലിരട്ടിയായി നൽകി. അവന്റെ ഭവനത്തിന് രക്ഷയുണ്ടായി. എന്നാൽ ആത്യന്തികമായ ആദ്യത്തെ ചുവടിനും അവസാനത്തെ ചുവടിനും നാഥനായിരിക്കുന്നത് നല്ലവനായ ദൈവം തന്നെയാണ്.

## കൂട്ടായ്മകളുടെ കൂട്ടായ്മ, വി. സഭ

വി. സഭയെന്നാൽ സഭകളുടെ കൂട്ടായ്മയെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിച്ചെങ്കിൽ അഭിവന്ദ്യ പിതാവ് പറഞ്ഞ സഭകളുടെ കൂട്ടായ്മകളുടെ കൂട്ടായ്മയാണ് വി. സഭ. അത്യുന്നതനായ ഒരു സഭാശാസ്ത്രജ്ഞനെയാണ് (Eclesiologist) അഭി

വന്ദ്യ പിതാവിൽ നാം കാണുക. എല്ലാ സഭകളോടും അടുപ്പം കാത്തുസൂക്ഷിച്ച് അഭിവന്ദ്യ പിതാവ് സഭൈക്യത്തിന്റെയും (Ecumenism) പ്രവാചകനായിരുന്നു. എല്ലാ സഭകളുടെയും അത്യുന്നത പിതാക്കന്മാരെ കൂട്ടിക്കൊണ്ട് റോമിലും യൂറോപ്പിലും സഭൈക്യയാത്രയും നിലയ്ക്കൽ സഭൈക്യ കമ്മിറ്റി യാത്രയും നടത്തിയത് അവിസ്മരണീയമാണ്.

## കൂടുതൽ സമന്മാർ?

മുംബൈയിൽ സഭയ്ക്ക് കല്യാൺ രൂപത അനുവദിക്കുന്നതിന് തൊട്ടുമുമ്പ് റോമിൽ ഒരു ചർച്ച നടന്നു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് ശക്തമായി ഇടപെട്ടു. വിശ്വപ്രസിദ്ധമായ ഒരു വാക്യമാണ് അദ്ദേഹം ഉദ്ധരിച്ചത്. എല്ലാവരും സമന്മാരാണെങ്കിൽ കുറെപ്പേർ എങ്ങനെ കൂടുതൽ സമന്മാരാകും. If all equal, how can some be more equal? ജോർജ് ഓർവെൽ (George Orwel) എന്ന മഹാനായ എഴുത്തുകാരന്റെ ആനിമെൽ ഫാം (Animal Farm) എന്ന കൃതിയിലെ വാക്കുകളാണ് അദ്ദേഹം ഉദ്ധരിച്ചത്. തിരുവനന്തപുരത്ത് മലങ്കര കത്തോലിക്കാ അതിരൂപത സ്ഥാപിച്ചപ്പോൾ 1933-ൽ അവിടെ മറ്റ് കത്തോലിക്കാ രൂപതകൾ ഉണ്ടായിരുന്നില്ല. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ അവിടെ ഒരു ലത്തീൻ കത്തോലിക്കാ രൂപത നിലവിൽ വന്നു. ഒരു പട്ടണത്തിൽ മലങ്കര കത്തോലിക്കാ സഭയ്ക്കും ലത്തീൻ കത്തോലിക്കാ സഭയ്ക്കും പ്രത്യേക രൂപതകൾ ആകാമെങ്കിൽ ഇന്ത്യയിലെ മറ്റു പട്ടണങ്ങളിൽ ആവശ്യമായ രൂപതകൾ സ്ഥാപിക്കുന്നതിൽ എന്തപകടമാണുള്ളത്. പരിശുദ്ധ ജോൺ പോൾ രണ്ടാമന്റെ മുമ്പിൽ 1985 -ൽ ഉന്നയിച്ച ഈ ചോദ്യത്തെ തുടർന്ന് ഭാരതത്തിലെ മെത്രാന്മാർക്ക് മാർപ്പാപ്പ ഒരു കത്തെഴുതി. തുടർന്ന് സിറോ മലബാർ സഭയ്ക്കായി മുംബൈയിൽ കല്യാൺ രൂപത സ്ഥാപിച്ചു. മൂന്നു റീത്തുകൾക്കും ഭാരതത്തിൽ വലിയ സ്ഥാനമുണ്ടെന്ന് മാർപ്പാപ്പ വ്യക്തമാക്കി. അഭിവന്ദ്യ ആന്റണി പടിയറ പിതാവും ആ ചർച്ചയിൽ പങ്കെടുത്തിരുന്നു. കൽക്കട്ടാ അർച്ച് ബിഷപ്പ് ഹെൻറി ഡിസൂസ ഇന്ത്യയിലെ ലത്തീൻ സഭയെ പ്രതിനിധീകരിച്ചു. ഭാരത സഭയെ സംബന്ധിച്ച സർവ്വാദരണീയമായ ഒരു സമീപനം രൂപപ്പെട്ടുവരാൻ ഇത് കാരണമായി.

## മൺപാത്രത്തിലെ നിധി പൗരോഹിത്യം

പൗരോഹിത്യത്തിന്റെ കൗദാശികവും ആത്മീയവുമായ അംശങ്ങൾ വിശദീകരിച്ച് ഉത്തുംഗമായ പരിപ്രേഷ്യം നൽകിക്കൊണ്ടാണ് പൗരോഹിത്യപട്ടം അഭിവന്ദ്യ പിതാവ് നൽകുക. ആ പ്രസംഗം വേദപുസ്തകവും പിതാക്കന്മാരുടെ പഠിപ്പിക്കലുകളും ആധുനികകാല ചിന്താസരണികളും സർവ്വോപരി ജീവിതഗന്ധിയായ സത്യങ്ങളും സമന്വയിപ്പിച്ച ഒരു മാതൃകാ പ്രഭാഷണമായിരിക്കും. ഏവർക്കും മനസ്സിലാകുന്ന മാതൃകകളും തത്വങ്ങളും നിറഞ്ഞ ഒരു ഉജ്ജ്വല പ്രഭാഷണം. മലങ്കരയുടെ ഇന്ന് ജീവിച്ചിരിക്കുന്ന ഉന്നത ദൈവശാസ്ത്രജ്ഞനായ റവ. ഡോ. ജോൺ ബെർക്കുമാൻസ് ഒ.ഐ.സി. അഭിവന്ദ്യ പിതാവിന്റെ പൗരോഹിത്യപട്ട ശുശ്രൂഷയിലെ പ്രസംഗത്തെപ്പറ്റി പ്രത്യേകം പരാമർശിക്കുന്നത് പലതവണ കേൾക്കുവാൻ ഇടയായിട്ടുണ്ട്. മൺപാത്രത്തിൽ നൽകപ്പെട്ട നിധിയാണ് പൗരോഹിത്യം. അഭിവന്ദ്യ പിതാവ് പ്രസ്താവിച്ചു വി. കുർബാന സ്വീകരിക്കുമ്പോൾ നാം കർത്താവിനെ സ്വീകരിക്കുന്നതോടൊപ്പം സർവ്വശക്തനായ ദൈവത്താൽ നാം സ്വീകരിക്കപ്പെടുകയാണ്. അവിടുന്ന് നമ്മെ സ്വന്തമാക്കുകയാണ്. സകലത്തിന്റെയും അതിനാഥനായിരിക്കുന്ന അവിടുന്ന് നമ്മിൽ ആധിപത്യമുറപ്പിക്കുന്നു. അവിടുത്തെ കരങ്ങളിൽ നാം സുരക്ഷിതരായി ഭരമേല്പിക്കപ്പെടുന്നു. വി. കുർബാന ഗോഗുൽത്തായിലെ ബലിയുടെ ആവർത്തനം അല്ല. അതേ ബലി തന്നെയാണ് എന്ന് അഭിവന്ദ്യ പിതാവ് എപ്പോഴും ഊന്നിപ്പറഞ്ഞിരുന്നു.

> **ഏറ്റംകൂടുതൽ പ്രാർത്ഥിക്കുന്നയാളാണ് ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞൻ അഥവാ തിയോളജിയൻ.**

## വേദശാസ്ത്രജ്ഞൻ, പ്രാർത്ഥനാധ്യാനങ്ങളുടെ വ്യക്തിത്വം

വി. വേദപുസ്തകത്തിലെ സത്യങ്ങളും സംഭവങ്ങളും പ്രസംഗങ്ങളിലൂടെ വിശദീകരിക്കുമ്പോൾ ആരും കാതുകൂർപ്പിച്ച് അത് ശ്രദ്ധിച്ചിരിക്കും. അസാധാരണമായ അഭിഷേക വിശേഷത്തോടെയാണ് അദ്ദേഹം അത് അവതരിപ്പിക്കുക. നാളുകൾ കഴിഞ്ഞാലും കൊച്ചുകുട്ടികൾപോലും അത് മറക്കാതിരിക്കും. പ്രവാചകന്മാരെപ്പറ്റിയും പിതാക്കന്മാരെപ്പറ്റിയും വി. പൗലോസിന്റെ ലേഖനങ്ങളുമെല്ലാം ചിരപരിചിതമായ ലാളിത്യത്തോടെ അവതരിപ്പിക്കുമ്പോൾ ആരാണ് അത് വിസ്മരിച്ചുപോകുക. പഴയനിയമവും പുതിയനിയമവും ആ ആചാര്യശ്രേഷ്ഠന് തന്റെ വ്യക്തിത്വത്തിൽ അലിയിച്ച് ആയിരങ്ങളെ അനുഗ്രഹിക്കാൻ കഴിഞ്ഞിരുന്നു എന്നതാണ് അഭിവന്ദ്യ പിതാവിന്റെ ഉത്കൃഷ്ടത.

## അസതോമഃ സദ്ഗമയഃ - ഒരു പ്രാർത്ഥന

അസത്യത്തിൽനിന്ന് സത്യത്തിലേക്കും അന്ധകാരത്തിൽനിന്ന് പ്രകാശത്തിക്കേും നയിക്കേണമേ എന്ന ഭാരതമുനിമാരുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി വി. തോമാശ്ലീഹായിലൂടെ ഭാരതത്തിന് ലഭിച്ചതാണ് ലോകത്തിന്റെ പ്രകാശമായ ക്രിസ്തുവിനെ സംബന്ധിച്ച അറിവ് എന്ന് അനേക സദസ്സുകളിൽ അദ്ദേഹം പ്രസംഗിക്കുന്നത് കേൾക്കാനിടയായിട്ടുണ്ട്.

## വിശ്വമാനവികത, ലോകമേ തറവാട്

ദൈവം പിതാവും, ലോകത്തിലെല്ലാവരും

മക്കളും പരസ്പരം സഹോദരീസഹോദരന്മാരെന്നും കർത്താവിന്റെ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന വിശദീകരിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് വിശദീകരിക്കുമ്പോൾ ലോകമേ തറവാട് എന്ന വിശ്വമാനവികത ജനഹൃദയങ്ങളിൽ വിരചിക്കപ്പെടുകയാണ്. ഹൈന്ദവ, മുസ്ലീം, ക്രൈസ്തവ ജനസമൂഹങ്ങളിൽ ഐക്യവും പരസ്പര കരുതലും നിലനിർത്തുവാൻ അഭിവന്ദ്യ പിതാവിന്റെ വാക്കുകളും സമീപനങ്ങളും ഏറെ സഹായിച്ചിട്ടുണ്ട്. വിവിധ കലാപഭൂമികളിൽ ശാന്തിദൂതനായി പറന്നെത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. പൂവാറിലും പൂന്തുറയിലും പാളയത്തും നിലയ്ക്കലും കന്യാകുമാരിയിലും ഡൽഹിയിലും പാളയത്തും അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ അഭിവന്ദ്യ പിതാവിന് കഴിഞ്ഞു.


### പ്രകൃതിസ്നേഹി


മരങ്ങളുടെയും ചെടികളുടെയും സുഹൃത്ത്. കൃഷിയെയും കൃഷിക്കാരെയും സ്നേഹിച്ച പിതാവ്. വിവിധതരം വൃക്ഷങ്ങളെയും കൃഷികളെയും പക്ഷികളെയും ജനസമൂഹത്തിന് പരിചയപ്പെടുത്തിയ പ്രകൃതിസ്നേഹി. ഏത് വിഷയത്തെപ്പറ്റിയും അറിവ് നേടി വിദ്യാർത്ഥികളെയും വിദ്യാഭ്യാസ മണ്ഡലത്തെയും സമ്പന്നമാക്കിയ വിദ്യാഭ്യാസ വിചക്ഷണൻ. വളരുന്ന തലമുറയെ സംബന്ധിച്ച് വലിയ കരുതലുണ്ടായിരുന്ന ദാർശനികൻ. സർവ്വോപരി ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ജീവസ്സുറ്റ വക്താവ്. ജീവകാരുണ്യപ്രവർത്തനങ്ങളുടെയും ദരിദ്രജനപ്രത്യുത്ഥാന പ്രസ്ഥാനങ്ങളുടെ ഉപജ്ഞാതാവ് തുടങ്ങിയ വിശേഷണങ്ങൾ ആ പിതാവിന്റെ സവിശേഷതകളിൽ ചിലതുമാത്രമാണ്. ഇന്ത്യയിലെ എല്ലാ പ്രധാനമന്ത്രിമാരുടെയും കേരളത്തിലെ എല്ലാ മുഖ്യമന്ത്രിമാരുടെയും ചിന്തകന്മാരുടെയും സുഹൃത്ത്. ഗവർണർമാരുടെപോലും സമീപസ്ഥൻ. ഐ.എ.എസുകാരുടെപോലും ഉപദേശകൻ എന്നിങ്ങനെ ആ വ്യക്തിത്വം ആരെയും ഹഠദാകർഷിച്ച് മുക്കാൽ നൂറ്റാണ്ടോളം പ്രകാശം പരത്തി. ജന്മശതാബ്ദിയുടെ ഈ വേളയിൽ ഭാരതത്തിന്റെ ഭാഗ്യമായിരുന്ന ആ പിതാവിന്റെ പാദാരവിന്ദങ്ങളിൽ പ്രണാമമർപ്പിക്കുന്നു. ■

## ഐക്യദീപം വരിക്കാരുടെ ശ്രദ്ധയ്ക്ക്

ഐക്യദീപം മാസികയ്ക്ക് നിങ്ങൾ നൽകുന്ന നിസ്തുലമായ പ്രോത്സാഹനത്തിനും സഹകരണത്തിനും നന്ദി. ഏറ്റവും കുറഞ്ഞ നിരക്കിലും എന്നാൽ മികച്ച നിലവാരത്തിലുമാണ് ഐക്യദീപം നിങ്ങൾക്കായ് ഒരുക്കുന്നത്. ഐക്യദീപം മാസികയുടെ വരിസംഖ്യ അടക്കാൻ ആഗ്രഹിക്കുന്നവർ താഴെപ്പറയുന്ന അഡ്രസ്സിലേക്ക് പണം മണിയോഡർ ആയോ ബാങ്ക് വഴിയോ അടയ്ക്കാവുന്നതാണ്.









Chief Editor
Aikyadeepam Monthly
St. John's Complex, Kacherippady, Thiruvalla, Kerala
E-mail: aikyadeepamtvla@gmail.com
Phone: 0469-2600626

Bank Details;
**Andhra Bank, Tiruvalla**
A/c.No.110110100023901
IFSC : ANDB0001101
Name of A/c holder: CHIEF EDITOR AIKYADEEPAM





# മലങ്കരയുടെ ചെറുപുഷ്പങ്ങൾ

## MCCL DAY- 2016 February 14

**ഫാ. സജി അറയ്ക്കൽ**
**സഭാതല M C C L ഡയറക്ടർ**

മലങ്കര കത്തോലിക്കാ സഭയിലെ ദൈവജനം ഭാവിതലമുറയെ വലിയ സ്വപ്നത്തോടെയാണ് കാണുന്നത്. ദൈവവിശ്വാസത്തിലും പാരമ്പര്യങ്ങളിലും ഉറച്ച് നിന്ന് ഉയരങ്ങളിലേക്ക് നയിക്കപ്പെടുന്ന ഒരു സഭാസമൂഹമായി നാളത്തെ മലങ്കര കത്തോലിക്കാ സഭ അറിയപ്പെടുവാൻ നാമേവരും അഭിലഷിക്കുന്നു. ഈ സ്വപ്നത്തിന് ചിറകുവച്ചുകൊണ്ട് ഉയർന്നുവന്ന ഒരു ആശയമായിരുന്നു കുട്ടികളുടെ ഒരു സംഘടന. അതിന് പിതാക്കന്മാർ പേര് നൽകി മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ് അഥവാ M C C L. 2010 സെപ്തംബർ 20ന് തിരുവനന്തപുരത്ത് വെച്ച് നടന്ന മലങ്കര ബാലസംഗമത്തിൽ വെച്ച്, സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാബാവാ, ഔദ്യോഗികമായി M C C L ന് രൂപം നൽകി.യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു. (ലൂക്കാ 2:52) എന്ന തിരുവചനം ആദർശവാക്യമായി സ്വീകരി ച്ച് ഭാരതസഭയുടെ പ്രഥമ വിശുദ്ധയായ വി. അൽഫോൻസാമ്മയുടെ പ്രത്യേക മാദ്ധ്യസ്ഥതയിൽ ഈ സംഘടന ഇന്നും പ്രവർത്തിച്ചു വരുന്നു. എല്ലാ വർഷവും ഫെബ്രുവരി രണ്ടാമത്തെ ഞായറാഴ്ച M C C L ദിനമായി ആചരിക്കുവാൻ പരി.സിനഡ് തീരുമാനിച്ചു. അതനുസരിച്ച് ഈ വർഷം ഫെബ്രു വരി 14–ാം തീയതി ആഗോള മലങ്കര കത്തോലിക്കാ സഭ M C C L ദിനമായി ആചരിക്കുന്നു. ഇത്തരുണത്തിൽ എല്ലാ MCCL കൂട്ടുകാർക്കും ഈ സുദിനത്തിന്റെ പ്രാർത്ഥനാശംസകൾ നേരുന്നു.

ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന യേശുനാഥനെ മാതൃകയാക്കുവാനുള്ള വേദിയാണ് MC CL. ഇന്നത്തെ ലോകത്തിലൂടെ നാം ഒന്ന് കണ്ണോടിച്ചാൽ, ആരും ആരുടെയും പ്രീതി അന്വേഷിക്കാത്ത ഒരു കാലഘട്ടമാണിതെന്ന് മനസ്സിലാക്കുവാൻ കഴിയും. മുൻകാലങ്ങളിൽ കുടുംബങ്ങളിൽ അപ്പന്റെയും അമ്മയുടെയും ബന്ധുക്കളുടെയും പ്രീതി നേടാൻ ആഗ്രഹിക്കുന്ന കുട്ടികളുണ്ടായിരുന്നു,അതിലുപരി ദൈവത്തിന്റെയും. ഇന്നത്തെ അവസ്ഥ തികച്ചും അവാച്യമാണ്. പരസ്പരം നോക്കാൻ പോലും അഭിവാഞ്ഛ ഇല്ലാത്ത തലമുറ ഇന്നിന്റെ ഉൽപ്പന്നമാണ്. ദൈവസ്നേഹവും ദൈവപ്രീതിയും ആരുടെയും മനസ്സിൽ ഒരു ചിന്തയായിപോലും വന്നുഭവിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.അങ്ങനെയുള്ള ഈ കാലഘട്ടത്തിൽ നിന്നുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾക്ക് യഥാർത്ഥ ദിശാബോധം നൽകേണ്ടത് സഭയുടെ കടമയാണ്, ഉത്തരവാദിത്തമാണ്. MCCL പ്രവർത്തനങ്ങളെ സഭ അതിനായി ക്രമീകരിച്ചിരിക്കുന്നു.

**1. We are M C C L, Jesus is our Lord.....**

ഒന്നാം ക്ലാസ് മുതൽ 12–ാം ക്ലാസ് വരെയുള്ള സണ്ടേസ്കൂൾ കുട്ടികളാണ് MCCL സംഘടനയിൽ

അംഗങ്ങളാകുന്നത്. അവർ വേദപാഠത്തിലൂടെ ആർജ്ജിച്ചെടുക്കുന്ന ഓരോ വിശ്വാസസത്യവും ചരിത്രബോധവും അവരുടെ വരും ജീവിതത്തിൽ ഗുണകരമായി മാറ്റുവാൻ MCCLവേദി ഒരുക്കുകയാണ് ചെയ്യുന്നത്. അതിനാൽ തന്നെ, വേദപാഠം ഇല്ലാതെ MCCLപ്രവർത്തനമില്ല. അതുപോലെ, പ്രവൃത്തി കൂടാതെയുള്ള വിശ്വാസം നിർജീവമെന്ന് യാക്കോബ് ശ്ലീഹാ പഠിപ്പിക്കുന്നതിനാൽ (യാക്കോബ് 2:17) സംഘടനാപ്രവർത്തനം വേദപാഠത്തെ പൂർത്തീകരിക്കുന്നു. ഇക്കാരണത്താൽ , സണ്ടേസ്കൂളും MCCL ഉം ഒന്നുചേർന്നതാകണം, പ്രിയ കൂട്ടുകാരെ, സഭയിലെ നമ്മുടെ വിശ്വാസജീവിതം, ഈ ദിനത്തിൽ ഇവ രണ്ടിനെയും നമ്മുടെ ജീവിതത്തിന്റെ ഭാഗഭാക്കാക്കുവാൻ നമ്മുക്ക് തീരുമാനമെടുക്കാം. അങ്ങനെ, യേശുക്രിസ്തുവിനൊപ്പം നടന്നു നീങ്ങുവാൻ നമ്മുക്ക് സാധിക്കും.

### 2. MCCL ആരംഭിക്കാം ഈ ആഴ്ചതന്നെ

ഇന്ന് പല ഇടവകകളിലും പുതുമ വിട്ടുമാറാത്ത ഒരു പേരാണ് MCCL എന്നാൽ, നമ്മുടെ സഭാ പിതാക്കന്മാർ കുട്ടികൾക്കായി അനുവദിച്ചനുഗ്രഹിച്ചിട്ടുള്ള ഒരേ ഒരു സംഘടനയാണ് MCCL. അത് നമ്മുടെ ഇടവകയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ പ്രിയ കൂട്ടുകാരെ നമ്മുക്ക് തന്നെയാണ് നഷ്ടം. അതിനാൽ, യൂണിറ്റ് ഡയറക്ടറായിരിക്കേണ്ട ബഹു.വികാരി അച്ചന്റെ അനുഗ്രഹത്തോടും സണ്ടേസ്കൂൾ അധ്യാപകരുടെ അനുവാദത്തോടും കൂടെ ഈ ആഴ്ച തന്നെ നമ്മുക്ക് MCCL യൂണിറ്റ് ആരംഭിക്കാം. ഈ കാരുണ്യവർഷം അതിന് അനുയോജ്യമായ സമയമാണ്. മുതിർന്നവർ വമ്പൻ കാര്യങ്ങളിലൂടെ ഇടവകയിൽ പ്രവർത്തിക്കുമ്പോൾ MCCL ചെറിയ ചെറിയ കാര്യങ്ങൾ വഴി ഇടവകയെ ശക്തിപ്പെടുത്തുന്നു. ആനിമേറ്റർ ഒരു പ്രധാന കണ്ണിയാണ് ഈ സംഘടനക്ക്.അതോടൊപ്പം ഭാരവാഹികളിൽ കുറഞ്ഞത് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവരെങ്കിലും ഉണ്ടാകുവാൻ ശ്രദ്ധിക്കുകയും വേണം. എല്ലാ ആഴ്ചയും MCCL മീറ്റിംഗ് കൂടുകയും ബൈബിൾ വായിക്കുകയും പുതിയകാര്യങ്ങൾ ചർച്ച ചെയ്ത് കൂട്ടായി പ്രവർത്തിക്കുകയും ചെയ്യുന്നതുവഴി MCCL കരുത്ത് നേടും. പഠനത്തിനപ്പുറത്തേക്കുള്ള എല്ലാ കാര്യപരിപാടികളും കർമ്മപരിപാടികളും MCCLന്റെ നേതൃത്വത്തിൽ നടത്താവുന്നതാണ്. നമ്മുടെ യൂണിറ്റ് മറ്റ് യൂണിറ്റുകളോട് ചേർന്ന് പ്രവർത്തിക്കുകയും കൂടെ ചെയ്യുമ്പോൾ സഭാ നേതൃത്വം സന്തോഷിക്കു ന്നു. സഭാമാതാവ് ആനന്ദിക്കുകയും ചെയ്യുന്നു.

### 3. കാരുണ്യവർഷം അനുഭവമാകട്ടെ.

പരി. ഫ്രാൻസിസ് മാർപാപ്പ 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ കാരുണ്യത്തിന്റെ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ നമ്മിൽ കാരുണ്യത്തിന്റെ മുഖം ദർശിക്കുവാൻ മറ്റുള്ളവർക്ക് കഴിയത്തക്കവിധം പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. MCCL സംഘടനയുടെ സന്ദേശം കരുണയാകണം. ലക്ഷ്യം കരുണയുള്ള തലമുറയായിരിക്കണം; ഫലം കരുണയുടേതുമായിരിക്കണം. കാരുണ്യപ്രവൃത്തികൾ (ആദ്ധ്യാത്മികം 7 ഉം ശാരീരികം 7 ഉം) ചേർന്നുള്ള ജീവിതമാകുവാൻ പരിശീലിക്കണം. സ്കൂളുകളിൽ കൂട്ടുകാർക്ക് കരുണ എന്തെന്ന് മനസ്സിലാക്കുവാൻ നമ്മുക്ക് കഴിയണം. വി. ബൈബിളിൽ അപ്പസ്തോലപ്രവർത്തനം 11-ാം അദ്ധ്യായം 26-ാം വാക്യത്തിൽ നാം കാണുന്നു. അന്ത്യോക്യായിൽവെച്ചാണ് ശിഷ്യന്മാർ ആദ്യമായി ക്രിസ്ത്യാനികൾ എന്ന് വിളിക്കപ്പെട്ടത്. അവരുടെ ജീവിതം കണ്ടുകൊണ്ടാണ് അവർ അങ്ങനെ വിളിക്കപ്പെട്ടത്. അതുപോലെ, ഈ വർഷത്തിൽ നമ്മുക്കും ഏറ്റെടുക്കാനുണ്ട് ഒരു വെല്ലുവിളി.എന്റെ കരുണയുടെ ജീവിതം കണ്ട് യഥാർത്ഥ ക്രിസ്ത്യാനിയെന്നും, മലങ്കര കത്തോലിക്കാ സഭാംഗമെന്നും, MCCL അംഗമെന്നും, മറ്റുള്ളവരാൽ വിളിക്കപ്പെടാൻ എനിക്ക് സാധിക്കുമോ ? ഈ വർഷം നാം ഇതിന് ഉത്തരം കണ്ടെത്തണം. ദൈവനാമത്തിൽ എല്ലാ കൂട്ടുകാർക്കും MCCL ദിന ആശംസകൾ നേരുന്നു. ■

## ഐക്യദീപം വരിക്കാരുടെ ശ്രദ്ധയ്ക്ക്

**തിരുവല്ല അതിരൂപതയിലെ ഇടവകകൾ, സ്ഥാപനങ്ങൾ എന്നിവയുടെ പ്രധാനപ്പെട്ട വാർത്തകൾ ഐക്യദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ ആഗ്രഹിക്കുന്നവർ ഒരു ഫോട്ടോയും ചെറിയ ഒരു വിവരണവും അയച്ചുതരിക. വാർത്തകൾ കളർ പേജിൽ പ്രസിദ്ധീകരിക്കാൻ ആഗ്രഹിക്കുന്നവർക്ക് 1000/- രൂപ നിരക്കിൽ സൗകര്യം ലഭ്യമാണ്. അയക്കേണ്ടവിലാസം,**

**Chief Editor**
**Aikyadeepam Monthly**
**St. John's Complex, Kacherippady**
**Tiruvalla - 689101**
**Pathanamthitta, Kerala**
**Email : aikyadeepamtvla@gmail.com**



# നോമ്പ്:





# ഉപേക്ഷിക്കുവാൻ പഠിപ്പിക്കുന്നു

ഡോ. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ മൂലയിൽ

ആമുഖം: ആത്മിക സുകൃതങ്ങളിലേക്കു വളരുവാൻ ലൗകിക സുഖഭോഗങ്ങളും ആഡംബരങ്ങളും ഉപേക്ഷിക്കുവാനും ത്യാഗമനഃസ്ഥിതി വളർത്തുവാനും വേദനിക്കുന്നവരിൽ ദൈവത്തെ കാണുവാനും ഉള്ള സ്വയപരിശീലനത്തിനുള്ള അവസരമാണ് നോമ്പ്. വിശുദ്ധ സഭ വിശ്വാസികളെ നോമ്പ് പരിശീലിപ്പിക്കുന്നത് തിന്മയെ വെടിയുവാനുള്ള അവസരമാണ്. പൈശാചിക തിന്മയെ വെടിയാത്തവന് ദൈവിക നന്മയെ ഉൾകൊള്ളുവാൻ കഴിയുകയില്ല. ഇരുട്ടറയുടെ വാതിൽ തുറന്നാൽ മാത്രമെ ഉള്ളിൽ ദീപം കൊളുത്തി പ്രകാശിപ്പിക്കുവാനും അന്ധകാരം ഇല്ലായ്മ ചെയ്യുവാനും കഴിയുകയുള്ളൂ. നോമ്പുനോക്കുവാനുള്ള സന്നദ്ധത സ്വയം പ്രേരിതമാവണം. നോമ്പ് സഭകല്പിക്കുന്ന നിയമം ആണെങ്കിലും വിശ്വാസി നോമ്പ് നോക്കേണ്ടത് നിയമനിർബന്ധം കൊണ്ടായിരിക്കരുത് സ്വയസന്നദ്ധതയുടെ ആനന്ദാനുഭവം കൊണ്ടായിരിക്കണം. പരപ്രേരണകൊണ്ടും നിർബന്ധംകൊണ്ടും കാർക്കശ്യം കൊണ്ടും നോമ്പെടുക്കുമ്പോൾ ആത്മിക ആസ്വാദ്യം നഷ്ടപ്പെട്ടുപോകും. നീതിമാന്മാർക്കും പുണ്യവാന്മാർക്കും നോമ്പ് സന്തോഷകരവും ആസ്വാദ്യകരവും ആകുന്നതിന്റെ കാരണം അവർ നോമ്പടുക്കുന്നത് അവരുടെ ആത്മാവിന്റെ സന്തോഷമായിട്ടുള്ള സാധ്യമായിട്ടാണ്. ആത്മാവിൽ ദൈവസാന്നിധ്യം അനുഭവപ്പെടുമ്പോൾ നോമ്പിലെ അനുഷ്ഠാനങ്ങൾ സന്തോഷപൂർവ്വമായിത്തീരും. കർത്താവിന്റെ പീഡാനുഭവം നേരിട്ടു കാണുവാനും അതിന്റെ സാക്ഷ്യം അനുഭവിക്കുവാനും കഴിയാതെപോയ ആദ്യകാലസഭ ആ പീഡാനുഭവം ആത്മാവിൽ അറിയുവാൻ പിന്നീട് ഓശാനയും പെസഹായും കുരിശുമരണദിനവും ഉയിർപ്പും എല്ലാം വർഷം തോറും അനുഷ്ഠിക്കുന്ന രീതി ഉണ്ടായി. ആ സംഭവങ്ങളുടെ വിവരണങ്ങളും പഴയനിയമ സൂചനകളും സങ്കീർത്തനങ്ങളും പ്രസംഗങ്ങളും ഒക്കെ ചേർത്ത് അത് ഒരാഴ്ച മുഴുവൻ ധ്യാനിക്കാവുന്ന രീതിയിൽ ആക്കി. ആ പശ്ചാത്തലം കേന്ദ്രമാക്കി പിൽക്കാല പിതാക്കന്മാർ ശ്രവണസുന്ദരവും അനുതാപദ്യോതകവുമായ പാട്ടുകളും ധ്യാനഗീതങ്ങളും അതൊന്നിച്ചു ചേർത്ത് കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ പങ്കാളിത്തം അനുഭവവേദ്യമാക്കിത്തീർത്തു. പിന്നീട് കഷ്ടാനുഭവ ആഴ്ചയിലേക്കുള്ള ഒരുക്കത്തിന്റെ ഭാഗംകൂടിയായി മോശയും ഏലീയാവും കർത്താവും ചെയ്തതുപോലെ നാല്പതുദിവസം കൂടി ഉപവാസനോമ്പു കാലമാക്കി ക്രമീകരിച്ചു. ആ ആഴ്ചകളിലും ഉചിതമായ വേദവായനകളും ധ്യാനചിന്തകളും കൂടി ചേർത്ത് നോമ്പുകാലം ആത്മതപനത്തിന്റെ കാലമാക്കിത്തീർത്തു. അങ്ങനെ നോമ്പെന്നാൽ കർത്താവിന്റെ കഷ്ടാനുഭവത്തിന്റെ പങ്കാളിത്തവും അവനൊത്തുള്ള രക്ഷയുടെ ഉയിർപ്പിന്റെ അനുഭവവും ആയിത്തീർന്നു. “നാല്പതു നാളുപവസിക്ക- വിശക്കുന്നവനപ്പം കൊടുക്ക ഈശായ് സുതനെപ്പോൽ ദിനം ഏഴുവട്ടം പ്രാർത്ഥിക്ക” എന്ന തത്വം നോമ്പിന്റെ അടിത്തറ ആയി. ഉപവാസം - ദരിദ്രനെ കരുതൽ- പ്രാർത്ഥന എന്നീ മൂന്നു സുപ്രധാന തൂണിന്മേലാണ് നോമ്പിന്റെ അടിത്തറ പാകിയിരിക്കുന്നത്.

## നോമ്പിന്റെ ആരംഭം

ബൈബിൾ ചരിത്രത്തിൽ നോമ്പിന്റെ ചരിത്രം ആരംഭിക്കുന്നത് ഏദൻതോട്ടത്തിലാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദനിൽ ആക്കി. അവിടെ എല്ലാ സമൃദ്ധിയും സന്തോഷവും ഒക്കെ മനുഷ്യനു നൽകി. ഉല്പ. 1:29 ൽ ദൈവം മനുഷ്യനു ഭക്ഷണമായി നൽകിയിരിക്കുന്നത് ഭൂമിയുടെ ഫലങ്ങളും സസ്യങ്ങളും ആയിരുന്നു. കൊന്നുതിന്നുന്ന രീതി ഏദനിൽ ദൈവം അനുവദിച്ചിരുന്നില്ല. പിന്നീട് മനുഷ്യന് ഭക്ഷണകാര്യത്തിൽ ചില നിയമങ്ങളും ഏർപ്പെടുത്തുന്നതായി നമുക്കു കാണുവാൻ കഴിയും. 2:16-17 ൽ നന്മതിന്മകളുടെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു നിർദ്ദേശിക്കുന്നതായി കാണുന്നു. അതു തിന്നുന്ന നാളിൽ നീ മരിക്കും എന്നും ദൈവം കല്പിച്ചു. എല്ലാം സമൃദ്ധമായി, നൽകിയിരിക്കുമ്പോഴും ഒരു വിലക്ക് ദൈവം ഏർപ്പെടുത്തി. ആ വിലക്ക് അനുസരിച്ചില്ലെങ്കിൽ ദൈവത്തിൽനിന്നും അകന്ന് സ്വയം മരണം വരിക്കേണ്ടിവരും. ഇത് മറിച്ചു പറഞ്ഞാൽ നന്മതിന്മകളുടെ ആ വൃക്ഷത്തിൻ ഫലം സ്വയം ഉപേക്ഷിച്ച് 'കാണാൻ ഭംഗിയുള്ള തും തിന്നാൻ നല്ലതെന്നും' (3:6) തിരിച്ചറിഞ്ഞതിനെ ഉപേക്ഷിക്കുവാനുള്ള ദൈവകല്പന യഥാർത്ഥത്തിൽ ദൈവത്തോടൊപ്പം ഉള്ള അനുഭവത്തിലേക്കു നയിക്കുന്ന നോമ്പായിരുന്നു. ഈ നോമ്പുനോക്കുവാൻ മനുഷ്യനു സാധിക്കാതെ വന്നതുമൂലം അവനു ദൈവ ത്തെ നഷ്ടപ്പെട്ടു. ഈ നഷ്ടപ്പെട്ട 'ഭാഗ്യം' വീണ്ടെടുക്കുവാനാണ് 'നോമ്പ്' ആദ്യം യഹൂദാസഭയിലും പിന്നീട് ക്രൈസ്തവ സഭയിലും ഉണ്ടായത്. ദൈവത്തെ കണ്ട മോശ ഒരുക്കത്തിനായി നോമ്പെടുത്തു. ഏലിയ ദൈവത്തിങ്കലേക്കു എടുക്കപ്പെടുന്നതിനു മുമ്പ് നോമ്പെടുത്തു. ഹാനനിയായും കൂടെ ഉള്ളവരും നോമ്പാൽ ദൈവകൃപ പ്രാപിച്ചു. യോനായും നിനുവേയും നോമ്പു നോറ്റു. യോശുവാ, ദാനിയേൽ എന്നിവരൊക്കെ നോമ്പിന്റെ മാഹാത്മ്യം ഘോഷിച്ചവരാണ്. ദാവീദ് നോമ്പിന്റെ മഹത്വം പ്രാർത്ഥന ആണെ ന്ന് സാക്ഷ്യം നൽകിയിരിക്കുന്നു. ശരീരം ഭക്ഷണം വെടിയുമ്പോൾ അധരം ദൈവ സ്തുതിയും ദൈവവചനവും ഉച്ചരിക്കണം. മനസ്സ് തിന്മവെടിയണം. ആത്മാവ് പാപചിന്തവിട്ട് ദൈവത്തിലേക്കു തിരിയണം. കണ്ണ് ഭൂമിയിൽ നോക്കി ദരിദ്രസഹോദരനെ തിരിച്ചറിയണം. ഇഹലോക സമ്പാദ്യങ്ങൾ വേദനിക്കുന്നവർക്കായും പങ്കിടുവാൻ കഴിയണം. ധനം പങ്കിടുവാൻ കഴിയാത്തവന് എങ്ങനെ സ്നേഹം പങ്കിടുവാൻ കഴിയും എന്നു ചിന്തിക്കുവാൻ കഴിയണം.



## നോമ്പ് സ്നേഹത്തിന്റെ സാക്ഷ്യം


നോമ്പ് ദൈവത്തെ സ്നേഹിക്കുന്നവരുടെ ഭാഗ്യമാണ്. ദൈവത്തെ സ്നേഹിക്കുന്നവൻ കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കണം. നമുക്കുള്ളതിന്റെ ഓഹരി ദരിദ്രനായി മാറ്റിവയ്ക്കുവാൻ കഴിയാത്തവൻ ദ്രവ്യാഗ്രഹി ആണ്. ദ്രവ്യാഗ്രഹം എന്നത് സമ്പാദനം മാത്രമല്ല, കൈവശം ഉള്ളത് പങ്കിടാത്തതുകൂടിയാണ്. സ്വരൂപിച്ചുവയ്ക്കുന്നവൻ സ്വാർത്ഥനാണ്. ദശാംശം എങ്കിലും പങ്കിടാത്തവൻ ദ്രവ്യത്തെ സ്നേഹിക്കുന്നവനാണ്. ദരിദ്രൻ സമൂഹത്തിലുള്ളത് യഥാർത്ഥത്തിൽ ദരിദ്രതയിൽ അവനെ ശിക്ഷിക്കുവാനല്ല, ധനം ഉള്ളവന്റെ ഉദാരതയെ പരീക്ഷിക്കുവാനാണ്. ഭാരതീയ പാരമ്പര്യത്തിൽ 'ഭിക്ഷു' എന്ന പദം ഒരു സന്യാസിയുടെ ഒരു ജീവിതഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്. ജീവിതം തന്നെ കടപ്പെടുത്തി ഒന്നും ഇല്ലാത്തവനായി ഈശ്വരനിൽമാത്രം ജീവിതം അർപ്പിച്ച് ഭിക്ഷാംദേഹിയായി നടക്കുന്നവനാണ് ഭിക്ഷു. മറ്റുള്ളവർ കൊടുക്കുന്ന ഭിക്ഷകൊണ്ടുമാത്രം ദേഹം സംരക്ഷിക്കുന്നവൻ. ഈ വാക്കിൽ നിന്നാണ് ഭിക്ഷക്കാരൻ എന്നും പിച്ചക്കാരൻ എന്നും ഒക്കെ വാക്കുകൾ മലയാളത്തിൽ ഉണ്ടായത്. എന്തിനാണ് ഒരു സന്യാസി ഭിക്ഷക്കാരൻ ആകുന്നത്. അവനുവേണ്ടിയല്ല, ഭിക്ഷുവിനു കൊടുക്കുന്നവന്റെ 'ധർമ്മം' അനുഷ്ഠിക്കുവാൻ അവസരം ഉണ്ടാക്കുന്നതിനു വേണ്ടിയാണ്. ദാനം എന്ന ധർമ്മം അനുഷ്ഠിക്കുവാൻ ഗൃഹസ്ഥാശ്രമി ആയിരിക്കുന്നവന് അവസരം ഉണ്ടാക്കുന്നവനാണ് ഭിക്ഷു. ഇത് ഒരു ഹൈന്ദവ ആശയം മാത്രമല്ല, ദരിദ്രർ എന്തുകൊണ്ടാണ് സമൂഹത്തിൽ ഉള്ളത് എന്നത് നാം തിരിച്ചറിയണം ഉദാരതയും സ്നേഹവും സഹാനുഭൂതിയും ക്രൈസ്തവധർമ്മം ആയിരിക്കണമെങ്കിൽ അത് നാം തിരിച്ചറിഞ്ഞ് പ്രവർത്തിച്ചിരിക്കണം. ദരിദ്രനോടുള്ള എന്റെ ധർമ്മം ഞാൻ നിറവേറ്റുന്നത് ഞാൻ അവനെ കരുതുന്നതിലും സ്നേഹിക്കുന്നതിലുമാണ്. സ്നേഹത്തിലൂടെയാണ് ഉദാരത ഉണ്ടാകുന്നത്. ഇന്ന് മലയാളത്തിലും എല്ലാവരും ഉപയോഗിക്കുന്ന ഒരു പദമാണ് 'ചാരിറ്റി' എന്നത്. ചാരിറ്റി എന്നാൽ ദാനം എന്നാണ് എല്ലാവരും ചിന്തിക്കുന്നത്. ചാരിറ്റി എന്ന വാക്കിന്റെ

(ശേഷം പേജ് 30)



മോൺ. തോമസ് വടശേരി
**LD (റോം)**

# തൂലിക പടവാളാക്കിയ മോൺ. തോമസ് വടശേരി



**ഫാ. ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)

**ഫാ. ചെറിയാൻ താഴമൺ**
(സി.ഇ.ഒ. ദീപിക)

**മുഖമൊഴി**

1908ൽ ജനിച്ച് 1966ൽ നിര്യാതനായ മോൺ. തോമസ് വടശേരിയുടെ മരണത്തിന്റെ കനകജൂബിലി വർഷത്തിൽ (മരണം: 21-07-1966) അദ്ദേഹത്തിന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ അശീതിയും (വൈദികപട്ടം: 09-02-1936) എത്തിച്ചേരുന്നു. മലങ്കര പുനരൈക്യത്തിന്റെ പ്രാരംഭദശകങ്ങളിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭാമക്കളുടെ വിശ്വാസജീവിതത്തെ ദൃഢീകരിക്കുന്നതിനും സത്യസഭാവിരോധികളുടെ വികലവാദങ്ങളെ ദൈവവചനത്തിന്റെയും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും ചരിത്രത്തിന്റെയും പിൻബലത്തിൽ യുക്തിപൂർവം ഖണ്ഡിക്കുന്നതിനും അദ്ദേഹം നടത്തിയ ജീവിത സമർപ്പണത്തെ ആധുനിക തലമുറയ്ക്ക് പരിചയപ്പെടുത്തുക നമ്മുടെ കടമയാണ്. അതിനുള്ള ഒരെളിയ ശ്രമമാണ് ഈ ലേഖനം. ഒരിക്കൽപോലും ഞാൻ നേരിൽ കാണുകയോ ശ്രവിക്കുകയോ ചെയ്തിട്ടില്ലാത്ത അദ്ദേഹത്തെക്കുറിച്ച് ലേഖനങ്ങളിലും ഗ്രന്ഥങ്ങളിൽനിന്നും മനസിലാക്കുകയും അദ്ദേഹത്തെ നേരിൽ കാണുകയും ശ്രവിക്കുകയും ഒപ്പം പ്രവർത്തിക്കുകയും ചെയ്ത അനേകരിൽനിന്നു ലഭിക്കുകയും ചെയ്ത വസ്തുതകളാണ് ഈ ലേഖനത്തിന്റെ അസംസ്കൃതവസ്തു.

**പുരോവചനം**

ആധുനിക കേരള സഭാചരിത്രത്തിലെ ഏറ്റവും പ്രകാശപൂരിതമായ സംഭവമാണ് 1930 സെപ്റ്റംബർ 20ലെ മലങ്കര പുനരൈക്യം. മാർത്തോമ്മാ ശ്ലീഹായുടെ കാലം മുതൽ ഈ നാടുമായും നാട്ടിലെ സകലരുമായും ഇഴയടുപ്പത്തിലും സൗഹാർദതയിലും തീക്ഷ്ണമായ

മതജീവിതത്തിലും കഴിഞ്ഞിരുന്നു കേരളത്തിലെ ക്രിസ്ത്യാനികൾ. വിശ്വാസത്തിൽ ക്രൈസ്തവരും ആരാധനാരീതിയിൽ സുറിയാനിയും ആചാരാനുഷ്ഠാനങ്ങളിൽ ദേശീയവുമായി സ്വസ്ഥമായി മതജീവിതം നയിച്ചിരുന്ന കേരള ക്രിസ്ത്യാനികളുടെ ഇടയിൽ പാശ്ചാത്യശക്തികളുടെ കടന്നുവരവ് അസ്വസ്ഥതകൾ സൃഷ്ടിച്ചു. 1599ലെ ഉദയംപേരൂർ സുന്നഹദോസോടുകൂടി ഈ അസ്വസ്ഥതകൾ അസഹനീയമായി. 1653ലെ 'കൂനൻകുരിശ്സത്യ'ത്തോടുകൂടി ഇതു സഭയിൽ ഭിന്നതയായി വളർന്നു. **ഐക്യ ശ്രമങ്ങളുടെ നിരന്തര പരാജയം ഭിന്നിച്ചുനിന്ന വിഭാഗത്തെ കാലാന്തരത്തിൽ യാക്കോബായ സഭയായി പരിണമിപ്പിച്ചു.** സാർവത്രിക സഭയുമായി ഐക്യപ്പെടുവാനുള്ള ശ്രമങ്ങൾ വീണ്ടും തുടർന്നുകൊണ്ടിരുന്നെങ്കിലും ഭിന്നിച്ചു മാറിയവ



## മാതാപിതാക്കന്മാർക്കുള്ള പത്ത് പ്രമാണങ്ങൾ

1. നിങ്ങളുടെ കുട്ടികൾ നിങ്ങൾക്ക് സ്നേഹിതരെപ്പോലെയാവണം. അവരെ വിശ്വസിക്കണം. കുറ്റം കണ്ടുപിടിക്കാൻ മാത്രമായി കാത്തുനിൽക്കുന്നവരെപ്പോലെയാകരുത്.
2. സത്പ്രവൃത്തികൾ ചെയ്യേണ്ടവിധം നിങ്ങളുടെ കുട്ടികൾക്ക് മാതൃക കാണിച്ചുകൊടുക്കണം. അവരുടെ നൈസ്സർഗ്ഗികവാസനകളും ഭാവനാസമ്പത്തും കർമ്മശേഷിയും മറ്റും അങ്ങേയറ്റം പ്രയോജനപ്പെടുത്തുവാൻ അവരെ പ്രോത്സാഹിപ്പിക്കണം. അവരുടെ നേട്ടങ്ങളിൽ അതത് സമയം അഭിനന്ദനവും സംതൃപ്തിയും രേഖപ്പെടുത്തണം.
3. കുട്ടികളുടെ പ്രവർത്തനപുരോഗതിയിൽ താത്പര്യവും ശ്രദ്ധയും കാണിക്കണം. തത്സംബന്ധമായി അദ്ധ്യാപകരെയും സഭാധികാരികളെയും സന്ദർശിച്ച് കാര്യങ്ങൾ പങ്കുവെയ്ക്കണം. അവർ നല്ലവരായി വളർന്ന് വരുവാൻ പ്രാർത്ഥിക്കണം.
4. നല്ല പ്രവൃത്തികൾക്ക് പ്രോത്സാഹനം കൊടുക്കണം. തിന്മ ചെയ്യുമ്പോൾ ശാസിക്കുകയും ശിക്ഷിക്കുകയും വേണം. എന്നാൽ ഒരിക്കലും ശിക്ഷ അമിതമായിപ്പോകരുത്. തെറ്റുപറ്റിയത് എവിടെയെന്നും എങ്ങനെയെന്നും ഗ്രഹിപ്പിച്ചിട്ടേ ശിക്ഷിക്കാവൂ.
5. ശാസനയും ശിക്ഷയും മറ്റും, പിതാവിനോ മാതാവിനോ വ്യക്തിപരമായി വെയ്ക്കാതെ, രണ്ടു പേരും തുല്ല്യ ഉത്തരവാദിത്വത്തോടെ പെരുമാറണം. കുട്ടികളെ ശിക്ഷിക്കേണ്ടിവരുമ്പോൾ മാതാപിതാക്കൾ പരസ്പരം കുറ്റാരോപണം നടത്തുകയോ പക്ഷം പിടിക്കുകയോ ചെയ്യരുത്.
6. മുതിർന്നവരുടെയും അതിഥികളുടെയും സാന്നിദ്ധ്യത്തിൽ കുട്ടികളെ പ്രത്യേകം പരിഗണിക്കണം. അവരെ അവഗണിക്കരുത്. കുടുംബത്തിൽ തങ്ങൾ വേണ്ടാത്ത വ്യക്തികളാണെന്ന വിചാരം അവരിൽ വളർത്തരുത്. തങ്ങൾക്കും കുടുംബത്തിൽ സ്ഥാനമുണ്ടെന്നും, ചില ഉത്തരവാദിത്വങ്ങൾ ഉണ്ടെന്നും കുട്ടികളെ ബോധ്യപ്പെടുത്തണം.
7. ജീവിതരഹസ്യങ്ങളെപ്പറ്റിയും വളർച്ചയുടെ ഓരോരോ ഘട്ടത്തിലുമുള്ള പ്രത്യേകതകളെപ്പറ്റിയും പിതാവ് പുത്രനെയും മാതാവ് പുത്രിയേയും യഥാവിധി ഗ്രഹിപ്പിക്കണം. ആ ഉത്തരവാദിത്വം അവഗണിച്ചാൽ ചീത്തകൂട്ടുകാരും, അശ്ലീലഗ്രന്ഥങ്ങളും, മോശമായ സിനിമയും മറ്റും കുട്ടികളെ വഴിതെറ്റിക്കും.
8. കുട്ടികളുടെ സ്നേഹിതരെ നിങ്ങളുടെ വീട്ടിൽ ഹൃദയപൂർവ്വം സ്വാഗതം ചെയ്യണം. അവർക്ക് ഉല്ലസിക്കുവാനും അവസരംകൊടുക്കണം.
9. മാതാപിക്കന്മാർ കുട്ടികളോടൊത്ത് വി. കുർബാനയിൽ സംബന്ധിച്ച് വി. കുർബാന സ്വീകരിക്കണം. കൂടെക്കൂടെ കുമ്പസാരിച്ച് പ്രസാദവരഅവസ്ഥയിലായിരിക്കുകയും വേണം. മതബോധനം, സഭാസേവനം, ഭക്തസംഘടനകളുടെ പ്രവർത്തനം തുടങ്ങിയ കാര്യങ്ങൾക്ക് കുട്ടികൾക്ക് പ്രോത്സാഹനം കൊടുക്കണം.
10. അയൽക്കാരോടുള്ള സ്നേഹം, ദേശഭക്തി, സാധുജനസംരക്ഷണം, ജീവകാരുണ്യപ്രവൃത്തികൾ തുടങ്ങിയ കാര്യങ്ങളിലും മക്കൾക്ക് ആവേശവും പ്രചോദനവും നൽകണം. നമ്മുടെ ആവശ്യത്തിനായി സൂക്ഷിച്ചിരിക്കുന്ന സമ്പത്തിൽനിന്ന് കഴിവിന് അനുസരിച്ച് പാവങ്ങളെ സഹായിക്കണം.

രുടെ ചരിത്രം ഭിന്നതകളുടെയും വിഭജനങ്ങളുടെയും ഘോഷയാത്രയായി മാറി.

സഭയുടെ പൂർണതയ്ക്ക് വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമാ മാർപാപ്പയുടെ നേതൃത്വവും അദ്ദേഹവുമായുള്ള സംസർഗവും അനിവാര്യമാണെന്നും ഭിന്നത സുവിശേഷസാക്ഷ്യത്തിന് വിഘാതമാണെന്നും തായ്ത്തണ്ടിൽനിന്നകന്നുനിൽക്കുന്നത് ശാഖയുടെ നാശത്തിൽ കലാശിക്കുമെന്നും വിഭജിത വിഭാഗം തിരിച്ചറിഞ്ഞിരുന്നു. ഈ തിരിച്ചറിവിന്റെ ഫലമായിരുന്നു നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരുന്ന പുനരൈക്യശ്രമങ്ങൾ: ഈ തിരിച്ചറിവാണ് പുനരൈക്യത്തിനുവേണ്ടി ശ്രമിക്കാൻ 'ഓർത്തഡോക്സ് സഭയെ' പ്രേരിപ്പിച്ചതും അതിനായി ബഥനിയുടെ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ നിയോഗിച്ചതും.

സഭാശാസ്ത്രവും സഭാചരിത്രവും ആഴത്തിൽ പഠിച്ച മാർ ഈവാനിയോസ് മെത്രാപ്പോലീത്ത റോമുമായി കത്തിടപാടുകൾ നടത്തി മലങ്കര മക്കളുടെ ഐക്യത്തിനുള്ള ചിരകാലാഭിലാഷം നേടിയെടുത്തു. പുനരൈക്യശ്രമത്തിനുതന്നെ ചുമതലപ്പെടുത്തുകയും നിർബന്ധിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്ന പല മെത്രാപ്പോലീത്താമാരും സാമൂഹികവും സാമ്പത്തികവും അധികാരപരവുമായ പല കാരണങ്ങളാൽ പിൻതിരിഞ്ഞപ്പോഴും മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും അനുയായികളും സാർവത്രിക സഭയുമായുള്ള കൂട്ടായ്മയിലേക്കു കടന്നുവന്നു. **ആ ചരിത്രസംഭവത്തെയാണല്ലോ നാം മലങ്കര പുനരൈക്യം എന്നു വിളിക്കുന്നത്.**

പുനരൈക്യസംഭവം മലങ്കരയിൽ വലിയ അലയടികൾ ഉളവാക്കി. സഭാജീവിതവും ആത്മികജീവിതവും ഗൗരവമായി എടുത്തിരുന്ന അനേകർ സഭാശാസ്ത്രവും സഭാചരിത്രവും ഗൗരവമായി പഠനവിഷയമാക്കുവാൻ ഈ സംഭവം ഇടയാക്കി. തങ്ങൾ അനുവർത്തിക്കുന്ന ആരാധനാരീതികളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഭരണക്രമങ്ങളും അതേപടി പരിപാലിച്ചുകൊണ്ട് സഭാപൂർണത നേടുവാൻ സാധിക്കുമെന്നും സാർവത്രിക സഭയുടെ ഭാഗമായി വിശുദ്ധ പത്രോസിന്റെ പിൻഗാമിയായ റോമിലെ പരിശുദ്ധ മാർപാപ്പായുടെ ശ്ലൈഹികനേതൃത്വത്തിൽ വലിയ പ്രേഷിതമുന്നേറ്റത്തിന് സാധ്യതയുണ്ടെന്നും കണ്ട അനേകായിരങ്ങൾ പുനരൈക്യത്തിലൂടെ സാർവത്രിക സഭയിലേക്കു കടന്നുവരുവാൻ തുടങ്ങി. സാർവത്രിക സഭയുടെ വലിയ ആശീർവാദവും അനുഗ്രഹവും പിൻബലവും പുനരൈക്യസംരംഭത്തിന് ലഭിച്ചുകൊണ്ടിരുന്നു. പുനരൈക്യപ്പെടുന്ന ബഹു. വൈദികരുടെയും അല്മായരുടെയും സംഖ്യ അനുദിനം വർധിച്ചുകൊണ്ടിരുന്നു. **പരിശുദ്ധ മാർപാപ്പാ തിരുമനസുകൊണ്ട് 1932ൽ പുനരൈക്യപ്പെട്ടവർക്കായി 'മലങ്കര സുറിയാനി കത്തോലിക്കാ' ഹയരാർക്കി സ്ഥാപിക്കുകയും തിരുവനന്തപുരം അതിരൂപതയും തിരുവല്ലാ രൂപതയുമായി സഭാഘടകത്തെ ക്രമീകരിക്കുകയും ചെയ്തു.** തിരുവനന്തപുരം അതിരൂപതാധ്യക്ഷനായി മാർ ഈവാനിയോസ് പിതാവിനെയും തിരുവല്ലാ രൂപതാധ്യക്ഷനായി മാർ തെയോഫിലോസ് പിതാവിനെയും നിയമിച്ചതോടുകൂടി പുനരൈക്യപ്പെടുന്നവർ ഒരു സഭയായി നൈയാമികമായി സാർവത്രിക സഭാ കൂട്ടായ്മയിൽ ശക്തിപ്പെടുവാൻ തുടങ്ങി.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ധൃതഗതിയിലുള്ള വളർച്ച അകത്തോലിക്കാ സഭകളെ പ്രത്യേകിച്ച്, യാക്കോബായ, ഓർത്തഡോക്സ് സഭകളെ ആധിയിലാക്കി. അവർ പുനരൈക്യ പ്രസ്ഥാനത്തിനും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കുമെതിരായി പീഡനങ്ങളും സത്യസഭയ്ക്കും സഭാപഠനങ്ങൾക്കുമെതിരായി അബദ്ധ പ്രചരണങ്ങളും ആക്രമണങ്ങളും അഴിച്ചുവിടുകയും ചെയ്തു. **ഈ ചരിത്ര പശ്ചാത്തലത്തിൽ ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് നിയോഗിച്ച വ്യക്തിയായിരുന്നു മോൺ. തോമസ് വടശേരി.** അകത്തോലിക്കാ സഭാ നേതൃത്വം സഭാശാസ്ത്രവും സഭാചരിത്രവും വികലമാക്കി അവതരിപ്പിച്ച് സഭാമക്കളെ തെറ്റിധരിപ്പിക്കുന്ന പശ്ചാത്തലത്തിൽ സത്യം പ്രഘോഷിക്കാനായി സീറോ മലബാർ സഭയിൽനിന്ന് **ദൈവം പ്രത്യേകം തെരഞ്ഞെടുത്ത് ഒരുക്കി ശക്തിപ്പെടുത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കു നൽകിയ സമ്മാനമായിരുന്നു അദ്ദേഹം.** സാർവത്രിക സഭയുടെ ചരിത്രവും മലങ്കര സഭയുടെ ചരിത്രവും ലഭ്യമായ തെളിവുകളുടെ പിൻബലത്തിൽ പ്രസംഗങ്ങളിലൂടെയും രചനകളിലൂടെയും അദ്ദേഹം സാധാരണക്കാർക്ക് ലഭ്യമാക്കി. സഭാശാസ്ത്രവും വിശുദ്ധ പത്രോസിന്റെ ശ്ലൈഹിക പരമാധികാരവും റോമാ മാർപാപ്പയുടെ പ്രാമുഖ്യവും ദൈവവചനത്തിന്റെയും സഭാ പിതാക്കന്മാരുടെ പ്രബോധനങ്ങളുടെയും ദൈവശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രസംഗങ്ങളിലൂടെയും പ്രബന്ധങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും അദ്ദേഹം മലങ്കരയിലാകമാനം എത്തിച്ചു. ഗഹനങ്ങളായ ദൈവശാസ്ത്ര വിഷയങ്ങൾ ലളിതമായും ആകർഷകമായും അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന നൈപുണ്യം അനുപമമായിരുന്നു. നൂറുകണക്കിനു പ്രസംഗവേദികളിൽ കേരളത്തിൽ അങ്ങോളമിങ്ങോളം അദ്ദേഹം നിറഞ്ഞ സാന്നിധ്യമായിരുന്നു. പതിനായിരക്കണക്കിനു പേജുകൾ അദ്ദേഹം എഴുതിക്കൂട്ടി. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ചൂടപ്പംപോലെ വിറ്റഴിഞ്ഞു. സഭാവിഷയങ്ങൾ കൈകാര്യം ചെയ്യുന്നവർക്ക് അദ്ദേഹത്തിന്റെ രചനകൾ അടിസ്ഥാനങ്ങളായി മാറി. പരിശുദ്ധ കത്തോലിക്കാ സഭയ്ക്കെതിരായി എതിരാളികൾ തൊടുത്തുവിടുന്ന അബദ്ധ പഠനങ്ങളുടെ കൂരമ്പുകളെ പ്രതിരോധിക്കുവാൻ അനേകർക്ക് ബഹു. വടശേരിലച്ചന്റെ ഗ്രന്ഥങ്ങൾ പരിചയായി. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രോതാക്കളെ ഹരം കൊള്ളിച്ചു. പുനരൈക്യപ്പെടുന്നവരെ സത്യസഭാവിശ്വാസത്തിൽ ഉറപ്പിക്കുവാനും ഇതര സഭാമക്കളെ സത്യസഭയെയും സഭയുടെ വിശ്വാസ

ത്തെയും കുറിച്ച് ചിന്തിപ്പിക്കുവാനും അദ്ദേഹത്തിന്റെ പ്രസംഗങ്ങളും രചനകളും സഹായിച്ചു. 1936 മുതൽ 1966 വരെയുള്ള മുപ്പതു വർഷക്കാലം മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് '**വടശേരിയുഗം**' എന്നു പറഞ്ഞാൽ അത് അതിശയോക്തിയായിരിക്കുകയില്ല. അഗാധമായ അറിവും അതുപയോഗിച്ച് മറ്റുള്ളവർക്ക് മാർഗനിർദേശം നൽകാൻ കരുത്തുമുള്ളവനായിരുന്നു അദ്ദേഹം. പ്രൊഫസർ മാത്യു ഉലകംതറ പറയുന്നത് ശ്രദ്ധിക്കുക: **"കത്തോലിക്കാ സഭയുടെ നിലനില്പും അവകാശവാദങ്ങളും എത്രത്തോളം ന്യായയുക്തമാണെന്ന് ഇതര ക്രൈസ്തവസഭകൾക്കു തെളിയിച്ചു കൊടുക്കാൻ മോൺ. വടശേരിയുടെ കൃതികൾപോലെ സഹായിച്ചിട്ടുള്ള മറ്റൊന്നും കേരളത്തിലുണ്ടായിട്ടില്ല"** (വി. കിളിച്ചുമല: മോൺ. വടശേരി; പുറം 8).

### അല്പം കുടുംബപുരാണം

പോർട്ടുഗീസുകാരുടെ വരവിനു മുമ്പ് മലങ്കര സഭയുടെ ആസ്ഥാനമായിരുന്നു അങ്കമാലി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രഥമ അതിരൂപത അങ്കമാലിയായിരുന്നു. അങ്കമാലി അതിരൂപതയിലെ അവസാനത്തെ പേർഷ്യൻ ബിഷപ്പായിരുന്ന മാർ അബ്രഹാം (1583-1597) കബറടങ്ങിയിരിക്കുന്നത് അങ്കമാലിയിലാണ്. ഈ കഴിഞ്ഞ സെപ്റ്റംബറിൽ (19-09-2015) വി. ഹോർമീസിന്റെ നാമത്തിലുള്ള അങ്കമാലിയിലെ കിഴക്കേപള്ളി നവീകരിക്കുമ്പോൾ മാർ അബ്രഹാമിന്റെ 418 വർഷം പഴക്കമുള്ള കബറിടം കണ്ടെത്തിയത് മാധ്യമങ്ങളിൽ വാർത്തയായിരുന്നു. പതിനാലാം നൂറ്റാണ്ടിൽ മലബാർ സന്ദർശിച്ച മോണ്ടി കാർണിയരോ എന്ന വിദേശ സഞ്ചാരിയുടെ വിവരണത്തിൽനിന്നും അങ്കമാലിയിൽ ഒരു ദൈവശാസ്ത്ര പഠന കേന്ദ്രമുണ്ടായിരുന്നതായും മനസിലാക്കാം. മാർത്തോമ്മാ നസ്രാണികളുടെ ഈറ്റില്ലമായ അങ്കമാലിയിൽ 'കുരിശുംമൂട്' തറവാട്ടിൽനിന്നും കാഞ്ഞിരപ്പള്ളി തമ്പലക്കാട്ടേക്ക് കുടിയേറിയ പിതാവാണ് 'കുന്നുമ്പ്രം' കുടുംബത്തിന്റെ സ്ഥാപകൻ. കുന്നുമ്പ്രം കുടുംബത്തിന്റെ ഒരു ശാഖയാണ് 'വടശേരി'.

തമ്പലക്കാട്ട് വടശേരിവീട്ടിൽ കുഞ്ഞപ്പിയുടെയും ചിറക്കടവ് നാഗത്തുങ്കൽ റോസമ്മയുടെയും എട്ട് മക്കളിൽ രണ്ടാമത്തെ സന്തതിയായി 1908 ഒക്ടോബർ എട്ടാം തീയതി കുഞ്ഞോമ്മ എന്ന് ഓമനപ്പേരിൽ വിളിക്കപ്പെട്ടിരുന്ന തോമസ് ജനിച്ചു. വി.ജെ. തോമസ് എന്ന് ഔദ്യോഗിക പേര്. കുഞ്ഞോമ്മയ്ക്ക് കുഞ്ഞുദേവസ്യാ, ജോസഫ് എന്നു രണ്ട് സഹോദരന്മാരും ഏലിക്കുട്ടി, മറിയാമ്മ, അന്നമ്മ, ത്രേസ്യാമ്മ, റോസമ്മ എന്ന് അഞ്ച് സഹോദരിമാരും.

### വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസം തമ്പലക്കാട്ടുള്ള സർക്കാർ പ്രൈമറി സ്കൂളിൽ. മിഡിൽ സ്കൂൾ പഠനം വീട്ടിൽനിന്നും നാലു മൈൽ ദൂരെ കാഞ്ഞിരപ്പള്ളി സർക്കാർ ഇംഗ്ലീഷ് സ്കൂളിൽ. കാടുംമേടും താണ്ടിയുള്ള യാത്ര ബാലനെ ധൈര്യശാലിയാക്കി. ഹൈസ്കൂൾ പഠനം പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ. താമസം ബോർഡിംഗിൽ മറ്റ് നൂറ് കുട്ടികളോടൊപ്പം. ഹൈസ്കൂൾ പഠനവും ബോർഡിംഗ് വാസവും ബാലന്റെ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ചു. തിരുവല്ലാ രൂപതയിൽ സഹവൈദികരായിരുന്ന മോൺസിഞ്ഞോർ ജോൺ കച്ചിറമറ്റവും ഫാ. ജോസഫ് നിലപ്പനയും അന്നു ബോർഡിംഗിൽ സഹപാഠികളായിരുന്നു തോമസ് വിശുദ്ധ കുർബാനയിൽ സഹായിക്കാൻ പഠിച്ചത് ബോർഡിംഗ് വാസക്കാലത്തായിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും വിശുദ്ധ കുർബാനയിൽ സഹായിക്കുവാനും തോമസ് ശ്രദ്ധിച്ചിരുന്നു. അന്നു മുതൽ വൈദിക ജീവതത്തോട് ആഭിമുഖ്യം തോമസിൽ രൂപപ്പെട്ടു തുടങ്ങിയിരുന്നു.

### സെമിനാരിയിലേക്ക്

1928ൽ ചങ്ങനാശേരി രൂപതയിൽ വൈദികനാകുവാനായി രൂപതവകയായുള്ള കോട്ടയം സെമിനാരിയിൽ ചേർന്നു. റെക്ടർ ഫാ. കുര്യൻ മണ്ണനാലിന്റെയും ആധ്യാത്മിക പിതാവ് ഫാ. ജേക്കബ് വെള്ളരിങ്ങാട്ടിലിന്റെയും ശിക്ഷണത്തിൽ രണ്ടു വർഷത്തെ മൈനർ സെമിനാരി പഠനവും പരിശീലനവും വിജയകരമായി പൂർത്തിയാക്കി 1930ൽ തത്വശാസ്ത്രപഠനത്തിനായി പുത്തൻപള്ളി സെമിനാരിയിൽ ചേർന്നു.

(തുടരും)




**മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അമേരിക്കയും കാനഡയും കേന്ദ്രീകരിച്ച് രൂപിതമായ ഭദ്രാസനത്തിന്റെ ഇടയൻ അഭി. തോമസ് മാർ യൗസേബിയോസ് പിതാവിനും ദൈവജനത്തിനും തിരുവല്ലാ അതിഭദ്രാസനത്തിന്റെ ആശംസകൾ**

## ഇടയശബ്ദം 5 –ാം പേജ് തുടർച്ച

കളുടെ നാടാണ്. അതായത് മൗനം ഭജിക്കുന്നവരുടെ. വർത്തമാനകാലം ബഹളങ്ങളുടെ, ആരവങ്ങളുടെ, ആഘോഷങ്ങളുടെ ഒക്കെ ശൈലിയാണ് വച്ചു നീട്ടുന്നത്. ടി. വി. യും, സാമൂഹികമാദ്ധ്യമങ്ങളുടെ അടിമത്തവും എല്ലാം നന്മ കാണുന്നതിനും നന്മ ചിന്തിക്കുന്നതിനും പറയുന്നതിനും മനുഷ്യനെ പ്രാപ്തനാക്കുന്നുണ്ടോ എന്ന് സംശയിക്കുന്നു. മറിച്ചാണെന്നാണ് മിക്ക അനുഭവങ്ങളും. ഇത്രയും നിഷേധവും, ഇത്രയും ആക്ഷേപവും ഇത്രയും വെറുപ്പും എങ്ങനെ ഈ മനുഷ്യ ഹൃദയത്തിൽ കുടിയിരുത്താൻ കഴിയും? ഈ നോമ്പുകാലം നമുക്ക് മൗനം പാലിക്കാനുള്ള അവസരമാണ്. മൗനം ശീലിക്കുന്നവർക്കേ സമാധാനം അനുഭവിക്കാൻ കഴിയൂ. ദൈവവും ഞാനും തമ്മിലുള്ള ബന്ധം ഉറപ്പിക്കുന്ന ഏകാഗ്രതയുടെ നിമിഷങ്ങളാണ് മൗനം. ആത്മിക ഉൽക്കർഷം ഇതു വഴി ഉണ്ടാകും. മാത്രമല്ല നമ്മുടെ പല പ്രതിസന്ധികളും പ്രശ്നങ്ങളും മാറുകയും ചെയ്യും. ഞാനെന്താണ് ചിന്തിക്കുന്നത്, എങ്ങനെയാണ് പ്രതികരിക്കുന്നത്, ഏതാണ് ശരി ഇവയെപ്പറ്റിയൊക്കെ നമുക്കു നല്ല അവബോധം ഉണ്ടാകണം.

അതുപോലെ ഈ നോമ്പുകാലത്ത് നല്ല ഒരുക്കത്തോടെ കുമ്പസാരം നടത്തുവാനും പാപമോചനം പ്രാപിച്ചവരായി കരുണയുടെ ആർദ്രമായ അനുഭവത്തിലേക്ക് കടന്നുവരുവാനും കഴിയണം. ഭാരങ്ങൾ നാം കൊണ്ടുനടക്കുന്നത് ദൈവത്തിനു ഇഷ്ടമുള്ള കാര്യമല്ല. “നിങ്ങളുടെ ഭാരങ്ങൾ എന്നെ ഏൽപിച്ചു കൊള്ളുക, ഞാനവയെ വഹിച്ചുകൊള്ളാം എന്നും, അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുത്തു വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” എന്ന് അരുളിയതും നമുക്കു ഓർക്കാം. ദൈവസ്നേഹത്തിന്റെയും കരുണയുടെയും ആർദ്രമായ അനുഭവമാണ് കുമ്പസാരം. നല്ല കുമ്പസാരം ആശ്വാസവും സന്തോഷവും നൽകും. എല്ലാവർക്കും അനുഗ്രഹപ്രദമായ നോമ്പുകാലം ആശംസിക്കുന്നു. നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധിതരുടെ എണ്ണം നമ്മെ അത്ഭുതപ്പെടുത്തുന്നു-സ്തബ്ധരാക്കുന്നു. ഭക്ഷണത്തിലേ വിഷച്ചേരുവ, വ്യായാമം ഇല്ലാത്തത്, നല്ല കുടിവെള്ളം ഇല്ലാത്തത്, മത്സ്യ മാംസാദികളുടെ അതിഭോജനം തുടങ്ങിയവയാണ് ഇവയ്ക്ക് പ്രധാന കാരണങ്ങൾ. ആരോഗ്യ സാക്ഷരതയും ഭക്ഷ്യ സാക്ഷരതയും കൃഷി സാക്ഷരതയും നാം അഭ്യസിക്കേണ്ടിയിരിക്കുന്നു. കാരിത്താസ് ഇന്ത്യയോടു ചേർന്ന് നാം “ആശാകിരണം” എന്ന ഒരു പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുകയും വന്നവർക്കു വേണ്ട പരിചരണവും സാമ്പത്തിക സഹായങ്ങളും നൽകുകയുമാണ് ഇവയുടെ ലക്ഷ്യം. നാം എല്ലാവരും ഈ കാര്യങ്ങളിൽ പങ്കാളികളാവണം. ഈ മാരകമായ രോഗത്തെ നമ്മുടെ സമൂഹത്തിൽ നിന്നും പാടെ പിഴുതു മാറ്റണം. നമ്മുടെ ശ്രദ്ധ ഈ കാര്യത്തിൽ അനിവാര്യമാണ്.


അമേരിക്കയും, കാനഡയും ഉൾപ്പെടുന്ന ഭൂപ്രദേശങ്ങളിലെ മലങ്കര മക്കളുടെ സഭാത്മക ജീവിതത്തിനും മിഷ്യൻ പ്രവർത്തനത്തിനും സമാധാന രാജ്ഞിയുടെ നാമത്തിൽ ഒരു ഭദ്രാസനം ന്യൂയോർക്ക് കേന്ദ്രമായി ഔപചാരികമായി സമാരംഭിച്ചതിൽ നമുക്കു വലിയ അഭിമാനമുണ്ട്. ദൈവദാസൻ മാർ ഈവാനിയോസ് പിതാവും, 1977 ൽ അത്തനാസിയോസ് പിതാവും, 1984 ൽ ബനഡിക്ട് പിതാവും ആരംഭം കുറിച്ച ഈ വലിയ നന്മ ഇന്ന് നമ്മുടെ സഭയുടെ വലിയ ആവേശവും അനുഗ്രഹവുമാണ് അതിരൂപത എന്നനിലയിൽ നാം ഇതിന്റെ നിർമ്മിതിയിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. വന്ദ്യ മേളാംപറമ്പിൽ റമ്പാച്ചൻ, മോൺ. പീറ്റർ കോച്ചേരി, ആന്റണി ചെത്തിപ്പുഴ തുടങ്ങിയ അനേകം വൈദികരുടെ നിസ്തുലമായ സേവനം അതിരൂപത കാഴ്ചവച്ചിട്ടുണ്ട്. ഇന്നും അത് തുടരുകയും ചെയ്യുന്നു. എല്ലാത്തിനും നമുക്ക് ദൈവത്തിന് നന്ദി കരേറ്റാം. ●

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**പ്രിയ ജോർജ്ജ്, ഗുജറാത്ത്, വിരാവൽ**


**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.


**റ്റിജു ജോസഫ് & ഫാമിലി**



# കുടുംബ സിനഡ് 2015

**2015 ഒക്ടോബർ 4 മുതൽ 25 വരെ വത്തിക്കാനിൽ വച്ച് നടന്ന ആഗോള സിനഡിൽ കേരളത്തിൽനിന്നുള്ള അത്മായ പ്രതിനിധിയായി പങ്കെടുത്ത പ്രൊഫ. ജേക്കബ് എം. ഏബ്രഹാം നടത്തിയ പ്രസംഗം.**

പരി. പിതാവേ, സുനഹദോസ്, പിതാക്കന്മാരെ, സഹോദരി സഹോദരന്മാരെ,

നിങ്ങളേവരെയും ഭാരതത്തിലെ മുഴുവൻ ജനങ്ങളുടെയും സ്നേഹാദരവുകൾ ഞാൻ അഭിമാനപൂർവ്വം അറിയിക്കുന്നു. ഈ കാലഘട്ടത്തിൽ ലോകമാസകലമുള്ള കുടുംബ ങ്ങൾ അഭൂതപൂർവ്വമായ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. തൽഫല മായി കുടുംബബന്ധങ്ങളിൽ ശോകാവഹമായ അധഃപതനങ്ങളും മൂല്യങ്ങൾക്ക് ആപത് കരമായ നാശവും സംഭവിച്ചുകൊണ്ടിരിക്കുന്നു. കുടിയേറ്റം, വിവാഹമോചനം, അണു കുടുംബ കാഴ്ചപ്പാടുകൾ തുടങ്ങി അനേകം അപകടകരമായ പ്രതിഭാസങ്ങൾ കുടും ബബന്ധങ്ങളെ ആഴമില്ലാത്തതും ഉപരിപ്ലവവുമാക്കിത്തീർക്കുന്നു.

ഇന്ത്യയിൽ വിവാഹം ഇപ്പോഴും പവിത്രമായി കരുതപ്പെടുന്നു. അതോടൊപ്പം സമൂ ഹത്തിന്റെ പിൻബലവും സാന്നിദ്ധ്യവും എല്ലാ വിവാഹങ്ങൾക്കുമുണ്ട്. കേവലം രണ്ടു വ്യക്തികളുടെ ഐക്യം എന്നതിലുപരി രണ്ടു കുടുംബങ്ങൾ തമ്മിലുള്ള ഐക്യ മായി വിവാഹബന്ധത്തെ കാണുന്നു. സമൂഹം വിവാഹത്തെ ഒരു പ്രാദേശികാ നുഭവമാക്കിത്തീർക്കുന്നതു മൂലം ദമ്പതികളിൽ നിന്നും ഇത് കൂടു തൽ വിശ്വസ്തതയും സമർപ്പണവും ആവശ്യപ്പെടുന്നു. മുത്ത ച്ഛനും മുത്തശ്ശിയും തുടങ്ങി പേരക്കുട്ടികൾ വരെ ഒരു മേൽക്കൂരയ്ക്കു കീഴിൽ ഒന്നിച്ചു വസിക്കുന്ന കൂട്ടു കുടുംബ സമ്പ്രദായം ഇന്ത്യയിൽ സാധാരണ മാണ്. ഈ ഒത്തൊരുമ കുടുംബബന്ധ ങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നു. മാർത്തോമ്മാ ക്രിസ്ത്യാനിക ളുടെയിടയിൽ കുടുംബ

ങ്ങൾ ഒന്നിച്ച് പ്രാർത്ഥിക്കുകയും പാട്ടുപാടുകയും വി. ഗ്രന്ഥം വായിക്കുകയും ചെയ്യുന്ന നല്ല പാരമ്പര്യം ഇപ്പോഴും നിലനില്ക്കുന്നു. ഒരു പിതാമഹന്റെ പിൻതലമുറക്കാർ എല്ലാവരും ഒരുമിച്ചു കൂടുന്ന കുടുംബയോഗങ്ങൾ കേരളത്തിൽ സാധാരണമാണ്. വിവിധ കുടുംബങ്ങളിലും വിവിധ ക്രൈസ്തവ സഭകളിലും പെടുന്ന ആളുകൾ കുടുംബബന്ധങ്ങളുടെ പേരിൽ ഒരുമിച്ചു ചേർന്ന് ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. അംഗങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിന്നും തർക്കങ്ങൾ ഉണ്ടെങ്കിൽ രമ്യമായി പരിഹരിക്കുന്നതിനുമുള്ള പൊതുവേദിയായി ഇത്തരം കൂട്ടായ്മകൾ മാറുന്നു.

സീറോ-മലങ്കര കത്തോലിക്കാസഭയുടെ ആരംഭം (1930) മുതൽ തന്നെ കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുവേണ്ടി, ഈവാനിയോസ് തിരുമേനി വിഭാവന ചെയ്തിരുന്ന അത്മായരുടെ മൂന്നാം സഭ "ത്രിത്വാശ്രമം" എന്ന പേരിൽ നിലവിൽ വന്നിരുന്നു. സന്തോഷപൂർണ്ണവും ആത്മീയതയിലധിഷ്ഠിതവുമായ വിവാഹജീവിതത്തിന് വിശ്വാസികളെ ഒരുക്കുകയെന്നതായിരുന്നു ഇതിന്റെ



ഉദ്ദേശ്യം. ഇന്ന് ഈ പ്രസ്ഥാനത്തെ പുനർജ്ജീവിപ്പിച്ച് 'സുവിശേഷ സംഘം' എന്ന പേരിൽ സഭയിൽ ഔദ്യോഗികമായി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. ഒരു വർഷം കൊണ്ട് 18000 ഓളം കുടുംബങ്ങൾ സന്ദർശിച്ച് 45 മിനിട്ടോളം സമയം കുടുംബാംഗങ്ങളുമൊത്ത് സംഭാഷണത്തിലും പ്രാർത്ഥനയിലും സംഘാംഗങ്ങൾ ചെലവഴിക്കുന്നു.

ചെറുപ്പക്കാർക്കും യുവദമ്പതികൾക്കും അവർക്ക് ആവശ്യമായതു നല്കുവാനുള്ള വലിയ ഉത്തരവാദിത്വം ലോകത്തിന്റെ ധാർമ്മിക ശബ്ദവും തിരുത്തൽ ശക്തിയുമായ സഭയ്ക്കുണ്ട്. നമുക്ക് ചുറ്റുമുള്ള വിരുദ്ധശക്തികൾ നല്കുന്ന മോഹനവാഗ്ദാനങ്ങളിൽ പതിയിരിക്കുന്ന ചതിക്കുഴികൾ കണ്ടെത്തുകയെന്നതാണ് ഇന്നിന്റെ ഏറ്റവും വലിയ ആവശ്യം. വിവാഹത്തെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ കാഴ്ചപ്പാടിൽ വെള്ളം ചേർത്താൽ വ്യാപകമായ ഫലങ്ങൾ ഉണ്ടാകുമെന്നു മാത്രമല്ല, ഇപ്പോഴത്തെ അവസ്ഥയെ അതു കൂടുതൽ വഷളാക്കുകയും ചെയ്യും. സഭ സ്വീകരിക്കുന്ന ഉറച്ച നിലപാടുകൾ മാത്രമായിരിക്കും ഭാവിയിൽ നമുക്കുള്ള വലിയ പ്രതീക്ഷ.

## നോമ്പ്... 22–ാം പേജ് തുടർച്ച

അർത്ഥം സ്നേഹം എന്നാണ്. സ്നേഹത്തിൽ നിന്നുത്ഭവിക്കുന്ന ദാനം ആണ് ചാരിറ്റി. എന്നാൽ ഇന്ന് സ്നേഹം ഇല്ലെങ്കിലും 'ചാരിറ്റി' ആവാം എന്നു ചിന്തിച്ചു പ്രവർത്തിക്കുന്നവരുണ്ട്. നോമ്പ് സ്നേഹാധിഷ്ഠിതമായ ഉദാരതയ്ക്കു നമ്മെ ക്ഷണിക്കുന്നതാണ്. 'നോമ്പ് സ്നേഹമാണ്, സ്നേഹം കൂടാതെ ഒരുവൻ നോമ്പു നോക്കുന്നുയെങ്കിൽ അവന്റെ നോമ്പിനു യായൊരു വിശേഷതയുമില്ല എന്ന് നോമ്പിലെ പ്രാർത്ഥനതന്നെ പറയുന്നു.

### നോമ്പിന്റെ ആത്മശുദ്ധീകരണം

നോമ്പ് ആത്മശുദ്ധീകരണ മാർഗ്ഗമാണ്. ആത്മാവിനു വിനാശകരമായ രീതികൾ എന്നത് അഹങ്കാരം, നിന്ദ, പക,വിദ്വേഷം, ക്രമംകെട്ട ലൈംഗിത, കോപം തുടങ്ങിയവയൊക്കെയാണ്. നോമ്പ് ആരംഭിക്കുന്നത് 'ശുബ്ക്കോനെ' (നിരപ്പാകൽ) ശുശ്രൂഷയോടുകൂടിയാണ്. ക്ഷമിക്കുവാനും സ്നേഹിക്കുവാനും സാധിക്കുന്നിടത്താണ് നോമ്പ് ആരംഭിക്കുന്നത്. ശുബ്ക്കോനൊ ശുശ്രൂഷ പരസ്പരം പൊറുക്കുവാനും ആദരിക്കുവാനും ആണ് നമ്മെ ക്ഷണിക്കുന്നത്. നോമ്പിനെ നാം ബന്ധിക്കുന്ന ഒരു വലിയ കണ്ണിയാണിത്. ക്ഷമിക്കുവാൻ കഴിയാത്തവനു നോമ്പിലേക്കു പ്രവേശിക്കുവാൻ കഴിയുകയില്ല. ശുബ്ക്കോനൊ ശുശ്രൂഷ യാന്ത്രികമായി നടത്തുന്നവരും സംബന്ധിക്കുന്നവരും എത്രയൊ വലിയ ആ ആത്മികഭാഗ്യത്തെയാണ് നഷ്ടപ്പെടുത്തുന്നതെന്ന് ഓർക്കണം. ഹൃദയപൂർവ്വം ഈ ശുദ്ധീകരണം പ്രാപിച്ചാൽ എല്ലാ ക്രൈസ്തവ സുകൃതങ്ങൾക്കും നമുക്കു യോഗ്യത കിട്ടും. വലിയനോമ്പിന്റെ എല്ലാ ദിവസങ്ങളിലേക്കും നിശ്ചിത വേദഭാഗങ്ങൾ സഭാപിതാക്കന്മാർ വേദവായനക്കുറിപ്പിൽ കൊടുത്തിട്ടുണ്ട്. ആ വായനകൾ നമ്മെ ദൈവസംസർഗ്ഗത്തിലാക്കും. അങ്ങനെ ആത്മശുദ്ധീകരണം പ്രാപിക്കുവാനും കഴിയണം.



### നോമ്പിൽ ദൈവശബ്ദം കേൾക്കണം

നാം പ്രാർത്ഥനയിലൂടെ ദൈവത്തോടു സംസാരിക്കുമ്പോൾ ദൈവം നമ്മോടു സംസാരിക്കുന്നത് ബൈബിളിലൂടെയാണ്. ദിനംതോറും ദൈവശബ്ദം നാം കേൾക്കുന്നത് ബൈബിൾ വായനയിലൂടെയാണ്. നോമ്പ് ദൈവശബ്ദം കേൾക്കുമ്പോൾ നമുക്ക് അവസരങ്ങൾ തരുന്നു. ക്രമമായി ബൈബിൾ വായിക്കുവാനും ദൈവസന്ദേശം ഉൾക്കൊള്ളുവാനും നമുക്കു വലിയ അവസരം നോമ്പുകാലം ഒരുക്കിത്തരുന്നു. അർത്ഥവത്തായി ബൈബിൾ സന്ദേശം ലഭ്യമാക്കുവാൻ ഈ നോമ്പു നമുക്കു ഭാഗ്യം തരട്ടെ.

### നോമ്പുനോക്കുന്നവൻ സ്വർഗ്ഗത്തിൽ

വലിയനോമ്പിലെ നമസ്ക്കാരക്രമത്തിൽ പറയുന്നത് നോമ്പുനോക്കുന്നവൻ സദാ സമയവും സ്വർഗ്ഗത്തിലാണ് എന്നാണ്. മേൽക്കാണുന്നവിധം നോമ്പു അനുഷ്ഠിക്കുവാനും ദൈവശബ്ദം തിരിച്ചറിയുവാനും കഴിയുന്നവർക്കാണ് ഈ ഭാഗ്യം കിട്ടുന്നത്. ഈ വർഷത്തെ നോമ്പ് നമുക്കു അനുഗ്രഹകരമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

*(കടപ്പാട്: ക്നാനായ ദീപം)*

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**

**ഫോൺ 0469–2603968, 9446270259, 9895556074**

**തീയതി: ഫെബ്രുവരി 9, 10, 11 – 23, 24, 25**

**മാർച്ച് 8, 9, 10 – 15, 16, 17**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 1000 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.

## അമ്മ മനസ്സ്



സി. അൽഫോൻസാ മരിയ OSS

# തുറവിയുടെ ഗേഹങ്ങൾ നോമ്പിന്റെ പുണ്യത്തിലൂടെ



ക്രിസ്തു ജനിച്ചു ഉയിർത്തെഴുന്നേറ്റു എന്നൊക്കെ പറയുന്നതിനു മുൻപ് ഒരു വലിയകാലം മൗനം ശീലമാക്കുന്നതിന് സഭ നമ്മോട് ആവശ്യപ്പെടുന്നു. വെറുതെ മിണ്ടാതിരിക്കലിനെ അല്ല മൗനംകൊണ്ട് ഉദ്ദേശിക്കുന്നത്. സത്യം നാവിൽ ഉയിർക്കൊള്ളുംവരെ മനസ്സിനെയും നാവിനെയും മൗനത്തിൽ സൂക്ഷിക്കുക. സത്യത്തെ ധ്വനിക്കുന്ന പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും സാധനയുടെയും കാലഘട്ടം. ഒരു തരം പൊരുന്നയിരിപ്പ്, വിരിഞ്ഞുവരുന്നതിനായിട്ട്. ഈ മൗനത്തെ ഏകാന്തതയായി നാം തെറ്റിദ്ധരിക്കരുത്. മൗനം അത് മുനിയുടെ ഭാവമാണ്. ക്രിസ്തുവിനോടൊപ്പമുള്ള, ക്രിസ്തുവിനെ ശ്രവിക്കുന്നതിനുള്ള മൗനമാണിത്.

ഏകാന്തത, അത് ഇന്ന് കുടുംബങ്ങളുടെ അകത്തളം വല്ലാതെ കീഴടക്കിയിട്ടുണ്ട്. എല്ലാവരും ഉണ്ടായിട്ടും എല്ലാം ഉണ്ടെന്നായിട്ടും എന്തേ നമ്മുടെ കുടുംബങ്ങൾ പൂർണ്ണത-സന്തോഷത്തിന്റെ, സമാധാനത്തിന്റെ പങ്കുവയ്ക്കലിന്റെ ഒരുമയുടെ പൂർണ്ണത അനുഭവിക്കുന്നില്ല? നമ്മുടെ കുഞ്ഞുങ്ങൾപോലും ഏകാന്തതയുടെ പൊള്ളിക്കുന്ന കനലുകൾ ഹൃദയത്തിൽപേറി നടക്കുന്നവരാണ്! കുരിശിൽനിന്നുപോലും അസഹ്യമായ ഏകാന്തതയുടെ നിലവിളി. കേൾക്കുന്നുണ്ട് (Mt 27:46) പരസ്പരമുള്ള തുറവിയുടെ ഇടങ്ങൾ പങ്കുവയ്ക്കലിന്റെ നേരങ്ങൾ നഷ്ടമായതാണോ കുടുംബങ്ങളിൽനിന്ന് ഉയരുന്ന അടക്കിപ്പിടിച്ച ഏങ്ങലുകൾക്ക് കാരണം? അതോ എല്ലാവർക്കും അവരുടേതായ തിരക്കുകൾ ജോലിഭാരങ്ങൾ കൂടിയതോ?

കുടുംബങ്ങൾ നസ്രത്തിലെ തിരുകുടുംബംപോലെ സഹനത്തിലും പ്രകാശിതമാകുന്നത്, സമാധാനത്തിന്റെയും സന്തോഷത്തിന്റെയും വാസസ്ഥലമാകുന്നത്, അവിടെ അമ്മയുടെ കരുണയും കരുതലും വാത്സല്യച്ചൂടും കവിഞ്ഞൊഴുകുമ്പോഴാണ്, പിതാവിന്റെ അധ്വാനവും ശിക്ഷണവും, ദൈവഐക്യവും നേർവഴിയിലാകുമ്പോഴാണ്. സർവ്വോപരി പ്രാർത്ഥനാ ചൈതന്യവും ഉത്തരവാദിത്വബോധവും അനുസരണയും പക്വതയുമുള്ള മക്കളുടെ സാന്നിധ്യവും അവയുടെ കുട്ടിത്തവും കുറുമ്പും കുടുംബത്തെ ദൈവികമാക്കുമ്പോഴാണ്.

ഏകാന്തതയുടെ നെടുവീർപ്പുകളല്ല മറിച്ച് കൂട്ടായ്മയുടെ സ്നേഹപൂർവ്വമുള്ള അശ്ലേഷണങ്ങളും ആരവങ്ങളുമാണ്, ജപമാലമണികളുടെയും സങ്കീർത്തനങ്ങളുടെയും സംഗീതമാണ്, നോമ്പിന്റെയും പരിത്യാഗത്തിന്റെയും ജീവിതസാക്ഷ്യങ്ങളാണ് നമ്മുടെ കുടുംബത്തിൽനിന്ന് മുഴങ്ങികേൾക്കുന്നത്. അതിന് അമ്മമാരും ജാഗ്രതയും പരിലാളനയും പ്രാർത്ഥനാജീവിതവും പരിത്യാഗവും നോമ്പനുഷ്ഠാനങ്ങളും കുടുംബങ്ങളിൽ അത്യന്താപേക്ഷിതമാണ്. അമ്മേ, നീ കരുതിയാൽ ഒരു കുരുന്നുപോലും ഏകാന്തതയുടെ നോവനുഭവിക്കില്ല നിന്റെ സ്നേഹസ്തന്യം നുകരുന്ന മൂല്യങ്ങളുടെ ബാലപാഠങ്ങൾ കേട്ടുറങ്ങുന്ന ഒരു കുഞ്ഞും ഭാവിയിൽ വഴി തെറ്റില്ല. അമ്മേ... നിനക്കേ കഴിയൂ പൂർണ്ണതയാർന്ന ഒരു കുടുംബത്തെ വാർത്തെടുക്കാൻ.

(ശേഷം പേജ് 34)



# കോഴ്സുകൾ തെരഞ്ഞെടുക്കുമ്പോൾ




**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

ലക്ഷ്യബോധമില്ലാതെ കോഴ്സുകൾ തെരഞ്ഞെടുത്ത് വെള്ളംകുടിക്കുന്ന നിരവധി പേരെ നമുക്കുചുറ്റും കാണാറുണ്ട്. ഒരു കോഴ്സ് തെരഞ്ഞെടുക്കുമ്പോൾ മറ്റുള്ളവരുടെ സ്വാധീനത്തിനോ ഇടപെടലിനോ അല്ല മുൻതൂക്കം കൊടുക്കേണ്ടത്. സ്വയം വിലയിരുത്തുക. എന്റെ അഭിരുചിക്ക് പറ്റിയ കോഴ്സാണോ ഇത്? ഈ കോഴ്സിന് ഭാവിയിലുള്ള സാദ്ധ്യതകൾ എത്രമാത്രം? മികച്ച തൊഴിലിനുവേണ്ടി കാലേകൂട്ടിയുള്ള തയ്യാറെടുപ്പ് ആവശ്യമാണ്. പതിവുകോഴ്സുകളുടെ മാത്രം പുറകെ പോകാതെ പുതിയ കോഴ്സുകളെപ്പറ്റിയും അതിന്റെ സാദ്ധ്യതകളെപ്പറ്റിയും മനസ്സിലാക്കാൻ സാധിക്കണം. ന്യൂജനറേഷൻ കോഴ്സുകൾ ഇന്ന് നിരവധിയുണ്ട്.

മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഐ. ടി. എന്നിവ സംയോജിപ്പിച്ചുള്ള മെക്കാട്രോണിക്സ് വളരെയേറെ ജോലി സാദ്ധ്യത ഇന്ത്യയിലും വിദേശത്തും നേടിത്തരുന്ന പുതിയ കോഴ്സാണ്. നാനോ ടെക്നോളജി എന്നറിയപ്പെടുന്ന ഭാവിസാങ്കേതികവിദ്യ വരുംകാലങ്ങളിൽ എല്ലാ മേഖലകളിലും പ്രയോജനപ്പെടും. ബയോ

മെഡിക്കൽ സയൻസ്, ഐ. ടി. കമ്പ്യൂട്ടർ സയൻസ് എന്നീ എൻജിനീയറിംഗ് മേഖലയിൽ ലോകമെമ്പാടും വൻ തൊഴിൽ സാദ്ധ്യതകളാണ് ഉള്ളത്. അമേരിക്കയിലും യൂറോപ്പിലും മറ്റും ആവശ്യത്തിന്റെ 60 ശതമാനത്തോളം ബയോമെഡിക്കൽ വിദഗ്ദ്ധരുടെ ഒഴിവുകളുണ്ട്.

ചിലവുകുറഞ്ഞ എയർലൈൻസ് കമ്പനികൾ വിപുലമാക്കുന്നതുമൂലം എയർക്രാഫ്റ്റ് എൻജിനീയർ, എയർപോർട്ട് മാനേജ്മെന്റ്, പൈലറ്റ്, എയർഹോസ്റ്റസ്, ക്യാബിൻ ക്രൂ എന്നീ മേഖലകളിൽ തൊഴിൽസാദ്ധ്യത കൂടും. അനിമേഷൻ രംഗത്തും ഫാഷൻ ടെക്നോളജി രംഗത്തും വളരെ സാദ്ധ്യതകളാണുള്ളത്. എൻജിനീയറിംഗ് ബിരുദധാരികൾ എം. ബി. എ. കൂടി എടുക്കുകയാണെങ്കിൽ ഉയർന്ന ശമ്പളത്തിലുള്ള തൊഴിലുകൾ ലഭിക്കാൻ സാദ്ധ്യതകൾ ഏറെയാണ്.



അഗ്രി ബിസിനസ് മാനേജ്മെന്റ്, റൂറൽ മാനേജ്മെന്റ്, റീട്ടെയിൽ മാനേജ്മെന്റ്, സപ്ലൈ ചെയിൻ മാനേജ്മെന്റ് മുതലായവയ്ക്ക് വൻ സാദ്ധ്യതകളാണുള്ളത്. ഹൈദരാബാ ദ ി െ ല National Institute of Extension Management നാല് സെമസ്റ്റർ കോഴ്സിൽ ഒന്നാം സെമസ്റ്ററിൽതന്നെ ക്യാമ്പസ് സെലക്ഷൻ നടക്കുന്നുണ്ട്. മർച്ചന്റ് നേവി കോഴ്സുകൾക്കും ബി. എസ്. സി. നേഴ്സിംഗിനുമുള്ള സാദ്ധ്യതകൾ അനന്തമാണ്. വിദേശ എം. ബി. എ. എടുക്കാനും ഇന്ന് വളരെപ്പേർ താല്പര്യം കാണിക്കുന്നുണ്ട്. അമേരിക്കയിലും ഇംഗ്ലണ്ടിലുമാണ് എം. ബി. എ. പഠനത്തിന് ഇന്ത്യക്കാർ കൂടുതലായി പോകുന്നത്. ഇംഗ്ലണ്ടിൽ ഒരു വർഷംകൊണ്ടും അമേരിക്കയിൽ 18 മാസം കൊണ്ടും എം. ബി. എ. നേടാം. എൻജിനീയർ, ഡോക്ടർ, അഭിഭാഷകർ മുതലായവർക്കുവേണ്ടിയുള്ള സ്പെഷ്യലൈസ്ഡ് എം. ബി. എ. പ്രോഗ്രാമും ഇന്ന് നിലവിലുണ്ട്. മികച്ച തൊഴിൽ സാദ്ധ്യതയും വേതനവുമാണ് ഈ കോഴ്സിന് ചേരാൻ താല്പര്യപ്പെടുന്നത്.

മൂന്ന് എൻജിനീയർമാർ ചേർന്ന് ചെയ്യേണ്ട ജോലി ഒരാൾ തന്നെ ചെയ്യുക. ഇതാണ് മെക്കാട്രോണിക്സ്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എൻജിനീയറിംഗ് ശാഖകൾ സംയോജിപ്പിച്ച കോഴ്സാണ് മെക്കാട്രോണിക്സ്. ഭാവിയിൽ ഇന്ത്യയിലും വിദേശത്തും വളരെയേറെ ജോലിസാദ്ധ്യതയുള്ള ഒരു കോഴ്സാണ് മെക്കാട്രോണിക്സ്. വിമാന-ഷിപ്പിംഗ് കമ്പനികളിലാണ് ജോലിസാദ്ധ്യത കൂടുതൽ. പ്ലസ്ടുവിന് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് മെക്കാട്രോണിക്സ് ഡിഗ്രി പ്രോഗ്രാമിന് ചേരാം. ബി. ടെക് മെക്കാട്രോണിക്സ് ഇന്ത്യയിൽ കുറവാണ്. 3 വർഷത്തെ ഡിപ്ലോമാ കോഴ്സുകൾ പല കോളജുകളിലുമുണ്ട്.

മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് എന്നിവയിൽ ബി. ടെക് എടുത്തവർക്ക് MS/M Tech മെക്കാട്രോണിക്സിന് ചേരാം. ഐ. ടി. കമ്പ്യൂട്ടർ സയൻസ് ബിരുദധാരികൾക്ക് ബിരുദാനന്തര ബിരുദവുമെടുക്കാം. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് ഡിഗ്രി കോഴ്സിന് തെരഞ്ഞെടുക്കുന്നത്. അമേരിക്ക, ഇംഗ്ലണ്ട്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളിൽ ഉപരിപഠനം നടത്താൻ പറ്റുന്ന പ്രശസ്ത സർവകലാശാലകളുണ്ട്. മെക്കാട്രോണിക്സ് പഠനത്തിന് ഇൻഡോ-സ്വിസ് സഹകരണത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് തലശ്ശേരിയിലുള്ള നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF)

വിദേശത്ത് വളരെ ഡിമാന്റുള്ള ഒരു മേഖലയാണ് ബയോമെഡിക്കൽ സയൻസ്. അമേരിക്കയിലാണ് ഏറ്റവും കുടുതൽ ഡിമാന്റ്. കോഴ്സ് തീരുന്നതിനുമുമ്പുതന്നെ കഴിവുള്ളവർക്ക് വളരെ ഉയർന്ന ശമ്പളത്തിൽ ജോലി ലഭിക്കും. ആശുപത്രികളിലെ രോഗനിർണ്ണയം, ചികിത്സ, ശസ്ത്രക്രിയ എന്നിവയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ നിർമ്മാണം, മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ട മേഖലയാണ് ബയോമെഡിക്കൽ എൻജിനീയറിംഗ്.

ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾ എടുത്ത് പ്ലസ്ടു 50 ശതമാനം മാർക്കോടുകൂടി ജയിച്ചവർക്ക് പ്രവേശന പരീക്ഷയിലൂടെ ബയോമെഡിക്കൽ എൻജിനീയറിംഗ് കോഴ്സിന് ചേരാവുന്നതാണ്. കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, അപ്ലൈഡ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നിവയിൽ ബി. ടെക് പാസ്സായവർക്ക് ബയോമെഡിക്കൽ എൻജിനീയറിംഗിൽ ഇന്ത്യയിൽ ഉപരിപഠനം ചെയ്യാം. ഏത് വിഷയത്തിൽ എൻജിനീയറിംഗ് പൂർത്തിയാക്കിയവർക്കും അമേരിക്കയിലും, ഇംഗ്ലണ്ടിലും ബയോ മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദത്തിന് ചേരാം. വരും വർഷങ്ങളിൽ ഇന്ത്യയിലും ഈ മേഖലയിൽ വൻ തൊഴിൽസാദ്ധ്യത ഉണ്ടാകുമെന്നകാര്യത്തിൽ സംശയമില്ല. നാഷണൽ ഡിഫൻസ് അക്കാഡമിയിൽ സൈന്യത്തിലേയ്ക്കുള്ള പരിശീലനത്തിനായി പ്ലസ്ടു പാസ്സായവർക്ക് പ്രവേശന പരീക്ഷയിലൂടെ ബിരുദ തുല്യമായ ഡിഗ്രി പ്രോഗ്രാമിന് ചേരാം. കോഴ്സ് പൂർത്തിയായവർക്ക് ആർമി, എയർഫോഴ്സ്, നേവി എന്നിവയിൽ ഓഫീസർ ജോലി ലഭിക്കും. വിശദവിവരങ്ങൾക്ക് www.nda.ac.in സന്ദർശിക്കുക.

കാർഷിക അനുബന്ധ വ്യവസായ മേഖലയിൽ ഏറെ സാദ്ധ്യതയുള്ള കോഴ്സാണ് അഗ്രി ബിസിനസ് മാനേജ്മെന്റ്. ബിരുദധാരികൾക്ക് രണ്ടു വർഷത്തെ അഗ്രിബിസിനസ് മാനേജ്മെന്റ് കോഴ്സിന് പ്രവേശന പരീക്ഷയിലൂടെ ചേരാം. വളരെ തൊഴിൽ സാദ്ധ്യതയുള്ള ഒരു കോഴ്സാണിത്. കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണിക്കരയിലുള്ള കോളജിൽ ഈ കോഴ്സുണ്ട്. വിശദ വിവരങ്ങൾക്ക് : www.kau.edu സന്ദർശിക്കുക.

വ്യവസായം, കാർഷിക ഗവേഷണം, വൈദ്യശാസ്ത്രം, ഡിഫൻസ്, എൻജിനീയറിംഗ് ടെക്സ്റ്റൈൽസ് തുടങ്ങി എല്ലാ മേഖലകളിലും തൊഴിൽ സാദ്ധ്യതയുള്ള ഒരു കോഴ്സാണ് നാനോ ടെക്നോളജി. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് വിഷയങ്ങളെടുത്ത് പ്ലസ്ടു 50 ശതമാനം മാർക്കോടെ പാസ്സായവർക്ക് പ്രവേശന പരീക്ഷയിലൂടെ ഡിഗ്രികോഴ്സിന് ചേരാം. നാനോ ടെക്നോളജിയിൽ ഉപരിപഠനം നടത്തുവാൻ ആഗ്രഹിക്കുന്നവർ പ്ലസ്ടു കഴിഞ്ഞ് മെറ്റീരിയൽ സയൻസ്, മെക്കാനിക്കൽ, ബയോമെഡിക്കൽ, കെമിക്കൽ, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളൊന്നിൽ ബി. ടെക് പൂർത്തിയാക്കി എം. ടെക്കിന് നാനോ ടെക്നോളജി കോഴ്സിന് ചേരാവുന്നതാണ്. ■

## തുറവിയുടെ ഗേഹങ്ങൾ നോമ്പിന്റെ പുണ്യത്തിലൂടെ 31-ാം പേജ് തുടർച്ച

കാരണം കുറവുകളെ കണ്ടെത്തുവാനും അതു നികത്തേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുവാനും അമ്മമാർക്കേ കഴിയൂ.

പലപ്പോഴും ജീവിതവ്യഗ്രതയുടെ തിരക്കുകൾക്കിടയിൽ പരസ്പരം ഒന്നു ശ്രദ്ധിക്കുവാൻപോലും നാം മറന്നുപോകുമ്പോൾ നമ്മുടെ മക്കൾ ഏറെ മാറിക്കഴിഞ്ഞിരിക്കും. മക്കളും മാതാപിതാക്കളും അവരുടേതായ ലോകത്തിലാണ് ഈ ലോകം നമ്മെ തെറ്റിധരിപ്പിക്കുമ്പോൾ സമയമായി, അവൻ പറയുന്നതുപോലെ ചെയ്യുവിൻ എന്ന് ആഹ്വാനം ചെയ്യുന്ന പരി. അമ്മയാവട്ടെ നമ്മുടെ മാതൃക! കാനായിലെ കല്ല്യാണവിരുന്നിൽ തനിക്കിനിയും സമയമായിട്ടില്ലെന്ന്, ഒഴിഞ്ഞുമാറിയ ക്രിസ്തുവിനെ സ്നേഹപൂർവ്വം സമയമായി എന്ന് ഓർമ്മപ്പെടുത്തുവാൻ പരി. അമ്മയ്ക്ക് കഴിഞ്ഞു.

അമ്മ സ്നേഹവാത്സല്യത്തോടും പ്രാർത്ഥനാമന്ത്രങ്ങളോടും മാറോടുചേർത്തുപിടിക്കുന്ന കുഞ്ഞും പിതാവിന്റെ ശിക്ഷണത്തിലൂടെയും കരുതലിലൂടെയും വളരുന്ന മക്കളും അമ്മയുടെയും അപ്പന്റെയും തുറവിയുള്ള ജീവിതവും ഭക്താഭ്യാസങ്ങളും കണ്ടുവളരുന്ന മക്കളും തുറവിയുള്ളവരായിരിക്കും. ഒറ്റപ്പെടലിന്റെ ഏകാന്തതയുടെ നേരങ്ങളിൽ പോലും അവർ നിങ്ങളോടും ചേർന്ന് നിൽക്കാൻ ആഗ്രഹിക്കും. നിങ്ങൾ ശ്രവിക്കുന്നവരാണെങ്കിൽ, നിങ്ങൾ തുറവിയുള്ളവരാണെങ്കിൽ മാത്രം!! മാതാപിതാക്കൾ ദൈവവചനത്തിൽ ആശ്രയിച്ചു ജീവിക്കാൻ പരിശീലിപ്പിക്കുന്ന മക്കൾ ഏകാന്തതയുടെ നിഴലുകളിൽപ്പെട്ടുഴലുകയില്ല. അവർ, ഏതു പ്രതിസന്ധിയിലും ദൈവസ്നേഹത്തെ മുറുകെപ്പിടിക്കും. അതുകൊണ്ട് അമ്മമാരെ നിങ്ങളുടെ മക്കളെ വചനാമൃതം ഊട്ടുക.

മക്കളെ പ്രതി നോമ്പെടുക്കുന്ന അമ്മമാർ കുറഞ്ഞിട്ടാണോ എന്നറിയില്ല അമ്മയെ പ്രതി നോമ്പെടുക്കുന്ന മക്കൾ കുറഞ്ഞുവരികയാണ്. ഓരോ മക്കളും വായിക്കേണ്ട നല്ല പുസ്തകങ്ങളാകട്ടെ മാതാപിതാക്കളുടെ ജീവിതം. ഏകാന്തതയെ തൂത്തെറിഞ്ഞ് പുണ്യത്തിന്റെ കരുണ കവിഞ്ഞൊഴുകുന്ന മുഖമുള്ള ക്രിസ്തുവിനെ നോക്കി ഈ നോമ്പുകാലത്ത് നമ്മുടെ ഹൃദയ നിലങ്ങളെ ഒരുക്കാം. മൗനത്തിൽ നിന്ന് സത്യത്തിന്റെ ബോധോദയത്തിലേയ്ക്കും അവിടെനിന്നും ഒരുമയുടെ വിളവെടുപ്പുത്സവവും ഏകാന്തതയെ പിഴുതെറിയുന്ന ഉയർപ്പിന്റെ ആരവവും കേൾക്കട്ടെ. അങ്ങനെ നമ്മുടെ ഭവനങ്ങളുടെ അകത്തളങ്ങളിൽ ദൈവീക ചൈതന്യം നിറയട്ടെ. ■


അരണ്ടവെളിച്ചത്തിൽ ഒരു മനുഷ്യന്റെ മുഖം, രണ്ടു മരക്കഷണങ്ങളിൽ ഇരു കരങ്ങളും ഭൂമിക്കുമീതെ വിരിച്ച് കിടക്കുന്നു. ഒരുപാട് തവണ അവന്റെ ഈ വദനത്തിലേക്ക് നോക്കിയിട്ടുണ്ട്. അന്നൊന്നും അവന്റെ വദനത്തിന് ക്രൂശിലേറിയതിന്റെ നിരാശയും വേദനയുമാണോ അതോ പിതാവിന്റെ ഇഷ്ടം നിറവേറ്റിയതിന്റെ നിർവൃതിയാണോ എന്നൊന്നും നോക്കുവാൻ ഞാൻ സമയം കണ്ടെത്തിയില്ല. എന്തെന്നോ അവൻ ദാനമായി നൽകിയ ഈ ജീവിതത്തിന്റെ കണക്കുകൾ കൂട്ടുകയും കിഴിക്കുകയുമായിരുന്നു. എത്ര ലഭിച്ചാലും മതിയാവാത്ത ആവശ്യ




**ബ്ര. ജെറിൻ പുളിക്കൽ**
മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി
പേപ്പൽ സെമിനാരി, പൂനെ.

ങ്ങളുടേയും അനാവശ്യങ്ങളുടേയും നീണ്ടനിര അവന്റെ മുമ്പിൽ നിരത്തുകയായിരുന്നു; കൂടെ കുറേ പരാതികളും..., ലഭിക്കാതെ പോയ സുഖങ്ങളുടെ, എന്നിട്ടും ആ മുഖത്ത് ഒരു പുഞ്ചിരി കാണാം. എന്റെ പരാതികൾക്കും ആവലാതികൾക്കും കുറ്റപ്പെടുത്തലുകൾക്കും ഒന്നും അവന്റെ പുഞ്ചിരിയെ മായിക്കുവാൻ സാധിക്കില്ല. കാരണം അവൻ നമ്മെ സ്നേഹിച്ചതും പ്രണയിച്ചതും സ്വജീവൻ നൽകിക്കൊണ്ടാണ്. തിരിച്ചറിവുകൾക്കു കാലതാമസം ഏറുമ്പോൾ വിസ്മരിക്കപ്പെട്ടുപോയ സത്യങ്ങൾ പലപ്പോഴും നമ്മെ നോക്കി കൊഞ്ഞനംകുത്താറുണ്ട്. നഷ്ടപ്പെട്ട സൗഭാഗ്യങ്ങളെപ്പറ്റി ഓർത്ത് വിലപിക്കാതെ ലഭിച്ച നന്മകളെപ്പറ്റി ഓർത്ത് ധ്യാനിക്കുവാൻ എന്നാണ് എനിക്ക് സാധിക്കുക? പിതാവേ എന്റെ ഇഷ്ടം അല്ല നിന്റെ ഇഷ്ടം നിറവേറട്ടെ എന്ന് നീ പഠിപ്പിച്ച പ്രാർത്ഥന എന്റെ ഈ കാലചക്രത്തിൽ എന്നാണ് എനിക്ക് ഏറ്റുചൊല്ലാൻ കഴിയുക. ജീവിത്തിന്റെ ലാഭനഷ്ടങ്ങളുടെ കണക്കുകൾ മാത്രം നിരത്തുവാൻ നിന്റെ മുമ്പിലേക്കു ഞാൻ കടന്നുവരാറുണ്ടല്ലോ. എന്നിട്ടും എന്തേ നിന്റെ മുഖത്തെ ഈ പുഞ്ചിരി മായാതെ നിൽക്കുന്നു? പരിഭവങ്ങളില്ലാതെ എന്തേ നീ എന്നെ നോക്കുന്നു? നിന്റെ ഈ പുഞ്ചിരിയിൽ പരിഹാസമാണോ അതോ പരിഭവങ്ങളില്ലാത്ത നിന്റെ സ്നേഹമാണോ കരുതലാണോ അറിയില്ല അതിനെക്കാളുപരി, തിരിച്ചറിയുവാൻ ഞാൻ ശ്രമിച്ചിട്ടില്ല എന്ന് പറയുന്നതാവാം ഉത്തമം. അറിവിൽനിന്ന് തിരിച്ചറിവിലേക്ക് എന്നാണ് ഒരു യാത്ര സാധ്യമാവുക പരിതപിക്കുവാനല്ലാതെ പരിത്യജിക്കുവാൻ, ഇല്ലായ്മയെപ്പറ്റി വിലപിക്കാതെ ഉള്ളതിനെപ്പറ്റി നമ്പി പറയുവാൻ എന്നെ പഠിപ്പിക്കണമെ. പരാജിതൻ തന്റെ ദുർബലതയെ ഓർത്ത് വിലപിക്കുമ്പോൾ വിജയി തന്നിലെ ദൈവസാന്നിധ്യത്തെ ഓർത്ത് അഭിമാനിക്കുന്നുവെന്ന തത്വചിന്തകനായ സോറൻ കീർക്കഗാർഡിന്റെ വാക്കുകൾ മനസ്സിൽ അലയടിച്ചുകൊണ്ടിരിക്കുന്നു. അരണ്ടവെളിച്ചവും ആ ക്രൂശിതനും എന്റെ മുമ്പിൽ അവശേഷിക്കുന്നു. നിശ്ശബ്ദതയിൽ സക്രാരിയുടെ മുമ്പിൽ തൂക്കപ്പെട്ട ക്രിസ്തു ഇപ്പോഴും എന്നെ നോക്കി പുഞ്ചിരിക്കുന്നു. ഹൃദയംകൊണ്ട് ഒരു പുഞ്ചിരി തിരികെ നൽകുവാൻ എനിക്ക് സാധിക്കുമോ? ●

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന



മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

***അശ്വതി മാത്യു തിരുമൂലപുരം***

**പ്രാർത്ഥനയെ ശ്വാസത്തോടുപമിക്കാനാണെനിക്കിഷ്ടം. ശ്വാസം നിലച്ചാൽ ജീവൻ നിലച്ചു. പ്രാർത്ഥന നിലച്ചാലോ..........**



**ഫാ. ജോൺ പടിപ്പുരയ്ക്കൽ**

പുഴുവിൽനിന്നും വർണ്ണശബളമായ പൂമ്പാറ്റയിലേക്കുള്ള രൂപാന്തരീകരണത്തിനുവേണ്ടി ഇലയ്ക്കടിയിൽ തപസിരിക്കുന്ന ലാർവ കണക്കെ, ഈശ്വരസ്വായത്തനത്തിനുവേണ്ടി മനം ഭജിച്ചിരുന്ന മുനിവര്യന്മാരുടെ നാട്ടിൽ പ്രാർത്ഥനയുടെ അർത്ഥം പഠിപ്പിക്കേണ്ടതിന്റെയോ, പകർന്നുകൊടുക്കേണ്ടതിന്റെയോ ആവശ്യം ഇല്ല. ദൈവമുഖ ദർശനം ലക്ഷ്യമാക്കിയുള്ള ഒരുവന്റെ യാത്രയിൽ അവന്റെ പാഥേയമാണ് പ്രാർത്ഥന. മനുഷ്യബന്ധത്തിന്റെ അർത്ഥം മറന്ന് മനുഷ്യനെ വസ്തുവോളം തരംതാഴ്ത്തികാണുവാൻ തക്കവിധം അന്ധതബാധിച്ച ഈ ലോകത്തിൽ അവന്റെ പാതയിലെ പ്രകാശമാണ് ഭൗതികചിലവുകളില്ലാതെ അപരന്റെനേർക്കുനീട്ടാവുന്ന വിലമതിക്കാനാവാത്ത സഹായഹസ്തമായും പ്രാർത്ഥന രൂപപ്പെടാറുണ്ട്. എന്റെ ജീവതയാത്രയിലെ ആകുലതകളിലേക്കും ആനന്ദത്തിലേക്കും അല്ലലുകളിലേക്കും അലച്ചിലുകളിലേക്കും ദൈവത്തെ ക്ഷണിച്ചുവരുത്തുന്ന ഒരു ക്ഷണക്കത്തുകൂടിയാണത്. കടന്നുവന്ന വഴിയികളിലേക്ക് പിൻതിരിഞ്ഞുനോക്കുമ്പോൾ "ദൈവം എന്റെ ചാരെയുണ്ടെന്ന്" ബോധ്യമില്ലാതെ പ്രാർത്ഥിച്ച ദിനങ്ങളാണധികവും. 'അവന്' പ്രവേശിക്കുവാൻ തക്കവിധം എന്റെ ഹൃദയഭിത്തിയുടെ ജാലകങ്ങളെയും വാതിലുകളെയും തുറന്നിടുവാൻ എന്നെ രൂപപ്പെടുത്തുവാൻവേണ്ടിയാണ്, "നീ പ്രാർത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്ന്, കതകടച്ച് രഹസ്യമായി നിന്റെ പിതാവിനോട് പ്രാർത്ഥിക്കുക" (മത്തായി 6:6) എന്ന് സുവിശേഷത്തിലൂടെ അവൻ എന്നോട് ആവശ്യപ്പെടുന്നത് എന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു.

പ്രാർത്ഥനയെ ആത്മപരിശോധനയുടെ വേദിയായ് വരച്ചുകാട്ടുന്നത്, ദൈവാലയത്തിനുള്ളിലേക്ക് പ്രവേശിക്കാൻ പോലും ധൈര്യപ്പെടാതെ ദൈവാലയവാതിലിൽ വന്നുനിന്ന് തന്റെ കഴിഞ്ഞ കാല ജീവിതത്തിലേക്ക് ഒരു ഓട്ടപ്രദക്ഷിണം നടത്തി വിങ്ങിപ്പൊട്ടികരയുന്ന ചുങ്കക്കാരനാണ്( ലൂക്കാ 18:9-14). ഗാഢമായ ആത്മബന്ധത്തിന്റെ അർത്ഥം പ്രാർത്ഥനയ്ക്കു നൽകിയത് രക്തം വിയർത്ത പിതാവുമായി സംഭാഷണത്തിലേർപ്പെട്ട ദൈവപുത്രനല്ലാതെ മറ്റാരാണ്? (ലൂക്കാ 22:44) നിന്റെ വാക്കുകളും പ്രവൃത്തികളും പ്രാർത്ഥനയായ് രൂപാന്തരപ്പെടണമെങ്കിൽ ദൈവമനുഷ്യ ഹൃദയ ഐക്യം അനിവാര്യമാണെന്ന് അവൻ നമ്മെ പഠിപ്പിക്കുന്നു എന്നോ




ടൊപ്പം ഒരു മണിക്കൂർ ഉണർന്നിരുന്നു പ്രാർത്ഥിക്കുവാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ? (മത്തായി 26:40) എന്ന ചോദ്യം ശിഷ്യപ്രമുഖന്റെ ഹൃദയത്തിലേക്കെറിയുന്ന ഗുരു അപരന്റെ വേദനയും, സന്തോഷവും എന്റെ പ്രാർത്ഥനയിൽ ചാലിച്ചുചേർക്കേണ്ടതിന്റെ ആവശ്യകത തുറന്നു കാട്ടുന്നു "പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്ന് അകറ്റണമേ" എന്ന യാചനയോട് ചേർത്ത് "എങ്കിലും, എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ!"(ലൂക്കാ 22:42) എന്ന് പ്രാർത്ഥിച്ച മനുഷ്യപുത്രൻ പ്രാർത്ഥനയുടെ ആൾരൂപം നമ്മെ പഠിപ്പിക്കുന്നു. ജീവിതമെന്ന നിക്ഷേപപാത്രം തുറന്നുവെച്ച് അതിലെ കുറ്റങ്ങളും കുറവുകളും നേട്ടങ്ങളും കോട്ടങ്ങളും ദൈവമുമ്പാകെ സമർപ്പിച്ച് നിന്റെ ഇഷ്ടമെന്തോ അത് നടത്തിത്തരേണമേ എന്ന യാചനയായി പ്രാർത്ഥന മാറുന്നു.

ചെയ്ത തെറ്റിന് അമ്മയിൽനിന്ന് ശിക്ഷലഭിച്ച കുഞ്ഞ് അമ്മയുടെ പാദത്തിൽ കെട്ടിപ്പിടിച്ച് കരയുന്നതുപോലെ, ദൈവത്തെ മുറുകെപ്പിടിച്ച് അനുഗ്രഹം പിടിച്ചുമേടിക്കുന്ന യാക്കോബ് എന്ന പൂർവ്വപിതാവ് പ്രാർത്ഥനയെ മക്കളുടെ അവകാശമായി അവതരിപ്പിക്കുന്നു. ഇതിന് ആമ്മേൻ എന്ന് പ്രത്യുത്തരിക്കും വിധം പുത്രൻതമ്പുരാൻ അരുൾചെയ്തു! ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും; (മാത്യു 7:7) സോദോം-ഗോമോറായുടെ ദൈവകോപത്തിന്റെ ഉഗ്രത തിരിച്ചറിഞ്ഞ അബ്രഹാം ദൈവകോപത്തേ ശമിപ്പിക്കുവാൻ തുടങ്ങുന്ന ശ്രമങ്ങൾ ഉൽപ്പത്തി പുസ്തകം 19-ാം അദ്ധ്യായത്തിൽ വായിക്കുന്നു. പ്രാർത്ഥിക്കുന്നവൻ സ്വായത്തമാക്കേണ്ട നിഷ്കളങ്കതയുടെ മനോഭാവം, ദൈവവും വിശ്വാസികളുടെ പിതാവും തമ്മിലുള്ള സംഭാഷണത്തിൻനിന്നും വായിച്ചെടുക്കാൻ കഴിയും.

ജീവിതയാത്രയുടെ വഴികളധികവും താണ്ടിത്തീർത്തിരിക്കുന്നു! മുൻപിലുള്ളത് എണ്ണിതിട്ടപ്പെടുത്താവുന്ന ദിനങ്ങൾ മാത്രം. അത് തിരിച്ചറിവിന്റെയും ഉൾക്കാഴ്ച്ചയുടെയും ദിനങ്ങളായിരിക്കട്ടെ! പ്രാർത്ഥന എന്റെ അനുദിന ജീവിതത്തിലെ വിവിധ പരിപാടികൾ ഒന്നായി അധഃപതിച്ചുപോകാതിരിക്കട്ടെ. അത് ഒരു ജീവിതശൈലിയും, ജീവിതചര്യയുമാണ്. പ്രാർത്ഥനയെ ശ്വാസത്തോടുപമിക്കാനാണെനിക്കിഷ്ടം. ശ്വാസം നിലച്ചാൽ ജീവൻ നിലച്ചു. പ്രാർത്ഥന നിനച്ചാലോ.......... ഒരു പ്രാർത്ഥന സംസ്കാരം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അനന്തസാഗരത്തിലെ കോടിക്കണക്കിനു മണൽത്തരികളിൽ ഒന്നിനെ തന്റെ ഉള്ളിൽ നിക്ഷേപിച്ച് വേദനയുടെ നാളുകളിലൂടെ ജീവിതത്തെ കടത്തിവിട്ട് നയനമനോഹരവും, വിലപിടിപ്പുള്ളതുമായ മുത്തിന്, ചിപ്പി രൂപം നല്കുന്നതുപോലെ പ്രാർത്ഥനാമന്ത്രങ്ങൾ ഹൃദയത്തിൽ നിക്ഷേപിച്ച് ജീവിതവിശുദ്ധിയെന്ന മുത്തിന് രൂപം നൽകാം. ഇവിടെ പ്രാർത്ഥന ദൈവീകതയായി മാറുന്നു. ഗർഭംധരിച്ച സ്ത്രീക്ക് പ്രസവമല്ലാതെ വേറോരു പോംവഴിയും ഇല്ലാത്തതുപോലെ എന്റെ ഉള്ളിൽ നിന്നും പ്രാർത്ഥനാമന്ത്രങ്ങൾ വാക്കുകളായി, പ്രവൃത്തിയായി, സാമീഭ്യമായി, സാന്ത്വനമായി നിർഗ്ഗളിക്കട്ടെ.......



**ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ മദർ ജനറാളായി തെരഞ്ഞെടുക്കപ്പെട്ട റവ. സി. ലിറ്റിൽ ഫ്ളവർ എസ്.ഐ.സി.യ്ക്ക് തിരുവല്ലാ അതിരൂപതയുടെ പ്രാർത്ഥനാശംസകൾ**



# പ്രബോധനം
## തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

### 2016 ഫെബ്രുവരി 07 കൊത്തിനെ ഞായർ
### വലിയ നോമ്പിലെ ഒന്നാം ഞായർ
(വി. യോഹ.2:1 –11)

സ്വയപരിത്യാഗത്തിലൂടെ ജീവിത നവീകരണത്തിലേക്ക് കടന്നുവരാനും നമ്മുടെയും അനേകരുടെയും പാപങ്ങൾക്കു പരിഹാരം ചെയ്യുവാനുമുള്ള വലിയനോമ്പിന്റെ തീക്ഷ്ണമായ നാളുകളിലേക്ക് നാം പ്രവേശിക്കുകയാണ്. തിന്മ നിറഞ്ഞ ഇന്നത്തെ ലോകത്തിൽ സാത്താന്റെ കോട്ടകളെ തകർക്കുന്നതിനും വചനമായ പുത്രൻ തമ്പുരാനിലൂടെ നൽകപ്പെട്ട ജീവന്റെ സമൃദ്ധിയിലേക്ക് മനുഷ്യകുലത്തെ നയിക്കുന്നതിനും നോമ്പിന്റെയും പ്രാർത്ഥനയുടെയും അരൂപിയിൽ ജീവിക്കുന്ന ഒരു സഭാസമൂഹം ആവശ്യമായിരിക്കുന്നു. നമ്മുടെ കർത്താവിന്റെ പെസഹാരഹസ്യങ്ങളിൽ പങ്കുചേർന്നുകൊണ്ട് ഈ നോമ്പുകാലം കർത്താവിനോടുകൂടെ ആയിരിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

വി. യോഹന്നാൻ എഴുതിയ സുവിശേഷം 2–ാം അദ്ധ്യായം 1 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ യേശു കാനായിലെ വിവാഹ വിരുന്നിൽ വെള്ളം വീഞ്ഞാക്കിമാറ്റിയ സംഭവമാണ് നാം കാണുന്നത്. യേശുവിന്റെ അത്ഭുതങ്ങളെ അടയാളങ്ങളായി കാണുന്ന യോഹന്നാൻ ശ്ലീഹാ യേശുവിന്റെ ഈ അത്ഭുതത്തെ യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിന് പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

കാനായിലെ വിവാഹവിരുന്നിൽവച്ച് വെള്ളം വീഞ്ഞായി മാറ്റിയ അത്ഭുതം പരിശുദ്ധ കന്യകമറിയത്തിന്റെ മദ്ധ്യസ്ഥശക്തി വെളിപ്പെടുത്തുന്ന സംഭവമായി വ്യാഖ്യാനിക്കപ്പെടുന്നെങ്കിലും ഈ അത്ഭുതം യേശുകേന്ദ്രീകൃതമാണ്. അത്ഭുതങ്ങളിലൂടെ യേശു പ്രകടമാക്കുവാൻ ആരംഭിച്ച മഹത്വം പൂർത്തിയാക്കപ്പെടുന്നത് പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണ്.

യേശു വെള്ളത്തെ സ്പർശിച്ചപ്പോൾ അത് വീഞ്ഞായി മാറി. ദൈവം നമ്മുടെ ജീവിതങ്ങളെ സ്പർശിക്കുമ്പോൾ വലിയ രൂപാന്തരം ജീവിതത്തിൽ സംഭവിക്കും. ദൈവം തൊട്ട ജീവിതങ്ങളെല്ലാം ദൈവസ്നേഹത്തിന്റെ ലഹരി നിറഞ്ഞ ജീവിതങ്ങളായി മാറി. വെള്ളം വീഞ്ഞായി മാറുന്നതുപോലെ ജീവിതത്തിന് ഒരു സാന്ദ്രത സ്വന്തമാകുന്നു.

ജീവിതം നമ്മുടെ ക്രമീകരണങ്ങൾക്കുള്ളിൽ നിൽക്കുന്നില്ല. "മനുഷ്യൻ പദ്ധതികൾ വിഭാവനം ചെയ്യുന്നു. എന്നാൽ അന്തിമമായ തീരുമാനം ദൈവത്തിന്റേതത്രേ." (സുഭാ. 16:1) എത്രമാത്രം ക്രമീകരണങ്ങൾ ഒരുക്കിയാലും മനുഷ്യന്റെ കണക്കുകൂട്ടലുകളെല്ലാം തെറ്റിപ്പോകുന്നു. ജീവിതത്തിൽ വീഞ്ഞിന്റെ കുറവ് അനുഭവപ്പെടുന്നു. കഴിഞ്ഞകാല ജീവിതാനുഭവങ്ങളെ ദൈവകരുണയ്ക്കുമുമ്പിൽ സമർപ്പിച്ച്, മുമ്പോട്ടുള്ള ജീവിതത്തെ ദൈവപരിപാലനയ്ക്കു വിട്ടുകൊടുത്ത് ഇന്ന് ഈ നിമിഷം ദൈവസാന്നിദ്ധ്യത്തിൽ നമുക്കായിരിക്കാം.

മനുഷ്യന് പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റുവാൻ കഴിയും. ഹൃദയം നിറയെ സ്നേഹവും കൂടെ നടക്കുവാൻ ദൈവവുമുണ്ടെങ്കിൽ ജീവിതത്തെ ലഹരിയുള്ളതാക്കി മാറ്റുവാൻ നമുക്കു കഴിയും. ദൈവസ്നേഹത്താലും സഹോദരസ്നേഹത്താലും ജ്വലിച്ചുനിൽക്കുവാൻ കഴിഞ്ഞാൽ ജീവിതം മധുരമുള്ളതായി മാറും.

ആറു കൽഭരണി നിറയെ വെള്ളമാണ് യേശു വീഞ്ഞാക്കിമാറ്റുന്നത്. ഈയൊരു കല്യാണവിരുന്നിനു മാത്രമല്ല, അനേക വിരുന്നുകൾക്ക് ഇത് ഉപയോഗിക്കുവാൻ കഴിയും. ദൈവം ഒരിക്കലും അളന്നു തൂക്കിയല്ല നൽകുന്നത്. ഒരു പൂവു ചോദിക്കുമ്പോൾ ഒരു പൂക്കാലം ഒരുക്കുന്ന, സ്നേഹത്തിന്റെ തുള്ളി ചോദിക്കുമ്പോൾ സ്നേഹത്തിന്റെ കടൽ സമ്മാനിക്കുന്ന, ഒരു നുള്ള് വിശ്വാസം ചോദിക്കുമ്പോൾ വിശ്വാസത്തിന്റെ ആകാശം കാണിച്ചുതരുന്ന ദൈവമാണ് നമുക്കുള്ളത്. ദൈവം അളന്നുതൂക്കിയല്ല, തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നത്. സമൃദ്ധിയുടെ നിറവുള്ളവനാണ് നമ്മുടെ ദൈവം.

പരി. മറിയം യേശുവിന്റെയടുക്കൽ 'വീഞ്ഞു തീർന്നുപോയി' എന്നറിയിച്ചപ്പോൾ 'എന്റെ സമയം ഇനിയും ആയിട്ടില്ല' എന്ന മറുപടിയാണ് യേശു നൽകുന്നത്. ഈ സമയം ലോകത്തിന്റെ സമയമല്ല, ദൈവത്തിന്റെ സമയമാണ്. മഹത്വീകരണത്തിന്റെ സമയമാണ്. കുരിശിൽ പൂർത്തിയാക്കപ്പെടുന്ന രക്ഷാകര കർമ്മത്തിന്റെ ആരംഭമാണ് കാനായിലെ അത്ഭുതം.

കാനായിലെ കല്യാണവിരുന്നിൽവച്ചുനടന്ന അത്ഭുതം ക്രിസ്തു കേന്ദ്രീകൃതമെങ്കിലും പരി. മറിയത്തിന്റെ മദ്ധ്യസ്ഥ ശക്തിയെ വിസ്മരിക്കാൻ സാദ്ധ്യമല്ല. യേശുവിന്റെ രക്ഷാകര പ്രവർത്തനങ്ങളിൽ ഏറ്റവും അടുത്ത് സഹകരിച്ച വ്യക്തിയെന്ന

നിലയിൽ യേശുവിനോടൊപ്പംതന്നെ പ്രാധാന്യം മറിയത്തിനുമുണ്ട്. അവൾ സഭയുടെ മാതാവാണ്. സകലരുടെയും മാതാവാണ്.

ഏറ്റവും കൂടുതൽ വ്യാഖ്യാനങ്ങൾക്ക് സാദ്ധ്യത നൽകിയ യേശുവിന്റെ അഭിസംബോധന– 'സ്ത്രീയേ' എന്ന് മറിയത്തെ യേശു വിളിക്കുന്നതായി നാം കാണുന്നു. യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്ന രണ്ട് സന്ദർഭങ്ങളിലാണ് മറിയത്തെ സ്ത്രീ എന്നു വിളിക്കുന്നത്. തന്റെ മഹത്വം ആദ്യമായി വെളിപ്പെടുത്തുന്ന കാനായിൽ വച്ചും മഹത്വത്തിന്റെ പൂർത്തീകരണം വെളിപ്പെടുത്തുന്ന കാൽവരിയിലും.

ആദിമാതാവായ ഹവ്വാ മനുഷ്യനെ മരണത്തിലേക്ക് നയിച്ചു. മനുഷ്യവർഗത്തിന് ജീവന്റെ മാതാവായി മറിയം രണ്ടാം ഹവ്വയായി. മനുഷ്യപാപത്തിന് ആദ്യത്തെ ഹവ്വ സഹകരിച്ചുവെങ്കിൽ മനുഷ്യകുലത്തിന്റെ രക്ഷയ്ക്ക് രണ്ടാം ഹവ്വയാകുന്ന മറിയം യേശുവിനോട് പൂർണമായി സഹകരിക്കുകയാണ്. പീഡാനുഭവമരണ ഉത്ഥാന രഹസ്യങ്ങളിലൂടെ രക്ഷാകര രഹസ്യങ്ങൾ ഈശോ കാൽവരിയിൽ പൂർത്തീകരിച്ചപ്പോൾ മറിയത്തെ 'സ്ത്രീ' എന്ന് സംബോധന ചെയ്തുകൊണ്ട് ലോകത്തിന് മുഴുവൻ അമ്മയായി, മാതൃകയായി പരി. മറിയത്തെ യേശു നൽകുകയാണ്. കാനായിൽ മുതൽ കാൽവരി വരെയും മറിയം യേശുവിനോടൊപ്പമുണ്ടായിരുന്നു. അങ്ങനെ സഹരക്ഷകയായി. യേശുവിന്റെ 'സ്ത്രീ' എന്നുള്ള വിളി സ്ത്രീത്വത്തിന്റെ ബഹുമാനം കുറയ്ക്കുകയല്ല, കൂട്ടുകയാണ് ചെയ്യുന്നത്. കാരണം അവൾ സഭയുടെ മാതാവാണ്.

'അവൻ പറയുന്നതുപോലെ ചെയ്യുവിൻ' എന്നു കാനായിൽ പരിചാരകരോട് ആഹ്വാനം ചെയ്ത ദൈവമാതാവ് അവൻ പറയുന്നതുപോലെ ചെയ്യുവാൻ നമ്മെയും ആഹ്വാനം ചെയ്യുന്നു. നമ്മുടെ ഏതു വേദനയുടെ നിമിഷത്തിലും പരി. അമ്മ തന്റെ മദ്ധ്യസ്ഥശക്തിയിൽ നമ്മോടൊപ്പമുണ്ട്.

പരി. അമ്മയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയിൽ ഏറ്റവും ശക്തിയേറിയ പ്രാർത്ഥനയാണ് ജപമാല പ്രാർത്ഥന. വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്റെ പരി. കന്യകമറിയത്തിന്റെ ജപമാല എന്ന അപ്പസ്തോലിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു. 'ജപമാലയുമായി ക്രൈസ്തവർ മറിയത്തിന്റെ പാഠശാലയിൽ ഇരിക്കുകയും ക്രിസ്തുവിന്റെ തിരുമുഖത്തിന്റെ മനോഹാരിതയെക്കുറിച്ച് ധ്യാനലീനരാകുകയും അവിടത്തെ സ്നേഹത്തിന്റെ ആഴം അനുഭവിക്കുന്നതിന് നയിക്കപ്പെടുകയും ചെയ്യുന്നു."

അവൻ പറയുന്നതുപോലെ ചെയ്യുവാൻ നമ്മെ ആഹ്വാനം ചെയ്യുന്ന പരി. അമ്മയിലൂടെ യേശുവിലേക്ക് നമുക്ക് വളരാം. അനുദിന ജീവിതത്തിൽ ദൈവമഹത്വം നമുക്ക് ദർശിക്കാം.

*ഫാ. ജോസഫ് കരിപ്പായിൽ*

## 2016 ഫെബ്രുവരി 14
## കുഷ്ഠരോഗിയെ സൗഖ്യമാക്കിയത്
**(മർക്കോ. 1:40 – 45)**

പുണ്യങ്ങൾ പൂത്തുലയുന്ന നോമ്പുകാലത്തിന്റെ രണ്ടാമത്തെ ഞായറാഴ്ച സഭ നമുക്ക് വിചിന്തനത്തിനായി നൽകുന്ന വേദഭാഗം വി. മർക്കോസ് എഴുതിയ സുവിശേഷം ഒന്നാം അദ്ധ്യായം നാല്പത് മുതൽ നാല്പത്തിയഞ്ച് വരെയുള്ള തിരുവചനങ്ങളാണ്. യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നതാണ് ഇവിടുത്തെ പ്രതിപാദ്യവിഷയം.

വി. മർക്കോസിന്റെ സുവിശേഷം 1:14–ൽ യേശു തന്റെ ഈ ലോകത്തിലെ ദൗത്യം ആരംഭിക്കുന്നു. പിന്നീട് സുവിശേഷകൻ യേശുവിന്റെ പരസ്യജീവിതത്തിലെ ഒരു ദിവസത്തെയാണ് വിവരിക്കുന്നത്. 7 കാര്യങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്.

1. ആദ്യശിഷ്യന്മാരെ തെരഞ്ഞെടുക്കുന്നു.
2. സിനഗോഗിൽ പഠിപ്പിക്കുന്നു.
3. പിശാചുബാധിതനെ സുഖപ്പെടുത്തുന്നു
4. ശിമയോന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു
5. വൈകുന്നേരം ധാരാളം പേരെ സുഖപ്പെടുത്തുന്നു
6. അതിരാവിലത്തെ പ്രാർത്ഥന
7. കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നു

കുഷ്ഠരോഗിയെ യേശു സുഖപ്പെടുത്തുന്ന ഭാഗം ധ്യാനിക്കുന്നതിനു മുമ്പ് പഴയനിയമത്തിലെ കുഷ്ഠരോഗികളെക്കുറിച്ചുള്ള നിയമങ്ങൾ അറിഞ്ഞിരിക്കണം. അതിപ്രകാരമാണ്: (ലേവ്യർ 13:45–46).

"കുഷ്ഠരോഗമുള്ളവൻ കീറിയ വസ്ത്രം ധരിക്കുകയും മുടി ചീകാതിരിക്കുകയും മേൽച്ചുണ്ട് തുണികൊണ്ട് മറയ്ക്കുകയും അശുദ്ധൻ, അശുദ്ധൻ എന്ന് വിളിച്ചുപറയുകയും വേണം. രോഗമുള്ളകാലമെല്ലാം അവൻ അശുദ്ധനാണ്. അവൻ പാളയത്തിനുവെളിയിൽ ഒരു പാർപ്പിടത്തിൽ ഏകനായി വസിക്കണം."

ഇപ്രകാരം കഠിനമായ ഒരു നിയമ പശ്ചാത്തലത്തിൽ നിന്നുമാണ് യേശു കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്നത്. ഒന്നാം അദ്ധ്യായം നാല്പതാമത്തെ വാക്യം വരെ യേശു ശുദ്ധിയുള്ളവരോട് കൂടിയാണ്. നാല്പതാം വാക്യത്തോടുകൂടി യേശു ഔട്ട് കാസ്റ്റിലേക്ക് എത്തുകയാണ്. യഹൂദ നിയമമനുസരിച്ച് കുഷ്ഠം ഒരാളെ യഹൂദ സമുദായത്തിൽനിന്നും പുറത്താക്കുന്നു. ജറുസലേം ദേവാലയത്തിൽപോലും കയറാൻ കുഷ്ഠരോഗിക്ക് അനുവാദമില്ലായിരുന്നു എന്ന് പറഞ്ഞാൽ ജനങ്ങളാൽ "ദൈവസാന്നിദ്ധ്യത്തിൽനിന്നുപോലും ഇവർ അകറ്റപ്പെട്ടിരിക്കുന്നു." ഇന്നും പലപ്പോഴും ഈ സ്ഥിതി പ്രതിഫലിക്കുന്നുണ്ട്. നമ്മുടെ ഒരുവാക്ക്, പ്രവൃത്തി ഇവ മൂലം പലപ്പോഴും നാം ക്രിസ്തുവിന് എതിർസാക്ഷ്യം നൽകുകയും പലരും അതിനാൽ തന്നെ ക്രിസ്തുവിൽ നിന്നും അകലുകയും ചെയ്യാറില്ലേ. നമ്മുടെ പള്ളിയിലെ ആഘോഷങ്ങളിലെ ആഢംബരങ്ങൾ ചിലപ്പോഴെങ്കിലും ക്രിസ്തീയ ചൈതന്യത്തിന് ചോദ്യ

ചിഹ്നങ്ങളാകാറില്ലേ. നമുക്ക് ചിന്തിക്കാം. അതുപോലെ ഇവിടെയും യഹൂദർ കുഷ്ഠരോഗിയെ നിയമമുപയോഗിച്ച് ദൈവസന്നിധിയിൽനിന്നും അകറ്റുന്നു. ഈ നിയമങ്ങളെ മാറികടന്നാണ് കുഷ്ഠരോഗി ക്രിസ്തുവിലേക്കും ക്രിസ്തു കുഷ്ഠരോഗിയിലേക്കും ചേക്കേറുന്നത്.

ഇസ്രായേലിലെ നിയമങ്ങളെ രണ്ട് തരത്തിൽ തിരിക്കാം. 1) Torah - മോശയുടെ നിയമങ്ങൾ 2) Halakah - മനുഷ്യനിർമ്മിതമായ നിയമങ്ങൾ. ഇവിടെ ഈ കുഷ്ഠരോഗി മനുഷ്യനിർമ്മിതമായ നിയമങ്ങളെ ഭേദിച്ച് ക്രിസ്തുവിലേക്ക് വരുമ്പോൾ നാം മനസ്സിലാക്കണം ക്രിസ്തുവിലേക്ക് കടന്നുവരാൻ വിലങ്ങുതടിയായി നിൽക്കുന്ന മനുഷ്യനിർമ്മിതമായ നിയമങ്ങൾ ലംഘിക്കപ്പെടേണ്ടതാണ്. ക്രിസ്തുവിൽ എത്തിച്ചേരുക എന്നതാണ് നമ്മുടെ ക്രൈസ്തവ ജീവിതലക്ഷ്യം. അതാണ് വി. അഗസ്തിനോസ് പറയുക: "കർത്താവേ നിന്നിൽ വിലയം പ്രാപിക്കുവോളം എന്റെ ഹൃദയം അസ്വസ്ഥമാകുന്നു." മനുഷ്യനിർമ്മിതമായ നിയമങ്ങൾ മനുഷ്യന്റെ നന്മയ്ക്കുതകുന്നവയാകണം. അല്ലാത്തവ മാറ്റിയെഴുതപ്പെടാം എന്ന് ക്രിസ്തു പഠിപ്പിക്കുന്നു.

ഇവിടെ കുഷ്ഠരോഗി തന്റെ സർവ്വവും യേശുവിന്റെ മുൻപിൽ അടിയറവ് വയ്ക്കുകയാണ്. കർത്താവിന്റെ മനസ്സിന് വേണ്ടി അവൻ ആഗ്രഹിക്കുകയാണ്. "കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ" കർത്താവിന്റെ ഇഷ്ടത്തിനുവേണ്ടിയുള്ള ഒരു സമ്പൂർണ്ണ സമർപ്പണം നാം ഇവിടെ കാണുന്നുണ്ട്. ഇതുവരെ ഞാൻ മറ്റ് പല വഴികൾ ആലോചിച്ചു. പക്ഷേ ഒന്നും ഫലിച്ചില്ല. ഇനി നിനക്കു മാത്രമേ എന്നെ ശുദ്ധനാക്കുവാൻ കഴിയൂ. സുവിശേഷകൻ പറയുക യേശു കരുണ തോന്നി അവന്റെ നേരെ കൈനീട്ടി അവനെ തൊട്ടു. ഇവിടെ നാം ചിന്തിക്കേണ്ട ഒരു പ്രധാന കാര്യമുണ്ട്. നമ്മുടെ ജീവിത സമർപ്പണങ്ങൾ കർത്താവിന്റെ കരുണയെ ഉണർത്താൻ പോന്നതാണോ? എന്റെ പ്രാർത്ഥനകൾക്ക് പലപ്പോഴും ഉത്തരം ലഭിക്കാതെയും കാലതാമസം വരുന്നതുമൊക്കെ എന്റെ സമർപ്പണത്തിന് കർത്താവിന്റെ കരുണയെ ഉണർത്താൻ പറ്റാത്തതുകൊണ്ടാണ്. ക്രിസ്തുവിന്റെ കരുണ ഉണരുമ്പോൾ അവന്റെ കരം നീളും; അവന് മനസ്സുണ്ടാകും. അതാണ് കുഷ്ഠരോഗിയോട് അവൻ പറയുക: "എനിക്കു മനസ്സുണ്ട്. നിനക്ക് ശുദ്ധിവരട്ടെ". നമ്മുടെ സമർപ്പണത്തിൽ പലപ്പോഴും നമ്മൾ മറന്നുപോകുന്ന ഒരു തലമാണ് ക്രിസ്തുവിന്റെ മനസ്സ് ചോദിക്കുക എന്നുള്ളത്. സർവ്വവിധമായ അനുഗ്രഹങ്ങളും നമുക്ക് ലഭ്യമായിട്ടുണ്ട്. എന്നാൽ കർത്താവിന്റെ കരുണയെ തുറന്ന് അത് സ്വീകരിക്കുവാൻ പലപ്പോഴും നമുക്ക് സാധിക്കുന്നില്ല എന്നുള്ളതാണ് സത്യം.

ഇപ്രകാരം ശുദ്ധമാക്കപ്പെട്ട കുഷ്ഠരോഗി യേശുവിന്റെ താക്കീതിനെ മറികടന്ന് അവന്റെ സന്തോഷം പങ്കുവയ്ക്കുന്നു. എന്നാൽ അതുമൂലം യേശുവിന് പട്ടണത്തിൽ പ്രവേശിക്കുവാൻ സാധിക്കുന്നില്ല. അവൻ വിജനപ്രദേശങ്ങളിൽ തങ്ങി. ഇവിടെ നമ്മുടെ ഒരു ജീവിതസാഹചര്യം ഒളിഞ്ഞുകിടപ്പില്ലേ എന്ന് ഒരു സംശയം. നമ്മുടെ ക്രിസ്തീയ ജീവിതം പലപ്പോഴും ക്രിസ്തുവിനെ ഇപ്രകാരം വിജന പ്രദേശങ്ങളിൽ നിർത്തുന്ന തലത്തിലുള്ളതാകുന്നില്ലേ? ക്രിസ്തുവിനെ നമ്മുടെയൊക്കെ ജീവിതത്തിൽനിന്നും അകറ്റി നിർത്തുവാനല്ലേ നാം പരിശ്രമിക്കുന്നത്. പലപ്പോഴും ക്രിസ്തുവില്ലാത്ത ക്രിസ്ത്യാനിയായിപ്പോകുന്നില്ലേ നമ്മൾ. നമുക്ക് ചിന്തിക്കാം.

നോമ്പുകാലം തിരിച്ച് വരവിന്റെ കാലമാണല്ലോ. പിഴകളെ തിരിച്ചറിഞ്ഞ് വർജ്ജനയിലൂടെയും ഉപവാസത്തിലൂടെയും ത്യാഗപ്രവർത്തികളിലൂടെയും ജീവിതനവീകരണം വരുത്തി ക്രിസ്തുവിലേക്ക് മടങ്ങുന്ന കാലമാണല്ലോ. നമുക്ക് നമ്മുടെ ജീവിതങ്ങളെ ഒന്ന് വിചിന്തനം ചെയ്യാം. ക്രിസ്തുവിൽ നിന്നകലുകയും ക്രിസ്തുവിനെ അകറ്റുകയും ചെയ്ത ജീവിതത്തിൽനിന്നും ക്രിസ്തുവിലേക്ക് നമുക്ക് ചേക്കേറാം. അവന്റെ മനസ്സ് തിരിച്ചറിയുവാൻ നമുക്ക് ശ്രമിക്കാം.

**ഫാ. ഓസ്റ്റിൻ തെക്കേതിൽ**

## കൊച്ചുകൂട്ടുകാരുടെ ശ്രദ്ധയ്ക്ക്



അടുത്ത ലക്കം മുതൽ നിങ്ങൾക്കായി അറിവും വിനോദവും ഒരുമിപ്പിക്കുന്ന ഒരു പുതിയ പംക്തി ആരംഭിക്കുന്നു...... നുറുങ്ങുചിന്തകൾ, കവിതകൾ, കഥകൾ, നിങ്ങൾ വരച്ച ചിത്രങ്ങൾ, കുസൃതി ചോദ്യങ്ങൾ എന്നിവ അയച്ചുതരാവുന്നതാണ്. അയക്കേണ്ടവിലാസം

Chief Editor
Aikyadeepam Monthly
St. John's Complex, Kacherippady
Tiruvalla - 689101. Pathanamthitta, Kerala
Email : aikyadeepamtvla@gmail.com

## ഫെബ്രുവരി 21
## വി. നോമ്പിലെ 3–ാം ഞായർ
## വി. മത്തായി 9:1 – 8

യേശു നിർവഹിച്ച ഒരു അത്ഭുതത്തിന്റെ വിവരണത്തേക്കാളുപരി പാപങ്ങൾ മോചിക്കാനുള്ള യേശുവിന്റെ അധികാരത്തെയും, തളർവാത രോഗിയെ കൊണ്ടുവന്നവരുടെ വിശ്വാസത്തെയും കേന്ദ്രീകരിച്ചുകൊണ്ടാണ് വി. മത്തായി ശ്ലീഹാ ഈ വചനഭാഗം വിവരിക്കുന്നത്.

തളർവാതരോഗിയുടെ നിർജ്ജീവവിശ്വാസത്തിന് ഒരിക്കലും അവനെ സുഖപ്പെടുത്തുക സാദ്ധ്യമല്ല. എന്നാൽ തളർവാതരോഗിയെ കർത്താവിന്റെ പക്കൽ എത്തിക്കുന്ന വ്യക്തികളുടെ ആഴമേറിയ വിശ്വാസമാണ് അവനെ സുഖപ്പെടുത്തുന്നത്. എല്ലാ പ്രതിസന്ധികളെയും തരണംചെയ്തുകൊണ്ട് തളർവാതരോഗിയെ യേശുവിന്റെ അടുക്കൽ എത്തിക്കുവാൻ അവർ എടുത്ത നിതാന്തമായ പരിശ്രമവും ജാഗ്രതയും അവരുടെ വിശ്വാസവും കണ്ടിട്ടാണ് യേശു തളർവാതരോഗിയോട് പറയുന്നത്: "മകനെ, ധൈര്യമായിരിക്കുക. നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു."

നോമ്പിലൂടെ നമ്മിൽ സംഭവിക്കേണ്ട വിശ്വാസവളർച്ചയെ ഈ വചനഭാഗം ഈ കാലഘട്ടത്തിൽ നമ്മെ ഓർമ്മിപ്പിക്കുകയാണ്. തളർവാതരോഗിയെ യേശുവിന്റെ അടുക്കലെത്തിച്ചവരുടെ വിശ്വാസം, തളർവാതരോഗിയുടെ ശുദ്ധീകരണത്തിനും അവന്റെ നിർജ്ജീവമായ വിശ്വാസത്തെ ഉണർത്തുന്നതിനും പര്യാപ്തമായി തളർവാതരോഗം ബാധിച്ചവരെ കൂടെ വിശുദ്ധീകരിക്കുന്നതിനും അങ്ങനെ അവരുടെ വിശ്വാസത്തെ ഉണർത്തുന്നതിനും രക്ഷയുടെ അനുഭവത്തിലേക്കവരെ നയിക്കുന്നതിനും അതുവഴി ദൈവത്തെ കൂടുതലായി മഹത്വപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ.

നിയമജ്ഞരുമായുള്ള യേശുവിന്റെ തർക്കവും തുടർന്നുള്ള യേശുവിന്റെ വാക്കുകളും പ്രവൃത്തിയും യേശുവിന്റെ ആധികാരികതയെ വെളിപ്പെടുത്തുന്നു. "ഭൂമിയിൽ പാപങ്ങൾ ക്ഷമിക്കുവാൻ മനുഷ്യപുത്രന് അധികാരമുണ്ടെന്ന് നിങ്ങൾ അറിയേണ്ടതിന് ഞാൻ നിന്നോട് പറയുന്നു, എഴുന്നേറ്റ് നിന്റെ കിടക്കയുമെടുത്ത് വീട്ടിലേക്ക് പോവുക" എന്ന യേശുവിന്റെ വാക്കുകൾ പാപങ്ങൾ ക്ഷമിക്കുവാൻ ദൈവത്തിനു മാത്രമെ അധികാരമുള്ളൂ എന്ന് സ്ഥിരീകരിക്കുകയാണ്. പാപം മോചിച്ച് ജനത്തെ വിശുദ്ധീകരിച്ച് രക്ഷയിലേക്ക് നയിക്കാനുള്ള യേശുവിന്റെ അധികാരവും കഴിവും കരുണാർദ്രസ്നേഹവും ഇവിടെ വെളിപ്പെടുകയാണ്.

യേശുവിൽ രക്ഷകനെയോ ദൈവികത്വത്തെയോ അംഗീകരിക്കാൻ തയ്യാറാകാത്ത നിയമജ്ഞർ തങ്ങളുടെ ഹൃദയം കഠിനമാക്കുമ്പോൾ ദൈവസാന്നിദ്ധ്യത്തിന്റെ മുമ്പിൽ ഭയഭക്തിയോടെ നിൽക്കുന്ന ജനക്കൂട്ടത്തെയാണ് നാം കാണുന്നത്. ദൈവസന്നിധിയിൽ താഴ്മയോടെ നിൽക്കുന്നവരിലേക്കാണ് ദൈവകൃപ വർഷിക്കപ്പെടുന്നത്.

നാലു മനോഭാവക്കാരെയാണ് നാമിവിടെ കാണുന്നത്. തളർവാതരോഗി, അവനെ കൊണ്ടുവന്നവർ, നിയമജ്ഞർ, ജനക്കൂട്ടം. തളർവാതരോഗിയെപ്പോലെ നിർജീവമായിരിക്കുകയാണോ നമ്മുടെ വിശ്വാസം? തളർവാതരോഗിയെ യേശുവിന്റെ അടുക്കൽ എത്തിച്ചവരുടെ ഉറച്ചവിശ്വാസം നമുക്കുണ്ടോ? ദൈവത്വത്തെ അംഗീകരിക്കാത്ത നിയമജ്ഞരാണോ നാം. ദൈവികഅത്ഭുതങ്ങൾ കണ്ട് അനുദിനജീവിതത്തിൽ ജനക്കൂട്ടത്തെപ്പോലെ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നമുക്ക് സാധിക്കുന്നുണ്ടോ?

ഈ നോമ്പുകാലത്ത് നമുക്ക് നമ്മിലേക്കു തന്നെ ശ്രദ്ധ തിരിക്കാം. ദൈവസ്നേഹം അനുഭവിച്ചറിഞ്ഞ് പങ്കുവയ്ക്കുന്നവരായി നമുക്ക് മാറാം. ദൈവിക നിലപാടുകൾക്ക് മുമ്പിൽ താഴ്മയുള്ളവരാകാം. എല്ലാറ്റിലും എവിടെയും ദൈവമഹത്വം ദർശിക്കാം. അങ്ങനെ നമ്മെ സമീപിക്കുന്ന എല്ലാവരെയും യേശുവിന്റെ മുഖപ്രകാശത്തിലേക്ക് നയിച്ച് വിശുദ്ധീകരിക്കാം.

*ഫാ. ജോസഫ് കരിപ്പായിൽ*

## ഫെബ്രുവരി 28
## ക്നാനയ്ത്തോ ഞായർ മത്താ. 15:21 – 28

"ഞാൻ വന്നിരിക്കുന്നത് അടിച്ചമർത്തപ്പെട്ടിരിക്കുന്നവർക്ക് സ്വാതന്ത്ര്യവും ബന്ധിതർക്ക് മോചനവും കർത്താവിനു സ്വീകാര്യമായ വത്സരം പ്രസംഗിക്കാനുമാണ്."

മിശിഹായിൽ സ്നേഹം നിറഞ്ഞവരെ ഇത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നയപ്രഖ്യാപനമായിരുന്നു. തന്റെ പരസ്യജീവിതം ആരംഭിച്ചപ്പോൾ സിനഗോഗിൽവച്ച് യേശുതമ്പുരാൻ പ്രഖ്യാപിച്ചതാണ് ഇത്. ആഴവും ദൃഢവുമായ ദൈവവിശ്വാസം വർണവർഗവ്യത്യാസമെന്യേ ദൈവാനുഗ്രഹം നേടിത്തരുമെന്നും യഹൂദർ എല്ലാവരാലും വെറുക്കപ്പെട്ടിരുന്നു എന്നും കാനാൻകാർ ഉപേക്ഷിക്കപ്പെട്ടവരല്ലെന്നും അവരും ദൈവത്തിന്റെ ജനമാണെന്നും, കാനാൻകാരിയുടെ വിശ്വാസം കണ്ടറിഞ്ഞ് അവളുടെ മകളെ സുഖപ്പെടുത്തുന്ന ഈ ഭാഗത്തിലൂടെ യേശു നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇന്നത്തെ സുവിശേഷഭാഗം യഥാർത്ഥത്തിൽ വരേണ്യർ എന്ന് സ്വയം വിശ്വസിക്കുകയും, അതിനെപ്പറ്റി അഹങ്കരിക്കുകയും ചെയ്തിരുന്ന യഹൂദർക്കുള്ള ഒരു നല്ല മറുപടി ആയിരുന്നു. അധരംകൊണ്ട് ദൈവത്തെ ബഹുമാനിക്കുകയും ഹൃദയത്തിൽ ദൈവത്തിന് ഇടം നൽകാതിരിക്കുകയും ചെയ്ത യഹൂദസമൂഹത്തിനും, മതനേതൃത്വത്തിനും നേരെയുള്ള ഒരു ചോദ്യശരം കൂടിയായിരുന്നു യേശുവിന്റെ ഈ അത്ഭുതം. അവരുടെ കാപട്യം വ്യക്തമാക്കാൻ യേശു ശ്രമിക്കുകയാണ്. വിശ്വാസജീവിതത്തിൽ ഒരുവന്റെ യോഗ്യത നിർണ്ണ

യിക്കുന്നത് അവന്റെ ജനനസ്ഥലമോ, അവന്റെ മാതാപിതാക്കളോ, അവരുടെ ജാതിയോ, തൊലിയുടെ നിറമോ ഒന്നുമല്ല. മറിച്ച്, അവന്റെ യോഗ്യത നിർണ്ണയിക്കുന്നത് ദൈവമാണ്.


ദൈവത്തിന്റെ മുമ്പിൽ വേർതിരിവുകൾക്ക് സ്ഥാനമില്ല. മതത്തിന്റെയും സ്ഥലത്തിന്റെയും നിറത്തിന്റെയും പേരിൽ മനുഷ്യർ ഉയർത്തുന്ന മതിൽക്കെട്ടുകൾ പൊളിച്ചുകളയുവാൻ ഈശോ ആവശ്യപ്പെടുകയാണ്. പകരം ജീവിക്കുന്ന, പ്രവൃത്തിയിൽ കൊണ്ടുവരുന്ന, പ്രവർത്തനാധിഷ്ഠിതമായ വിശ്വാസത്തിന് സ്ഥാനം കൊടുക്കുവാൻ ഈശോ ആവശ്യപ്പെട്ടിടുന്നു. വാക്കുകൾ ആവർത്തിക്കുന്നതും പ്രാർത്ഥനയിൽ മുടക്കമില്ലാതെ ചൊല്ലുന്നതും മാത്രമാണ് വിശ്വാസജീവിതമെന്ന് തെറ്റിദ്ധരിക്കരുത്. ദൈവത്തിന്റെ വചനത്തോട് ക്രിയാത്മകമായി പ്രതികരിച്ച് നമ്മുടെ ജീവിതത്തിന്റെ പ്രവൃത്തികൾ അതിനനുസരിച്ച് ക്രമീകരിക്കുന്നതാണ് യഥാർത്ഥ വിശ്വാസം എന്ന് പറയുന്നത്.

യേശുവിന്റെ മുമ്പിൽ അഭ്യർത്ഥന നടത്തുന്ന ആരെയും വെറുംകൈയോടെ തിരിച്ചയയ്ക്കുന്നതായി നാം കാണുന്നില്ല. എല്ലാവർക്കും അനുഗ്രഹങ്ങൾ നൽകിയാണ് യേശു മടക്കി അയയ്ക്കുന്നത്. ദൈവത്തിന്റെ മുൻപിൽ ആരെയും മാറ്റിനിർത്താനോ തടയാനോ സാധിക്കുകയില്ല. പക്ഷേ ഒരുകാര്യം നാം വിസ്മരിക്കരുത്. അതായത് യേശുവിന്റെ മുൻപിൽ അപേക്ഷയുമായി എത്തിയ കാനാൻകാരിക്ക് ചോദ്യങ്ങൾ നേരിടേണ്ടി വന്നു, പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കേണ്ടി വന്നു. പക്ഷേ ഈ പ്രതിസന്ധികളെ അവഗണിക്കാൻ അവളുടെ വിശ്വാസതീക്ഷ്ണത അവളെ ശക്തയാക്കി. പാറമേൽ അടിസ്ഥാനമിട്ട് പണിത ഭവനം ശക്തമായ കാറ്റിനെയും വെള്ളപ്പൊക്കത്തെയും അതിജീവിച്ച് നിൽക്കുന്നതുപോലെ, അവഗണനകളിലും പ്രതിസന്ധികളിലും ഉറച്ചു നിൽക്കുവാൻ അവൾക്ക് സാധിച്ചു. അത് അവൾക്ക് അനുഗ്രഹങ്ങൾ നേടിക്കൊടുത്തു.

ശിഷ്യന്മാരുടെ എതിർപ്പുകൾ അവഗണിച്ചും അവൾ ക്രിസ്തുവിനെ പിന്തുടർന്നു. വിശ്വാസജീവിതത്തിൽ പ്രതിസന്ധികൾ കടന്നുവരാം. അവഗണനയും പരിഹാസവും നമുക്ക് ഏൽക്കേണ്ടിവന്നേക്കാം. പക്ഷേ അവയെല്ലാം നമ്മുടെ വിശ്വാസത്തെ കൂടുതൽ ശക്തമാക്കും. കാരണം കൂടാതെ ആർക്കും ദൈവത്തെ സമീപിക്കാൻ സാദ്ധ്യമല്ല. തെരഞ്ഞെടുക്കപ്പെട്ടവർക്ക് എന്നതുപോലെ, വിജാതീയർക്കും ദൈവം പരി. ആത്മാവിനെ പകർന്നു നൽകിയിട്ടുണ്ട്. ആ പരി. ആത്മാവിനെ ജീവിതത്തിലെ പ്രവർത്തനങ്ങൾ പ്രകടമാക്കുക എന്നുള്ളതാണ് പ്രധാനം. അത് വെറുതെ മതാനുഷ്ഠാനങ്ങളിൽ ഒതുക്കി നിർത്തിയാൽ മാത്രം പോരാ മറിച്ച്, അത് നമ്മുടെ വ്യക്തിബന്ധങ്ങളിലേക്കും ദൈനംദിന ജീവിതങ്ങളിലേക്കും കൊണ്ടുവരണം. ഹൃദയങ്ങളെ പരിശോധിക്കുന്നവനാണ് നമ്മുടെ കർത്താവ്. അവൻ നോക്കുന്നത് വെറുതെ നമ്മുടെ ബാഹ്യമോടികളോ, ബാഹ്യമായ പ്രവർത്തനങ്ങളെയോ അല്ല. മറിച്ച്, നമ്മുടെ പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളെയാണ്.

പ്രിയപ്പെട്ട സഹോദരങ്ങളെ, വിശ്വാസത്തെ മുറുകെപ്പിടിച്ച് കാനാൻകാരി സ്ത്രീ പ്രതിസന്ധികളെ തരണം ചെയ്ത് അനുഗ്രഹം പ്രാപിച്ചതുപോലെ അനുഗ്രഹീതമായ ഈ നോമ്പുകാലത്ത് നമ്മുടെ വിശ്വാസത്തെ ഒന്നുകൂടി ശക്തിപ്പെടുത്താൻ കൃപ ചെയ്യണമേ എന്ന് ഈശോയോട് നമുക്ക് പ്രാർത്ഥിക്കാം.

●



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി നെടുമ്പ്രം**

**രണ്ടാം ചരമവാർഷികം**

05 – 02 – 2016



**മേരിക്കുട്ടി ദാനിയേൽ**

**(പൊടിയമ്മ)(54)**

**വയക്കരക്കാലായിൽ (അഴകത്ത്)**

**പുല്ലാട്**

**മരിക്കാത്ത ഓർമ്മകളുമായി**

**കുടുംബാംഗങ്ങൾ**

## ഉള്ളതു പറഞ്ഞാൽ...



# അസഹിഷ്ണുത



ഓരോ കാലഘട്ടത്തിലും ഓരോ വാക്കുകൾ "ഹിറ്റ്" ആകാറുണ്ട്. ഇപ്പോൾ അസഹിഷ്ണുത എന്നതാണ് ഹിറ്റ്. കവലകളിൽ പ്രസംഗങ്ങൾ കലക്കുകയാണ്. അല്ല മാഷേ? എന്തോന്നാ ഈ അസഹിഷ്ണുത.... വല്ല കടയിലും വാങ്ങാൻ കിട്ടുന്ന സാധനമാണോ....ഗുജറാത്തിൽ ഉണ്ട്... ബോംബയിൽ വന്നു തുടങ്ങി. കേരളത്തിൽ ആരോ ഈ സാധനം ഉണ്ടാക്കുന്നുണ്ട്. പക്ഷേ ഞാൻ എങ്ങും കണ്ടിട്ടില്ല. എട്ടും പൊട്ടും തിരിയാത്ത ബാലന്റെ നിഷ്കളങ്കമായ ചോദ്യം കേട്ട് എന്റെ ബാല്യം പകച്ചു പോയി. ശരിക്കും പറഞ്ഞാൽ പാവം രാഷ്ട്രീയക്കാരുടെയും പാർട്ടികളുടെയും തലയിൽ 'അസഹിഷ്ണുത' കെട്ടിവച്ച് കൈയൊഴിയുകയാണ് നമ്മൾ ഓരോരുത്തരും, ബീഫ് കഴിക്കാൻ സമ്മതിക്കാത്തതും, രാഷ്ട്രീയ പ്രസംഗം നടത്തുമ്പോൾ തല്ലിയോടിക്കുന്നതും, പ്രധാനമന്ത്രി പ്രതികരിക്കാത്തതും മാത്രമല്ല ഈ സാധനം എന്ന് ചുരുക്കം.

കാറിൽ യാത്ര ചെയ്യുമ്പോൾ വലത്തോട്ട് ഒന്ന് തിരിയണം, ഇൻഡിക്കേറ്ററും ഇടും. പക്ഷേ എതിരേ വരുന്ന കാറുകാരന് ആ സമയം ബ്രേക്ക് എവിടാണ് എന്ന് അറിയില്ല. ധൃതി അന്നേരം കൂടും. ഒന്ന് ചവിട്ടിക്കൊടുത്താൽ ഇൻഡിക്കേറ്റർ ഇട്ടവൻ അങ്ങ് കയറിപ്പോകും, ബ്ലോക്കും ഒഴിവാകും, പക്ഷേ ചെയ്യില്ല.... കാരണം അസഹിഷ്ണുത.

പള്ളിയിലെ ക്വയറിൽ ഒരുപാട് പേർ പാടുന്നുണ്ട്. പക്ഷേ ആ കൂട്ടത്തിൽ എന്റെ മകളുടെ മൈക്കിന് ശകലം ശബ്ദം കൂട്ടിവെയ്ക്കണം.... മറ്റുള്ളവരുടെ ശബ്ദത്തേക്കാൾ അവളുടെ ശബ്ദം കേൾക്കണം 'പ്രമാണി' തന്തയ്ക്ക്.... ഇതും ഈ പറഞ്ഞ അസഹിഷ്ണുത തന്നെ.

നല്ല തിരക്കുള്ള ട്രെയിൻ നീണ്ട് നിവർന്ന് കാല് വിരിച്ചു വച്ചങ്ങ് ഇരിക്കും... ഒന്നടുപ്പിച്ചാൽ.... അടുത്ത് ഒരാൾക്ക് കൂടി ഇരിക്കാം... പക്ഷേ ചെയ്യില്ല കാരണം റെയിൽവേ എനിക്ക് സ്ത്രീധനം കിട്ടിയ സ്വത്താണ്. അല്ലെങ്കിൽ ഞാൻ നേര ത്തെ വന്ന് സീറ്റ് പിടിച്ചതല്ലേ.... ഇതും അസഹിഷ്ണുത.

'പരസ്യം പതിക്കരുത്' എന്നെഴുതി പതിക്കും അവിടെ ത്തന്നെ 'ക്യൂ' നിൽക്കുക എന്നെഴുതിവച്ച 'ക്യൂ' തെറ്റിക്കും 'ഈ വഴി ഗതാഗതം നിരോധിച്ചിരിക്കുന്നു' എന്നെഴുതിയാൽ പിന്നേം കുറേ ദൂരം പോകും. അവസാനം കണ്ടു ബോധ്യപ്പെടുമ്പോൾ തിരിച്ച് വരും.... തുടങ്ങി.... ചെയ്യുന്നതെല്ലാം അസഹിഷ്ണുതയാണ്... പക്ഷേ, പാവം കുറ്റമെല്ലാം കുറെ രാഷ്ട്രീയ 'ജോലി' ക്കാർക്കും.



**അഡ്വ. വിനോദ് മാത്യു വിൽസൺ**

SINUSITIS

# സൈനസൈറ്റിസ്




**എലിസബേത്ത് സി. കുര്യൻ**
സ്റ്റാഫ് നേഴ്സ്, പുഷ്പഗിരി മെഡിക്കൽ കോളജ്


അന്തരീക്ഷമലിനീകരണവും അലർജിയും സൈനസൈറ്റിസ് രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതിനിടയാക്കി. വിട്ടുമാറാത്ത മൂക്കടപ്പും മൂക്കൊലിപ്പും തലവേദനയും തുമ്മലുമൊക്കെ ശല്യക്കാരനായിത്തീരുമ്പോഴാണ് സൈനസൈറ്റിസ് രോഗത്തെക്കുറിച്ച് രോഗി ബോധവാനാകുന്നത്.

മൂക്കിനുള്ളിൽ ഇരുവശത്തും നെറ്റിയിലുമുള്ള വായുഅറകളാണ് സൈനസ്. ഈ അറകളിലെ ശ്ലേഷ്മ പടത്തിലുണ്ടാകുന്ന അണുബാധയ്ക്കും വീക്കത്തിനുമാണ് സൈനസൈറ്റിസ് എന്നുപറയുന്നത്. സൈനസൈറ്റിസ് പ്രധാനമായും രണ്ടു വിധത്തിൽ ഉണ്ട്.

1. ഹ്രസ്വകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസ്
2. ദീർഘകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസ്

1. ഹ്രസ്വകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസ് – ഇത് കുറച്ചു ദിവസം മാത്രമേ നീണ്ടുനിൽക്കാറുള്ളൂ. അതായത് 5–7 ദിവസം വരെ. ഈ രോഗം കണ്ടുവരുന്നത് പ്രധാനമായും ശ്വാസകോശസംബന്ധമായ എന്തെങ്കിലും ബുദ്ധിമുട്ടുള്ളവരിൽ, നീന്തൽ നടത്തുന്നവരിൽ, പല്ല് എടുത്തവരിൽ ഒക്കെയാണ്. ഈ ബുദ്ധിമുട്ടുകൾ സൈനസിൽ നീര് കെട്ടുന്നതിനും മൂക്കിൽ നിന്ന് ദ്രവം ഉല്പാദിപ്പിക്കപ്പെടുന്നിനും കാരണമാകുന്നു.

2. ദീർഘകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസ് – ഇത് മൂന്ന് ആഴ്ചയിൽ കൂടുതൽ നീണ്ടുനിൽക്കുന്നു. അതുപോലെ തന്നെ ഇത് പ്രധാനമായും കണ്ടുവരുന്നത് മൂക്കിൽ ദശവളരുന്ന രോഗമുള്ളവരിലും ഏതെങ്കിലും വിധത്തിലുള്ള അലർജിയുള്ളവരിലും ആണ്. ഹ്രസ്വകാല സൈനസൈറ്റിസ് ചികിത്സിച്ചു ഭേദമാക്കിയില്ലെങ്കിൽ അത് ദീർഘകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസിലേക്ക് കടന്നുകയറാൻ ഏറെ സാദ്ധ്യതയുണ്ട്.

## നാലുതരം സൈനസുകൾ

1. **ഫ്രണ്ടൽ സൈനസ്** – കണ്ണിനും മൂക്കിനും ഇടയിലായി നാലുതരം അറകളാണുള്ളത്. കണ്ണിനു മുകളിലായുള്ളത് ഫ്രണ്ടൽ. ഇവ കണ്ണിന്റെയും മസ്തിഷ്കത്തിന്റെയും അടുത്ത് സ്ഥിതിചെയ്യുന്നു. രാവിലെ മുതൽ ഉച്ചവരെ ശക്തിയായ തലവേദനയാണ് ഫ്രണ്ടൽ സൈനസിന്റെ പ്രത്യേകത.

2. **മാക്സിലറി സൈനസ്** – മാക്സിലറി സൈനസ് കണ്ണിന്റെ താഴെയുള്ളവയാണ്. മാക്സിലറി സൈനസിൽ ആണ് അണുബാധയെങ്കിൽ കവിളെല്ലിന്റെ ഭാഗത്തും മുകൾ ഭാഗത്തെ പല്ലുകൾക്കും വേദന വരാം.

3. **എത്മോയ്ഡ് സൈനസ്** – കണ്ണിനും മൂക്കിനും ഇടയിലുള്ളതിനെ എത്മോയ്ഡ് സൈനസ് എന്നുപറയുന്നു. എത്മോയിഡൽ സൈനസാണെങ്കിൽ കണ്ണുകൾക്കിടയിൽ വേദനയുണ്ടാകാം. കണ്ണുകൾ അനക്കുമ്പോൾ വേദന കൂടുതലായിരിക്കാം.

4. **സ്ഫിനോയ്ഡ് സൈനസ്** – എത്മോയിഡൽ സൈനസിനു പുറകിലായുള്ളതിനെ സ്ഫിനോയ്ഡ് സൈനസ് എന്നുപറയുന്നു. ഈ സൈനസുകളെല്ലാം മൂക്കിനകത്തേക്കു ചെറിയ ചാനലുകൾ വഴിയാണ് തുറക്കുന്നത്. കോശങ്ങൾ ഉല്പാദിപ്പിക്കുന്ന കഫം സാധാരണ മൂക്കിലൂടെയും വായിലൂടെയുമാണ് പുറത്തുപോകുന്നത്. എന്തെങ്കിലും കാരണവശാൽ ഇതിന് തടസം നേരിടുമ്പോൾ കഫം കെട്ടിക്കിടക്കുകയും പഴുത്ത് അണുബാധയും നീർക്കെട്ടും ഉണ്ടാകുകയും ചെയ്യുന്നു. സാധാരണയായി രാവിലെയാണ് സൈനസൈറ്റിസിന്റെ വേദന കൂടുതലായി അനുഭവപ്പെടുന്നത്. തല അനക്കുമ്പോഴും സംസാരിക്കുമ്പോഴും ചുമയ്ക്കുമ്പോഴുമെല്ലാം വേദനയുടെ തോത് വർദ്ധിക്കാം. അണുബാധയുടെ തുടക്കത്തിൽ പനി ഉണ്ടാകുന്നതും സ്വാഭാവികമാണ്.

## കാരണങ്ങൾ

അന്തരീക്ഷ മലിനീകരണവും ശക്തമായ ചൂടും തണുപ്പുമെല്ലാം ആണ് സാധാരണയായി സൈനസൈറ്റിസിനു കാരണമാകുന്നത്. ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ രോഗികളുടെ എണ്ണത്തിൽ പ്രകടമായ വർദ്ധനവുണ്ടാകുന്നതിന് ഇടയാക്കിയിട്ടുണ്ട്.

പൊടിപടലം മൂലമുണ്ടാകുന്ന അലർജി, തലയിൽ പുരട്ടാൻ ഉപയോഗിക്കുന്ന എണ്ണകൾ, ലേപനങ്ങൾ, ഫംഗസ് ബാധ, ചെവി,

തൊണ്ട, ദന്തങ്ങൾ എന്നിവയിലുണ്ടാകുന്ന അണുബാധ, മൂക്കിന്റെ പാലത്തിനുണ്ടാകുന്ന വളവ്, മൂക്കിന്റെ ദ്വാരം ചെറുതായിരിക്കുക, കുട്ടികളിലെ അഡിനോയ്ഡ്സ് എന്നിവ സൈനസൈറ്റിസിന് കാരണമാകുന്നു.

## രോഗലക്ഷണങ്ങൾ

മൂക്കിനകത്തെ ശ്ലേഷ്മസ്തരത്തിൽ ഉണ്ടാകുന്ന നീർക്കെട്ടാണ് രോഗത്തിന്റെ ആദ്യലക്ഷണം. ഇത് മൂക്കടപ്പും മണം അറിയുന്നതിന് തടസവും ഉണ്ടാക്കുന്നു. അണുബാധയുണ്ടാകുന്നതോടെ മൂക്കൊലിപ്പ് ആരംഭിക്കും. വെള്ളം പോലെയാണ് ആദ്യം ഇത് തുടങ്ങുന്നതെങ്കിലും കഫത്തിന് കട്ടികൂടുന്നതോടെ മഞ്ഞ നിറമാകുകയും സൈനസുകൾ അടഞ്ഞുപോകുകയും കഫം കെട്ടിക്കിടക്കുകയും ചെയ്യും. ഇത് തലവേദനയ്ക്കും മുഖപേശികളിൽ ഭാരവും വേദനയും അനുഭവപ്പെടുന്നതിനും കാരണമാകുന്നു. ഏതു സൈനസിൽ ആണ് അണുബാധ വരുന്നത്, അതനുസരിച്ച് വേദനയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാം.

## സ്ത്രീകളിൽ കൂടുതൽ

അറുപതു ശതമാനം ആളുകളിലും സൈനസൈറ്റിസിന്റെ ലക്ഷണങ്ങൾ പ്രകടമാണെന്ന് അടുത്തിടെ നടത്തിയ ചില നിരീക്ഷണങ്ങളിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ കൂടുതലും സ്ത്രീകളാണ്. അടുക്കളയിലും മറ്റും ചൂടുകൂടിയ സാഹചര്യങ്ങളിലും സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്നത് ഇതിനു കാരണമായി ചൂണ്ടിക്കാണിക്കുന്നു. തലയും ശരീരവും അമിതമായി വിയർക്കുന്നവരിൽ സൈനസൈറ്റിസിനുള്ള സാദ്ധ്യത കൂടുതലാണ്. പ്രായമായവരെ മാത്രമല്ല, ചെറിയ കുട്ടികളെയും സൈനസൈറ്റിസ് പിടികൂടാം. മാക്സിലറി സൈനസൈറ്റിസും എത്മോയിഡൽ സൈനസൈറ്റിസുമാണ് കുട്ടികളിൽ കൂടുതലായി കണ്ടുവരുന്നത്. ഹെൽമറ്റ് ഉപയോഗിക്കുന്നവരിലും സൈനസൈറ്റിസ് പിടിപെടാനുള്ള സാദ്ധ്യതയുണ്ട്. ഇതിനെ 'വാക്വം ഹെഡ് ഏക്' എന്നാണ് പറയുന്നത്. തലയ്ക്കുചുറ്റും വായു കെട്ടി നിൽക്കുന്നതാണ് കാരണം.



## ഹ്രസ്വകാല സൈനസൈറ്റിസിന്റെ ലക്ഷണങ്ങൾ

ഏത് സൈനസിനെയാണോ ബാധിച്ചത് ആ സൈനസിൽ ശക്തമായ വേദന ഉണ്ടാകുക. നേസൽ ഡിസ്ചാർജ്, പനി, അസ്വസ്ഥത, രോഗിക്ക് ഭയങ്കരമായ ക്ഷീണം അനുഭവപ്പെടുക, മൂക്കടപ്പ് (Congestion Nasal obstration). ദീർഘകാല സൈനസൈറ്റിസിന്റെ ലക്ഷണങ്ങ ളാണ് വേദന, പല്ലുവേദന, മണം അറിയാൻ ബുദ്ധിമുട്ട്, മുക്കടപ്പ് തുടങ്ങിയവ.

## ഇവിടെ നല്കുന്ന പരിശോധനകൾ

1. എക്സ്റേ,
2. കംപ്യൂട്ടഡ് റ്റോമോഗ്രഫി (CT),
3. Nasal Endoscopy.

സി.ടി. സ്കാനിൽകൂടി നമുക്ക് സൈനസിൽ ദ്രവം തിങ്ങിനിൽക്കുന്നത് കാണുവാൻ സാധിക്കും.

## ചികിത്സ – ഹ്രസ്വകാല സൈനസൈറ്റിസ്

ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ആന്റിബയോട്ടിക് മരുന്നുകൾ ഉപയോഗിക്കുന്നതിലൂടെ അക്യൂട്ട് സൈനസൈറ്റിസിനെ ചെറുത്ത് നിർത്തുവാൻ സഹായിക്കും.

## ദീർഘകാലം നീണ്ടുനിൽക്കുന്ന സൈനസൈറ്റിസ്

1. ആന്റിബയോട്ടിക്ക് തെറാപ്പി – ബ്രോഡ് സ്പെക്ട്രം ആന്റിബയോട്ടിക്കുകൾ.
2. കോർട്ടിക്കോ സ്റ്റിറോയ്ഡ് (nasal)
3. റ്റോപിക്കൽ ഡികൺജസ്റ്റന്റ്സ്
4. ആന്റി ഹിസ്റ്റാമിൻസ്
5. നേസൽ സ്പ്രേ – (ദിവസത്തിൽ 3 തുള്ളി വീതം രാവിലെയും ഉച്ചയ്ക്കും വൈകിട്ടും മൂക്കിൽ ഒഴിക്കുന്നത് നല്ലതായിരിക്കും). എന്നിവയാണ് പ്രത്യേക ചികിത്സാ രീതികൾ.
6. **ശസ്ത്രക്രിയ** – ശസ്ത്രക്രിയ വളരെ അപൂർവ്വമായി മാത്രമേ ചെയ്യാറുള്ളൂ. മരുന്നുകൾ കഴിച്ചിട്ടും രോഗം മാറുന്നില്ലെങ്കിൽ ശസ്ത്രക്രിയ വഴി നമുക്ക് സൈനസൈറ്റിസ് ഇല്ലാതാക്കാൻ സാധിക്കും. നിലവിലുള്ള ശസ്ത്രക്രിയാണ് നേസൽ എൻഡോസ്കോപ്പി സർജറി.

## നേസൽ ലായനി എങ്ങനെ ഉണ്ടാക്കാം?

ഒരു ഗ്ലാസ് വെള്ളത്തിൽ കാൽ ടീസ്പൂൺ ഉപ്പ് ഇട്ട് അതിൽ ഒരു പിഞ്ച് ബേക്കിംഗ് സോഡായുംകൂടി ചേർത്ത് നന്നായി ഇളക്കിയശേഷം ഈ മിശ്രിതം സ്പ്രേ ബോട്ടിലിലേക്ക് ഒഴിക്കുക. അങ്ങനെ നമുക്ക് നമ്മുടെ വീടുകളിൽ തന്നെ സൈലൻ സൊല്യൂഷൻ ഉണ്ടാക്കാൻ സാധിക്കും.



# ഐക്യദീപം പരസ്യ നിരക്കുകൾ




വായിക്കുക! വരിക്കാരാവുക!

## ഐക്യദീപം മാസിക


ജീവിതത്തിലെ അവിസ്മരണീയ ദിനങ്ങളിൽ നിങ്ങളോടൊപ്പം പങ്കുചേരുവാൻ ഐക്യദീപം ആഗ്രഹിക്കുന്നു. വിവാഹം, മാമോദീസ, ആദ്യ കുർബാന സ്വീകരണം, എന്നീ ആനന്ദനിമിഷങ്ങളും. മരണം, ഓർമ്മദിവസങ്ങൾ എന്നീ വ്യസനനിമിഷങ്ങളും ഐക്യദീപത്തിലൂടെ മിതമായ നിരക്കിൽ അറിയിക്കാവുന്നതാണ്. നിരക്കുകൾ ചുവടെ ചേർക്കുന്നു.




## ADVERTISEMENT TARIFF

| | |
|---|---|
| 1. Full page Back Cover Colour | Rs. 10,000 |
| 2. Full page Back inside Colour | Rs. 8000 |
| 3. Full Page Colour | Rs. 6000 |
| 4. Half page Colour | Rs. 3000 |
| 5. Quarter page colour | Rs. 1500 |
| 6. Full page Inside Black and White | Rs. 3500 |
| 7. Half page Black & White | Rs. 2000 |
| 8. Quarter page Black & White | Rs. 1000 |
| 9. Obituary | Rs. 500 |
| 10. Matrimonial | Rs. 500 |
| 11. Thanks giving prayer with photo | Rs. 500 |
| 12. Thanks giving prayer without photo | Rs. 300 |
| 13. Birthday Wishes (with passport size photo) | Rs. 300 |

| | |
|---|---|
| Lifelong Subscription (10 Years) | Rs. 2000 |
| Annual Subscription | Rs. 120 |
| Annual Subscription (outside India) | Rs. 2750 |



30-ാം ചരമവാർഷികം
(23.07.2016)

50-ാം ചരമവാർഷികം
(26.01.2016)



**അന്നമ്മ വർഗീസ്** **കൊച്ചുകുഞ്ഞ് വർഗീസ്**

**പകലോമറ്റം രാമനാലിൽ**

പ്ലാങ്കമൺ, അയിരൂർ

കർത്താവേ, നിൻ രക്തശരീരങ്ങൾ – കൈക്കൊണ്ട്
ഭക്തരതായി മരിച്ചോർക്കരുളണമേ – നല്ലോർമ്മ

നിന്റെ മഹത്ത്വമുദിക്കും – നാൾ
നില്ക്കണമവർ വലഭാ – ഗ – ത്തിൽ

സന്തപ്ത കുടുംബാംഗങ്ങൾ

## 50 – ാം വിവാഹ വർഷികം

'ഇത്രത്തോളം യഹോവ സഹായിച്ചു'



**K.T. Varghese & Saramma Varghese**

**Kollamparambil, Peringara**

പ്രാർത്ഥനാശംസകളോട്

കൊച്ചുമക്കൾ : ജെസ്മി, ജോസ്മി, ജെയിൻ, ജോയലിൻ, ജോആൻ


Date of Publication: 28-01-2016
Price ₹ 10/-

**AIKYADEEPAM MONTHLY**

Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822

**R.N.I. 35982/80**

**February 2016**




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*